# തുളസീരവം

ഓണപ്പതിപ്പ് — സെപ്റ്റംബർ 2024 —



പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ

# 2024 - ൽ ഡോ.കെ.ജി. അടിയോടി സ്മാരക എൻഡോവ്മെന്റിന് അർഹരായവർ

**SSLC | CBSE | ICSE**


അഭിജിത് എസ്. കൃഷ്ണൻ
S/o.സുഭാഷ് ചന്ദ്രൻ പി.കെ. [TVM]


അർഷാദ് റ്റി.
S/o.അഷറഫ് റ്റി. [MLP]


ആഷിക്ക് എസ്.
S/o.ഷാജു എസ്. [TVM]


ഗൗതം കൃഷ്ണ കെ. എസ്.
S/o.കൃഷ്ണകുമാർ ജി. & ശോഭ വി. [TVM]


ഹരിതരാജ് കെ.എ.
D/o.രാജലക്ഷ്മി കെ.എ. [KNR]


ഹിഷാം കെ. പി.
S/o.മുഹമ്മദ് അഷറഫ് കെ.പി. [MLP]


പാർവ്വതി അനിൽ
D/o.അനിൽ കെ. കുറുപ്പ് [TVM]


ഷജ ഫാത്തിമ
D/o.മുഹമ്മദലി പി.കെ. [WYD]


മെഹുൽ എൽ. നാസർ
S/o.ലാലിമ പി.എ. [KKD]


സാന്ദ്ര ഷാജി എസ്.
D/o.ഷാജി ബി. [TVM]

**PLUS TWO**


അമൽ സി. പീറ്റർ
S/o.പീറ്റർ ഷാജി സി.എ. [EKM]


അനന്തു അജയ്
S/o.ബിന്ദുസോജ സി. [TVM]


ഭദ്രവൈഗ
D/o.ഗായത്രിദേവി [TVM]


ദിയസോണി
D/o.ജെസ്റ്റി കെ. ജെ. [EKM]


നിഹാൽ മുഹമ്മദ് കെ.
S/o.കുഞ്ഞിമുഹമ്മദ് കെ. [MLP]


സ്റ്റെഫിമോൾ
D/o.വിജോയ് രാജ് എസ്. [MLP]


സൽമാ അൻസാരി
D/o.മുഹമ്മദ് അൻസാരി [KNR]

"വിജയത്തിന്റെ പടവുകൾ ഇനിയുമേറെ താണ്ടാൻ കഴിയുമാറാകട്ടെ..."


## പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ

# 35-ാമത് സംസ്ഥാന സമ്മേളനം

PSCEA

2024 ഒക്ടോബർ 9, 10 തീയതികളിൽ
ശിക്ഷക് സദൻ, തമ്പാനൂർ, തിരുവനന്തപുരം

പങ്കെടുക്കുക... വിജയിപ്പിക്കുക...

# തുളസീരവം

## പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ മുഖപത്രം

ഓണപ്പതിപ്പ്

സ്ഥാപിതം : 1989
രജി. നമ്പർ : 267/91
സെപ്റ്റംബർ 2024
പുസ്തകം : 12
ലക്കം : 2



**ചീഫ്എഡിറ്റർ**
ആൽബിൻരാജ് ഡി.എസ്.

**മാനേജിംഗ് എഡിറ്റർ**
അനിൽകുമാർ വി.എസ്.

**എഡിറ്റർമാർ**
സഞ്ജീവ് പി.എ.
സഞ്ജിത് വി.

**പത്രാധിപസമിതി അംഗങ്ങൾ**
സുഭാഷ്ചന്ദ്രൻ പി.കെ.
അജിത് കുമാർ എസ്.
പ്രദീപ്കുമാർ. ഐ.പി.
ഫ്രഞ്ചസ് ഡി.
ലളിത എസ്.
അനൂപ് വി. എസ്.
ശ്രീദേവ് എം.എസ്.
അനിൽകുമാർ വി.



**പി.എസ്.സി. എംപ്ലോയീസ് അസോസിയേഷനുവേണ്ടി ജനറൽ സെക്രട്ടറി അജിത് കുമാർ എസ്. പ്രസിദ്ധീകരിക്കുന്നത്**
**പി.എസ്.സി. ജീവനക്കാർക്ക് മാത്രം.**

**ഡി.റ്റി.പി**
സി.എസ്.ഐ.പി.എഫ്

**ലേഔട്ട് & പ്രിന്റിംഗ്**
ടൈം ഓഫ്സെറ്റ്



ലേഖകരുടെ അഭിപ്രായങ്ങൾ തുളസീരവത്തിന്റേത് ആയിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**കൃതാർത്ഥതയോടെ അതിലേറെ കൃതജ്ഞതയോടെ** ..... 6
രമേഷ് എം. തമ്പി

**ഇനിയും ഈ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കട്ടെ** ..... 9
അജിത്കുമാർ എസ്.

**ആ ചിരിയും മാഞ്ഞുപോയ്** ..... 12
ഫ്രഞ്ചസ് ഡി.

**ആത്മഘാതകന്റെ നീതിബോധനം** ..... 13
സഞ്ജിത് വി

**തിരംഗയുടെ കാവൽക്കാർ** ..... 14
ഷാനവാസ് ഇ.

**സംസ്ഥാന കൗൺസിലും യാത്രയയപ്പ് സമ്മേളനവും** ..... 19
ഷാനവാസ് എ. എസ്.

**അപൂർവ്വ സംഗമത്തിനു വേദിയായി പി.എസ്.സി** ..... 21
ജയസേനൻ എസ്.എസ്.

**അനന്തപുരിയുടെ സായാഹ്നങ്ങളിൽ** ..... 22
ജിതിൻജോസ്

**അന്ധകാരം** ..... 25
ഷാജി എ.

**ഓണനിലാവിന്റെ ഓർമ്മകളിൽ** ..... 26
ലളിത എസ്.

**ഒരല്പം അസർ ബൈജാൻ എടുക്കട്ടെ** ..... 33
രാജേഷ് കൃഷ്ണൻ

**സുഗന്ധി എന്ന ആണ്ടാൾ ദേവനായകി**
ആസ്വാദനക്കുറുപ്പ് ..... 36
അബ്ദുസ്സലാം വി.വി.

**ഗീത** ..... 39
ആനന്ദ് ശ്രീധരം

**പ്രവാസവും പ്രയാസങ്ങൾക്കും ഒടുവിൽ വില്ല നമ്പർ 3 ലേക്ക്** ..... 41
വി. ലോറൻസ്

**ബുക്ക് റിവ്യൂ** ..... 45
ബിജിൻ പി. ജേക്കബ്

**സമകാലിക രാഷ്ട്രീയവും കേരളവും** ..... 48
എ. കെ. സാദിക്

**ഒളിംപിക്സോണം** ..... 52
ശ്രീദേവ് എം.എസ്.

**കാകദൃഷ്ടി** ..... 53
പി.എസ്.സി.ഇ.എ.

EDITORIAL



# എഡിറ്റോറിയൽ

ഗതകാല സ്മരണകൾക്കൊപ്പം ഒരുമയുടെയും പൂവിളിപ്പാട്ടിന്റെയും ഊഞ്ഞാലാട്ടത്തിന്റെയും സുന്ദരമായ ഭാവി കാലത്തിന്റെ മനോഹര സ്വപ്നമാണ് ഓണം. പഴമയുടെ പാരമ്പര്യങ്ങൾ ഉൾക്കൊണ്ട് സന്തോഷവും സ്നേഹവും പങ്കിട്ടുകൊണ്ട് സമാധാനവും ശാന്തിയും പകരുന്ന സമഭാവനയുടെ സന്ദേശം പകരുന്നതാണ് ഓണം. കർക്കടകത്തിന്റെ ഇല്ലായ്മയിൽ നിന്നും ശൂന്യവൽക്കരിച്ച് പ്രജകളുടെ ക്ഷേമത്തിനുവേണ്ടി പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തപ്പെട്ട മഹാബലിയുടെ ജീവിതമൂല്യങ്ങളെ വരും തലമുറയിലേക്ക് പകർത്തുന്ന ഈ ഓണക്കാലത്ത് പ്രകൃതിയുടെ സംഹാരതാണ്ഡവത്തിൽ നമ്മുടെ കൺമുമ്പിൽ നിന്നും മാറ്റപ്പെട്ട കൊച്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള വയനാട്ടിലെ സഹോദരങ്ങൾക്കായി ഈ ഓണക്കാലം കരുതലിന്റെ കരുത്താക്കി മാറ്റാം വ്യത്യസ്ത നിറമുള്ള പൂക്കൾ കൊണ്ട് പൂക്കളങ്ങൾ മനോഹരമാക്കി തീർക്കുന്നതുപോലെ നമുക്കും വ്യത്യസ്ത പൂക്കൾ ആയി ഈ ഓണക്കാലത്തെ മനോഹരമാക്കി ഒരുമയോടെ മുന്നേറാം.

ദൈവത്തിന്റെ സ്വന്തം നാടായ കേരളം വർത്തമാന കാലഘട്ടത്തിൽ ദൈവത്തിന്റെ നാടല്ലാതായി മാറിയിരിക്കുന്നു. കേരള ചരിത്രത്തിൽ ആദ്യമായി കേരളത്തിന്റെ എല്ലാ മേഖലയിലും അഴിമതിയും സ്വജനപക്ഷപാതവും കൊലപാതകങ്ങളും ലഹരിയും കള്ളക്കടത്തും അധികാരവർഗ്ഗത്തിന്റെ തണലിൽ നടത്തുമ്പോൾ, മറുവശത്ത് സാംസ്കാരിക കേരളത്തിന്റെ സാംസ്കാരികമില്ലാത്ത അവസ്ഥയുടെ ഫലമായി കലയും സിനിമയും സമൂഹമധ്യേ കാമകേളിയുടെ കുത്തരങ്ങായി മാറിയിരിക്കുന്നു. ഇങ്ങനെ കേരളത്തിന്റെ സമസ്തമേഖലയും തകർത്തു തരിപ്പണമാക്കിയ ഈ സർക്കാർ കേരള ജനതയുടെ, കേരളക്കരയുടെ ശാപമായി മാറിക്കൊണ്ടേയിരിക്കുന്നു.

ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഏകാധിപതികളെയും ഏകാധിപതികളുടെ ജനാധിപത്യ ധ്വംസനങ്ങളെയും ജനങ്ങൾ തിരസ്കരിക്കുമെന്ന് കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിലൂടെ ഇന്ത്യയിലെയും കേരളത്തിലെയും ജനങ്ങൾ മനസ്സിലാക്കി കൊടുത്തു എന്നത് ജനാധിപത്യത്തിന്റെ വിജയമാണ്. ഈ വിജയത്തിലൂടെ ഇരുണ്ട

നാളുകളിൽ നിന്നും വെളിച്ചത്തിന്റെ പൊൻകിരണങ്ങൾ തെളിയിച്ച പ്രതിപക്ഷ നേതാവായ രാഹുൽ ഗാന്ധി പുതിയൊരു ഇന്ത്യയുടെ പ്രതീക്ഷയാണ്.

കാലാകാലങ്ങളിൽ സംഘടനാ രാഷ്ട്രീയ വ്യത്യാസമില്ലാതെ നടത്തിയ അവകാശ സമര പോരാട്ട ങ്ങളിലൂടെ നേടിയെടുത്തതാണ് സർക്കാർ ജീവനക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ എന്നാൽ കൺമുമ്പിൽ നിന്നും ഒരു മിന്നായം പോലെ ഇതെല്ലാം ഓരോ കാരണങ്ങൾ പറഞ്ഞ് ഇല്ലായ്മ ചെയ്തിരിക്കുകയാണ് ഈ സർക്കാർ. എന്നാൽ ഇവയെല്ലാം നഷ്ടപ്പെടുത്തിയപ്പോൾ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി മൗനം പാലിച്ചുനിന്ന ഭരണപക്ഷ സംഘടനക്കാർ ഓർക്കുക ഈ മൗനത്തിന് നിങ്ങൾ വിലനൽകേണ്ടുന്ന കാലം വിദൂരമല്ല. ജീവനക്കാരന് ജോലിക്ക് കൂലിയായി ലഭിക്കുന്ന ശമ്പളത്തെയും തട്ടിയെടുത്ത് ജീവനക്കാരെ പട്ടിണിയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്ന ഈ സർക്കാർ അവകാശ നിഷേധങ്ങൾക്കെതിരെ നടത്തുന്ന സമരങ്ങളെ മർക്കടമുഷ്ടിയും അധികാരവും ഉപയോഗിച്ച് അടിച്ചമർത്തി ഭരിക്കുന്നത് ജനാധിപ ത്യ സർക്കാരിന് ഭൂഷണമല്ല എന്ന കാര്യം മറക്കരുത്. ഈ ഇരുണ്ട യുഗത്തിന് ജീവനക്കാരും ജനങ്ങളും അന്ത്യം വരുത്തുക തന്നെ ചെയ്യും.

പി എസ് സിയെ സംബന്ധിച്ചിടത്തോളം പി.എസ്.സി. ജീവനക്കാരുടെ അവസ്ഥ ഇതിലും പരിതാപകരമാണ് സമയമെടുത്ത് ചെയ്യേണ്ട ജോലികളിൽ ടാർജറ്റുകൾ അടിച്ചേൽപ്പിച്ച് ആ ജോലികൾ ചെയ്യുമ്പോൾ പിഴവുകൾ സംഭവിച്ചാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്ന പ്രവണത നടമാടുന്നു. എന്നാൽ ഇതെല്ലാം സഹിച്ച് ജോലി ചെയ്താലും ജീവന ക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ചോദിക്കുവാനോ ജോലിഭാരത്തിനനുസൃതമായ തസ്തികകൾ നേടിയെടുക്കുവാനോ ഇക്കൂട്ടർക്ക് കഴിയുന്നില്ല. പരീക്ഷാ ഡ്യൂട്ടികൾക്ക് പോയാൽ TA മാറി എടുക്കാൻ പറ്റാത്ത അവസ്ഥയിൽ പി എസ് സി ജീവനക്കാരെ കൊണ്ടെത്തിച്ചിരിക്കുന്നു എന്നതാണ് ഇവരുടെ പ്രധാനനേട്ടം.

ഈ ഓണക്കാലത്ത് കേരളത്തിലെ എല്ലാ സർക്കാർ ഓഫിസിലെ ജീവനക്കാരും PSC യിലെ ജില്ലാ ഓഫീസിലെ ജീവനക്കാരും സദ്യ കഴിച്ചും പൂക്കളം ഇട്ടും ഓണം ആഘോഷിച്ചപ്പോൾ PSC ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് മാത്രം ആലോഷം നടത്താതിരിക്കുവാൻ വേണ്ടി ഓർഡർ എഴുതി വാങ്ങിക്കുവാൻ ധീരമായ നേതൃത്വം നൽകിയവരെ നിങ്ങൾ ആർക്കുവേണ്ടിയാണ് ഇത് ചെയ്തതെന്ന് ജീവനക്കാർക്ക് നന്നായി അറിയാം.

പി എസ് സി യിലെ ജീവനക്കാർ നേരിടുന്ന വിവിധങ്ങളായ വിഷയങ്ങൾ ഏറ്റെടുത്ത് അതിന് പരിഹാരം കാണുവാനും പ്രക്ഷോഭങ്ങളുമായി മുന്നിട്ടിറങ്ങുവാനും അസോസിയേഷനു മാത്രമേ സാധിക്കുകയുള്ളൂ എന്ന് ജീവനക്കാർ തിരിച്ചറിഞ്ഞിരിക്കുന്നു നഷ്ടപ്പെട്ട ഇന്നലെകൾക്കോ നൈമി ഷികമായ ഇന്നിനോ ഇല്ലാത്ത പ്രസക്തിയാണ് നാളെകൾക്ക്. സ്വപ്നം കാണാം ആ നല്ല നാളേക്കായി. എല്ലാ ജീവനക്കാർക്കും സ്നേഹാതുരമായ **ഓണാശംസകൾ**

*സ്നേഹത്തോടെ,*

**ആൽബിൻ രാജ് ഡി. എസ്.**
ചീഫ് എഡിറ്റർ






# കൃതാർത്ഥതയോടെ... അതിലേറെ കൃതജ്ഞതയോടെ...

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വയനാട് ജില്ലാ ഓഫീസിൽ നിന്നും 1991 ഒക്ടോബർ 22 ന് ആരംഭിച്ച ഔദ്യോഗിക ജീവിതം 33 വർഷം പിന്നിട്ട് 2024 മെയ് 31 ന് തിരുവനന്തപുരം പട്ടം പി.എസ്. സി ഓഫീസിൽ അവസാനിച്ചു. അത്രയും നാളത്തെ പൊക്കിൾ കൊടി ബന്ധം തന്നെയുണ്ട് പി.എസ്. സി എംപ്ലോയീസ് അസോസിയേഷൻ എന്ന സംഘടനയോട്. അറിയപ്പെടുന്ന കോൺഗ്രസ് കുടുംബത്തിൽ പിറന്നത് കൊണ്ട് തന്നെ ഇടതുപക്ഷ സർവീസ് സംഘടനകൾ എന്നെ അവരിലേക്ക് ആകർഷിക്കാൻ മുതിർന്നിട്ടില്ല. രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള കോൺഗ്രസ് വികാരം എന്നും എന്റെ പ്രവർത്തനങ്ങളിൽ മുന്നിട്ട് നിന്നിരുന്നു. വയനാടിന് ശേഷം എറണാകുളം പത്തനം തിട്ട, തൃശൂർ, കോട്ടയം ഓഫീസുകളിൽ സേവനം അനുഷ്ഠിച്ച കാലത്ത് ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുത്തു സംഘടനാ പ്രവർത്തനം നടത്തുന്ന ശൈലി ആണ് സ്വീകരിച്ചിരുന്നത്. പൊതുവെ നമ്മുടെ അംഗങ്ങൾ സംഘടനാ പ്രവർത്തനത്തിന് വിമുഖത കാണിക്കുന്ന രീതിയാണ് ഉള്ളത്. അതു കൊണ്ടുതന്നെ കോട്ടയം ഓഫീസിൽ ഓഫീസ് മേധാവി ആയിരുന്നപ്പോഴും സംഘടനയുടെ നോട്ടീസ് വിതരണം ചെയ്യാൻ എനിക്ക് മടി തോന്നിയിരുന്നില്ല.ഒരു പക്ഷെ അത്തരം പ്രവർത്തനങ്ങളുടെ ഫലമാകാം എന്നെ ഈ സംഘടനയുടെ നേതൃത്വത്തിൽ




എത്തിച്ചേരാൻ പ്രാപ്തനാക്കിയതും. 2016 ജൂൺ 8 ന് എന്റെ മുൻഗാമിയായ ശ്രീ. പി. സതീഷ് കുമാർ സാറിൽ നിന്നും സംഘടനയുടെ പ്രസിഡന്റ് സ്ഥാനം ഏൽക്കുമ്പോൾ യാതൊരു പരിചയവും അനുഭവ സമ്പത്തും എനിക്ക് ഉണ്ടായിരുന്നില്ല.ഒരു വശത്ത് സംഘടനയെ എങ്ങനെയും തകർക്കണമെന്നു വാശി പിടിച്ചു നിൽക്കുന്ന അഭിവന്ദ്യ ചെയർമാൻ ഡോ.കെ. എസ്.രാധാകൃഷ്ണൻ. സംഘടനയുടെ പൊതുവെ ഉള്ള മന്ദ ഗതി, പോരാത്തതിന് ഭരണപക്ഷ സംഘടനയായ യൂണിയന്റെ എതിർപ്പും എന്റെ പരിചയ കുറവും എല്ലാം കൂടി കടുത്ത വെല്ലുവിളി ഉയർത്തുന്ന സാഹചര്യം ആയിരുന്നു. പ്രതികൂല സാഹചര്യങ്ങളിലും എനിക്ക് പൂർണ്ണ പിന്തുണ നൽകിയത് അസോസിയേഷന്റെ നിസ്വാർത്ഥമായ പ്രവർത്തകരായിരുന്നു.അതിനു ശേഷം പുതിയ കമ്മീഷൻ ചെയർമാൻ അധികാരത്തിൽ വന്നപ്പോൾ സംഗതി കൂടുതൽ സങ്കീർണ്ണമാകുകയാണ് ഉണ്ടായത്. കമ്മീഷനിൽ നാമമാത്രമായ യു. ഡി. എഫ് അംഗങ്ങൾ കൂടി വിരമിച്ചപ്പോൾ, പൂർണ്ണമായും പ്രതിപക്ഷ സംഘടനയായി നമ്മൾ അവരോധിക്കപ്പെടുകയും നിരന്തരം വൈര നിര്യാതന ബുദ്ധിയോടെ കമ്മീഷൻ എനിക്ക് നേരെ വ്യക്തിപരമായി നീങ്ങുകയും ചെയ്ത കാലഘട്ടം ആയിരുന്നു അത്. ഈ ദുർഘട സന്ധികൾ തരണം ചെയ്യാൻ ആത്മബലം നൽകിയത് സംഘടനയോടുള്ള അചഞ്ചലമായ സ്നേഹവും ഒരു തരത്തിലും, സ്വന്തം തല പോയാലും ആരുടെയും മുന്നിൽ തല കുനിക്കില്ല എന്ന നിശ്ചയദാർഢ്യവും മാത്രം ആയിരുന്നു. അതു വിജയത്തിൽ എത്തിക്കാൻ സഹായിച്ചത് സ്നേഹനിധികൾ ആയ അസോസിയേഷൻ അംഗങ്ങളുടെ സ്നേഹനിർഭരമായ പിന്തുണ ഒന്ന് മാത്രമാണ് എന്ന് ഉറച്ചു വിശ്വസിക്കുന്നു. തികച്ചും പ്രതികൂലമായ സാഹചര്യത്തിൽ സംഘടനയുടെ മുന്നോട്ടുള്ള പ്രയാണം, അംഗങ്ങളുടെ സംരക്ഷണം അംഗത്വശേഖരണം എല്ലാം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഏതു പ്രതിസന്ധിയും നേരിടാൻ കഴിയും എന്ന ആത്മവിശ്വാസം നേടിയെടുക്കാൻ കഴിഞ്ഞ എട്ട് വർഷത്തെ പ്രവർത്തനം സംഘടനയെ പ്രാപ്തമാക്കി എന്നത് യാഥാർത്ഥ്യമാണ്. കൂടാതെ എന്തിനും തയ്യാറായി ചുറു ചുറുക്കുള്ള യുവാക്കളുടെയും യുവതികളുടെയും ഒരു നിര തന്നെ ഉദിച്ചുയർന്നു എന്നത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. ഇതിനെല്ലാം സമാന്തരമായി പി. എസ്. സി കൾച്ചറൽ ഫോറം, പി. എസ്. സി എംപ്ലോയീസ് അസോസിയേഷന്റെ സാംസ്കാരിക വിഭാഗം എന്നിവയുടെ രൂപീകരണം അതിന്റെ കൃത്യതയാർന്ന പ്രവർത്തനങ്ങൾ എന്നിവ സംഘടനയുടെ പ്രതിച്ഛായ തന്നെ മാറ്റി എഴുതുകയുണ്ടായി. 2016 ലും 2023 ലും ക്രമപ്രകാരം തിരുവനന്തപുരത്തും, എറണാകുളത്തും വച്ച് സംഘടിപ്പിച്ച നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടനാപ്രവർത്തനം കാര്യക്ഷമം ആക്കുവാൻ വളരെ സഹായമായി. എല്ലാ വർഷവും കൃത്യമായി സംസ്ഥാന സമ്മേളനം നടത്തി വരുന്ന ഏക പ്രതിപക്ഷ സർവീസ് സംഘടന എന്ന ഖ്യാതിയും നമുക്ക് നേടിയെടുക്കാൻ സാധിച്ചു എന്നത് ഏറെ അഭിമാനകരമാണ്. അതിലെല്ലാം ഉപരി അഭിപ്രായ വ്യത്യാസം ഇല്ലാതെ ഏറ്റവും




ദുർഘടമായ അവസ്ഥയിൽ സംഘടനയെ നയിക്കാനും, പ്രസിഡന്റും ജനറൽ സെക്രട്ടറിയും ഒരുമിച്ച് വന്നു കാര്യങ്ങൾ അവതരിപ്പിക്കുന്ന ഏക സംഘടന പി. എസ്. സി എംപ്ലോയീസ് അസോസിയേഷൻ ആണ് എന്ന് കെപിസിസി പ്രസിഡന്റ് തന്നെ ഒരവസരത്തിൽ പറഞ്ഞത് നമ്മുടെ സംഘടനയിലെ ഐക്യത്തിന്റെ ദൃഷ്ടാന്തമാണ് എന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. കഴിഞ്ഞ എട്ട് കൊല്ലമായി സംഘടനയോടൊപ്പം നീങ്ങാനും എന്നാൽ കഴിയുന്ന പ്രവർത്തനം കാഴ്ച വക്കാനും എന്നെ സഹായിച്ച എല്ലാ അംഗങ്ങളെയും നന്ദിയോട് കൂടി സ്മരിക്കുന്നു. ഒരു അപേക്ഷ മാത്രമേ നിങ്ങളുടെ മുന്നിൽഎനിക്ക് വക്കുവാൻ ഉള്ളൂ.ഏറ്റവും കഴിവുള്ള രണ്ടു വ്യക്തികളെയാണ് ഇപ്പോൾ സംഘടനയുടെ അമരത്തേക്ക് നിയോഗിച്ചിട്ടുള്ളത്. വർഷങ്ങളായി സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സാക്ഷ്യം വഹിച്ചു വരുന്ന എല്ലാം അറിയുന്ന പ്രിയ സഹോദരൻ സുഭാഷ് ചന്ദ്രൻ, വിദ്യാർഥി രാഷ്ട്രീയത്തിൽ നിന്നും അനുഭവ സമ്പത്തോട് കൂടി വർഷങ്ങളായി സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഭാഗഭാക്കായി വർത്തിക്കുന്ന ശ്രീ അജിത്കുമാർ എസ്.എന്നിവരുടെ നേതൃത്വത്തിൽ സംഘടന മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കും എന്നത് ഉറപ്പാണ്. അവർക്കും സംസ്ഥാന കമ്മിറ്റിക്കും പൂർണ്ണ പിന്തുണ നൽകാൻ എല്ലാ അംഗങ്ങളും ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ എട്ട് വർഷം എന്നോടൊപ്പം സംഘടനയുടെ സംസ്ഥാന കമ്മിറ്റിയിലും, സംസ്ഥാനകൗൺസിലിലും, വിവിധ ജില്ലാ കമ്മിറ്റികളിലും പ്രവർത്തിച്ചവർക്കും ഈ സംഘടനയുടെ കരുത്തായ പ്രിയപ്പെട്ട എല്ലാ അംഗങ്ങൾക്കും, വിരമിച്ച അസോസിയേഷന്റെ സ്ഥാപക നേതാക്കൾ ഉൾപ്പെടെയുള്ള എന്റെ മുൻഗാമികൾക്കും വിശിഷ്യ എനിക്ക് നാളിതുവരെ സഹോദരതുല്യമായസ്നേഹം പകർന്നു തന്ന് എന്നെ ചേർത്ത് പിടിച്ച പി.എസ്. സി സെക്രട്ടറി ശ്രീ സാജു ജോർജ്ജ് സാറിനും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും നന്ദി അറിയിക്കുന്നു. അസോസിയേഷൻ അംഗങ്ങൾ ആയിരിക്കെ സേവനത്തിൽ നിന്നും വിരമിച്ച സ്ഥാപക നേതാക്കൾ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളെയും ഒരു കുടക്കീഴിൽ എത്തിച്ചു അസോസിയേഷന്റെ ഒരു പെൻഷനേഴ്സ് സംഘടനക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി PEARLSഎന്ന പേരിൽ ഒരു വാട്സാപ്പ് ഗ്രൂപ്പ്, എല്ലാവരുടെയും ആശീർവാദത്തോടെ 24/06/2024 ന് തിരുവനന്തപുരം YMCA ഹാളിൽ ചേർന്ന യോഗത്തിൽ ബഹു. മുൻ കമ്മീഷൻ അംഗം അഡ്വ: വി. എസ്.ഹരീന്ദ്രനാഥ് അവർകൾ ഉദ്ഘാടനം നിർവ്വഹിക്കുക ഉണ്ടായി. പി. എസ്. സി എംപ്ലോയീസ് അസോസിയേഷൻ നേതൃത്വം നൽകുന്ന ഒരു പെൻഷൻ സംഘടനക്ക് രൂപം നൽകുന്ന ഈ ഉദ്യമം എന്നെ ഏൽപ്പിച്ച സംഘടനക്കും അതിന്റെ നേതൃത്വത്തിനും ഗുരു സ്ഥാനീയർ ആയ സ്ഥാപക നേതാക്കന്മാർക്കും എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. കൂടാതെ പ്രസ്തുത സംരംഭത്തിന് എല്ലാവിധ പിന്തുണയും അസോസിയേഷന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. പി. എസ് സി എംപ്ലോയീസ് അസോസിയേഷൻ എന്ന മഹത്തായ സംഘടനക്ക് എല്ലാ നന്മകളും നേർന്നുകൊണ്ടും അസോസിയേഷന്റെ എല്ലാ പ്രിയപ്പെട്ട അംഗങ്ങൾക്കും ഒരിക്കൽകൂടി അഭിവാദ്യം അർപ്പിച്ചുകൊണ്ടും വിടവാങ്ങുന്നു

സ്നേഹപൂർവ്വം,

നിങ്ങളുടെ സ്വന്തം

**രമേഷ്.എം.തമ്പി**

പി.എസ്.സി.ഇ.എ.

മുൻ സംസ്ഥാന പ്രസിഡന്റ്





# ഇനിയും ഈ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കട്ടെ !



**അജിത്കുമാർ എസ്**
ജനറൽ സെക്രട്ടറി

**നാ**ളത്തെ സുന്ദര സ്വപ്നങ്ങൾ കണ്ട് ഉറങ്ങിയ കുറെ ജീവിതങ്ങൾ പിറ്റേ ദിവസത്തെ പ്രഭാതത്തിൽ ഒരു ഓർമ്മയുടെ അവശേഷിപ്പ് പോലും ബാക്കിവയ്ക്കാതെ മാഞ്ഞു പോയിരിക്കുന്നു. ഉറ്റവരെ തിരഞ്ഞുള്ള മനുഷ്യരുടെ പരക്കം പാച്ചിലുകൾ കണ്ട ദിവസങ്ങൾ ഇപ്പോഴും നമ്മുടെ മുന്നിൽ തീരാനോവായി വിറങ്ങലിച്ചു നിൽക്കുന്നു. വയനാട് ചൂരൽ മലയിലും മുണ്ടക്കൈയിലും ഉണ്ടായ ഉരുൾപൊട്ടലിന്റെ വിറങ്ങലിച്ച ദൃശ്യങ്ങൾ നമ്മുടെ കൺമുന്നിൽ നിൽക്കുന്ന ഒരവസരം ആണിത്. കേരളത്തിലെ പൊതുസമൂഹവും രാഷ്ട്രീയപാർട്ടികളും സന്നദ്ധ സംഘടനകളും ഒന്നിച്ചിറങ്ങിയ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് നമ്മൾ കണ്ടത്. അവിടെ ജാതിമത രാഷ്ട്രീയവ്യത്യാസമില്ലായിരുന്നു. വെറും 36 മണിക്കൂർ കൊണ്ട് അവിടെ ഒരു ബെയിലി പാലം സ്ഥാപിക്കുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത സൈന്യത്തിനും, ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്കും, പോലീസിനും പ്രത്യേക അഭിനന്ദനങ്ങൾ. വയനാട് ദുരന്തത്തിൽ ജീവൻ പൊലിഞ്ഞ സഹോദരങ്ങളുടെ ഓർമയ്ക്ക് മുന്നിൽ അസോസിയേഷൻ പ്രണാമം അർപ്പിക്കുന്നു.

എല്ലാ ദുരന്തങ്ങളും നമുക്ക് ഒരു പാഠമാണ്. ആ പാഠം നമ്മൾ പഠിച്ചില്ലെങ്കിൽ അതു വീണ്ടും പെരുമഴയായി നമുക്ക് മുകളിൽ പെയ്തിറങ്ങിയേക്കും. ഈ അവസരത്തിലാണ് നാം ബഹുമാനപ്പെട്ട പി ടി തോമസ് സാറിനെയും പ്രൊഫ: മാധവ് ഗാഡ്ഗിലിനെയും ഓർമ്മിക്കേണ്ടത്. അതിലോലമായ നമ്മുടെ പശ്ചിമഘട്ട പ്രദേശങ്ങൾ കരിങ്കൽ കോറി സംഘങ്ങളുടെയും റിസോർട്ട് മാഫിയയുടെയും കയ്യേറ്റക്കാരുടെയും കൈയിൽ നിന്നും മോചിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇവരെല്ലാം എന്നേ പറഞ്ഞിരുന്നു. അന്ന് പുച്ഛിച്ചുതള്ളിയവർ ഇന്ന് അതു പറഞ്ഞു ഗീർവാണങ്ങൾ വിടുന്നത് കാണുമ്പോൾ അതിശയം എന്നേ പറയാനുള്ളൂ. ഏതു ദുരന്തത്തിലും ജനങ്ങളുടെ പ്രതീക്ഷ നിലനിർത്തുന്നത് അവിടെ ഭരിക്കുന്ന സർക്കാരിലാണ്. സർക്കാർ നല്ല രീതിയിൽ പ്രവർത്തിച്ചാൽ ആ ദുരന്തത്തിൽ നിന്നും ജനങ്ങൾ വളരെ വേഗം കര കയറും. നമ്മുടെ കൊച്ചു കേരളത്തിൽ അങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ടോ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. 'എല്ലാം എക്കാലവും മൂടിവയ്ക്കാൻ ആകില്ല. ഒരിക്കൽ സത്യം അതിന്റെ മറനീക്കി പുറത്തുവരും. അന്നത് ഉച്ചത്തിൽ വിളിച്ച് പറയാൻ ഇവിടുത്തെ ജനസഹസ്രങ്ങൾ സാക്ഷിയാകും' എന്ന കാര്യം എല്ലാ സംഘടനകളും ഓർമ്മിക്കുന്നത് നന്നായിരിക്കും.

കാലം ഒളിപ്പിച്ചു വെച്ച കാവ്യനീതിപോലെ 2024 വർഷം അതിന്റെ മുക്കാൽ പാതി പിന്നിട്ടിരിക്കുന്നു. ആ ഒൻപത് മാസം മതി ഇന്ത്യയും കേരളവും പി എസ് സി യും എങ്ങനെ ചിന്തിക്കുന്നു എന്ന് മനസ്സിലാക്കുന്നതിന്. ഒരു തിരഞ്ഞെടുപ്പ് വർഷമാണ് കടന്നുപോയത്. ആദ്യ മാസത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രി ചാർസൗപാർ (400 ന് മുകളിൽ ) എന്നു പറഞ്ഞു തെരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ, ഇന്ത്യയിലെ ജനാധിപത്യ കക്ഷികൾ ഒത്തുചേർന്ന് ശ്രീ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പിനെ നേരിടുകയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് ചരിത്രത്തിൽ ആദ്യമായി 300 ൽ താഴെ സീറ്റുകളിൽ മത്സരിക്കുകയും ചെയ്തു. തന്റെ ഉറച്ച കാൽപ്പാദങ്ങളാൽ കന്യാകുമാരി മുതൽ കാശ്മീർ വരെ ഭാരത് ജോഡോ യാത്ര നയിച്ച അദ്ദേഹം ബി.ജെ.പി. സർക്കാറിന്റെ ഏതു വെല്ലുവിളിയും നേരിടാൻ കരളുറപ്പോടെ മുന്നോട്ട് വന്നു. ഇക്കാലയളവിൽ കലാപഭൂമിയായ മണിപ്പൂരിൽ നേരിട്ട് എത്തിയ ഏക രാഷ്ട്രീയക്കാരൻ ശ്രീ. രാഹുൽ ഗാന്ധിയായിരുന്നുവെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

2024 ന്റെ ആദ്യ മാസത്തിൽ സാമ്പത്തികമായി തകർന്ന കേരളത്തെയാണ് നാം കണ്ടത്. സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് ഓർഗനൈസേഷൻ സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കാനായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ അതിജീവന യാത്ര നടത്തേണ്ടിവന്നു. 2024 ജനുവരി 24ന് കേരളത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും ഒരു ദിവസം പണിമുടക്കി പ്രതിഷേധിക്കുകയും ചെയ്തു. സർക്കാർ ജീവനക്കാർക്ക് ഒന്നാം തീയതി ശമ്പളം ലഭിക്കാത്തത് നാം കണ്ടു. അസോസിയേഷന് പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ശമ്പളം ലഭിക്കാത്തതിന് പ്രതിഷേധം നടത്തേണ്ടിവന്നു എന്നത് ഈ സ്ഥാപനത്തിന്റെ ചരിത്രത്തിലാദ്യമാണ്.

ബഹുമാനപ്പെട്ട കമ്മീഷൻ ആവട്ടെ ഇക്കാലയളവിൽ ധാരാളം പരീക്ഷകൾ നടത്തിയിട്ടുണ്ട്. വളരെ പരിമിതമായ ജീവനക്കാർ മാത്രമുള്ള പി എസ് സിയുടെ ജോലിഭാരം വർദ്ധിക്കുകയും ജീവനക്കാർക്ക് അവധി ദിവസം പോലും വന്ന് ജോലി ചെയ്യേണ്ട സ്ഥിതി സംജാതമാകുന്നുണ്ട്. കൂടാതെ അവധി ദിവസങ്ങളിൽ ജോലിചെയ്ത് ഉണ്ടാകുന്ന കോമ്പൻസേഷൻ ലീവുകൾ പോലും നിലവിൽ എടുക്കുവാൻ പറ്റാത്ത സാഹചര്യമാണ്. TA സീലിംഗ് കാരണം മറ്റു ജില്ലകളിൽ പരീക്ഷ സംബന്ധിയായ ജോലി ചെയ്ത ദിവസത്തെ അർഹമായ TA പോലും ലഭിക്കുന്നില്ല. സ്വന്തം കൈയിലെ കാശ് ഉപയോഗിച്ച് യാത്ര ചെയ്ത് കമ്മീഷന്റെ പരീക്ഷ ജോലികൾ നിർവഹിക്കേണ്ട സ്ഥിതിയാണ് ഇന്ന് ജീവനക്കാർക്കുള്ളത്. ജോലിഭാരത്തിന് അനുസരിച്ച് ജീവനക്കാരെ ലഭ്യമാക്കിയാൽ മാത്രമേ ഇതിനൊരു മാറ്റം ഉണ്ടാവുകയുള്ളൂ. കമ്മീഷൻ ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു.

പ്രതിപക്ഷം ഒന്നടങ്കം ചേർന്ന് ഭാരതത്തിന്റെ ബഹുസ്വരത സംരക്ഷിക്കുവാൻ പോരാടിയ ഇക്കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിൽ ചില യൂദാസുകളുടെ പിന്മാറ്റം മൂലം അധികാരമാറ്റം ഉണ്ടായില്ലെങ്കിലും ഇന്ത്യൻ ജനത ജനാധിപത്യത്തിലെ അവരുടെ കരുത്ത് നിസംശയം തെളിയിക്കുക തന്നെ ചെയ്തു. ഭരണഘടന പൊളിച്ചെഴുതുമെന്ന് കൊട്ടിഘോഷിച്ച ചിലർക്ക് ഒത്ത മറുപടി തന്നെ ജനങ്ങൾ നൽകി. ചില പ്രതിപക്ഷ കക്ഷികൾ പിന്മാറി പോയതുകൊണ്ട് വെറും 30 സീറ്റിന്റെ കുറവിൽ ഇന്ത്യയിൽ ഭരണം മാറ്റം ഉണ്ടായില്ലെങ്കിലും മൃഗീയ ഭൂരിപക്ഷത്തിന്റെ അഹങ്കാരത്താൽ രാഹുൽഗാന്ധിയെ പാർലമെന്റിൽ നിന്ന് പടിയിറക്കിവിടുവാൻ ശ്രമിച്ച ഗൂഢശക്തികളെ നിഷ്പ്രഭരാക്കികൊണ്ട് ഇന്ത്യൻ ജനത അദ്ദേഹത്തെ രാജ്യത്തിന്റെ പ്രതിപക്ഷ നേതാവാക്കി അവരോധിച്ചതും ചരിത്രമാണ്. ഇന്ന് ഇന്ത്യൻ പാർലമെന്റിൽ ഏറ്റവും മുഴങ്ങി കേൾക്കുന്ന ശബ്ദം അദ്ദേഹത്തിന്റേത് മാത്രമാണെന്ന കാര്യത്തിൽ ഭരണപക്ഷത്തിന് പോലും തർക്കമില്ല.

കേരളത്തിൽ സർക്കാർ ജീവനക്കാർക്ക് രണ്ട് ശതമാനം DA പ്രഖ്യാപിച്ചെങ്കിലും അതിന്റെ അരിയർ നൽകിയിട്ടില്ല. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും ഐഎഎസ് ഓഫീസർമാർക്കും ജുഡീഷ്യൽ ഓഫീസർമാർക്കും അത് നൽകിയിട്ടുമുണ്ട്. DA അരിയർ എന്ന സംഭവം ഇനി എന്നെങ്കിലും ലഭിക്കുമോ എന്ന് ഞങ്ങൾ ആശങ്കപ്പെടുന്നു. സർക്കാർ ജീവനക്കാരുടെ ശമ്പളം കവർന്നെടുക്കാൻ മാത്രമേ ഇപ്പോഴത്തെ സർക്കാർ ശ്രമിക്കുന്നുള്ളൂ. കേരളത്തിൽ ഉണ്ടായ പരാജയം എന്തുകൊണ്ടെന്ന് പോസ്റ്റൽ വോട്ടിൽ തെളിഞ്ഞു കണ്ടിട്ടും നമ്മൾ ജീവനക്കാർക്ക് നൽകുവാനുള്ള അരിയറിനെ കുറിച്ച് ചോദിച്ചാൽ വായ് തുറക്കാൻ നമ്മുടെ ധനമന്ത്രിയ്ക്ക് ആകുന്നില്ലെന്നത് ഇനിയും പാഠം പഠിച്ചിട്ടില്ലെന്നതിന്റെ സൂചനയാണ്.

ബഹു. കമ്മീഷന്റെ ചില ആഭ്യന്തരരേഖ

കളുൾപ്പെടെ ആധാരമാക്കി കൊണ്ടുള്ള വിവാദ വാർത്തകൾ ചില പത്ര മാധ്യമങ്ങളിൽ അടുത്തിടെ പ്രസിദ്ധീകരിച്ചുവന്നത് നാമെല്ലാം കണ്ടതാണ്. ഇക്കാര്യത്തിൽ പി എസ് സി യിലെ ജീവനക്കാരും അംഗങ്ങളും എല്ലാം തന്നെ സംശയത്തിന്റെ നിഴലിലാണ്. എന്നാൽ പിഎസ് സി യിലെ ഒരു ജീവനക്കാരൻ പോലും ബഹു കമ്മീഷനെ കുറ്റപ്പെടുത്തി കൊണ്ടുള്ള പത്രവാർത്തകളിൽ ഭാഗഭാക്കാവില്ല അസോസിയേഷന് പരിപൂർണമായ ഉറപ്പുണ്ട്. കേരളത്തിലെ പൊതുസമൂഹവും ഉദ്യോഗാർത്ഥികളും എന്നും കമ്മീഷനെയും കമ്മീഷന്റെ നടപടികളെയും നിരീക്ഷിക്കുകയാണ്. അവരുടെയൊക്കെ പ്രതീക്ഷയാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ. കേരളത്തിലെ പൊതുസമൂഹത്തിന്റെ പ്രതീക്ഷയ്ക്ക് കമ്മീഷൻ നടപടികൾ എല്ലാം തന്നെ സുതാര്യമാവേണ്ടത് അനിവാര്യമാണ്. നമുക്കിവിടെ ഒന്നും മറച്ചുവെക്കാൻ ഇല്ലെന്ന് കമ്മിഷൻ ബോധ്യപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ പത്രമാധ്യമങ്ങളിൽ ബഹു കമ്മിഷന്റെ വാർത്ത കൊടുക്കുന്നതിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരും കമ്മീഷനും ഏറെ ജാഗ്രത പാലിക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു.

അവസാനമായിട്ടുള്ള മാസത്തിൽ ഇന്ത്യയും കേരളവും കണ്ടിട്ടില്ലാത്ത വൻ ദുരന്തമാണ് ജൂലൈ മാസം അവസാനം സംഭവിച്ചത്. അതൊത്തൊരുമിച്ച് കേരളം സമൂഹം നേരിട്ട മാതൃകയിൽ നമുക്ക് തീർച്ചയായും അഭിമാനിക്കാവുന്നതാണ്. മലയാളികൾ ദുരന്തമുഖങ്ങളിൽ ഒറ്റക്കെട്ടാണെന്ന് നാം തെളിയിച്ചു കഴിഞ്ഞു. അതിജീവന പാതയിൽ ഒത്തുചേർന്ന എല്ലാ മനുഷ്യ മനസ്സാക്ഷികളും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

നിർബന്ധമല്ല എന്ന് സംഘടനകൾക്ക് ഉറപ്പുനൽകിയ സാലറി ചലഞ്ച് ചില വ്യവസ്ഥകൾ കൊണ്ട് നിർബന്ധിതമാക്കുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്. ആ വ്യവസ്ഥകളോടുള്ള എതിർപ്പ് മൂലം ഒട്ടനവധി ജീവനക്കാർ ഈ സാലറി ചലഞ്ചിൽ പങ്കെടുക്കാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് സംഭാവനകൾ നൽകിയിട്ടുണ്ട്. അസോസിയേഷൻ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് അസോസിയേഷൻ അംഗങ്ങൾക്ക് സാലറി ചലഞ്ചിലോ, അതിന് കഴിയാത്തവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലോ സംഭാവന നൽകാം എന്നുള്ളതാണ്.

എല്ലാം പറയുമ്പോഴും ഇപ്പോൾ സർക്കാർ സ്വീകരിക്കുന്ന എൻ പി എസ് ജീവനക്കാരെ മറന്നു കൊണ്ടുള്ള സർക്കാർ സമീപനം ശരിയല്ല. കേന്ദ്രസർക്കാർ എൻ പി എസിന് പകരം യുപിഎസ് എന്ന സ്കീം കൊണ്ടുവരുന്നു. അത് പൂർണ്ണമായും ശരിയോ എന്ന് ഇപ്പോൾ പറയാൻ കഴിയില്ലെങ്കിലും പത്രവാർത്തയുടെ അടിസ്ഥാനത്തിൽ യുപിഎസ് സ്കീമിൽ അവസാന മാസത്തെ ശമ്പളത്തിന്റെ 50% പെൻഷൻ ഉറപ്പുവരുത്തുന്നുണ്ട്. പക്ഷേ വിരമിക്കുമ്പോൾ ഉണ്ടാകുന്ന 60% പിൻവലിക്കൽ ഇല്ല എന്നാണ് മനസിലാകുന്നത്. ഇവിടെ കേരള സർക്കാർ എൻപിഎസ് കാരെ കുരുതി കൊടുക്കുകയാണ്. അടച്ച തുകയ്ക്ക് വായ്പതരപ്പെടുത്തിയിട്ട് എൻ പി എസ് ജീവനക്കാർക്ക് കേന്ദ്രം നൽകിയ 14ശതമാനം അടവും ഡിസിആർജി യും ഇവിടെ നൽകിയിട്ടില്ല. ജീവാനന്ദം എന്ന് പറയുന്ന പദ്ധതിയെക്കുറിച്ച് വേറെയും കേൾക്കുന്നു. എന്തു ചെയ്യണമെന്ന് വ്യക്തതയില്ലാത്ത ഈ സർക്കാർ സമീപനം ശരിയല്ല. ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്ന രീതിയിൽ സർക്കാറിന്റെ നയം തിരുത്തപ്പെടണം. ഇന്ന് ഏകദേശം രണ്ട് ലക്ഷത്തോളം പേർ കേരളത്തിൽ എൻപിഎസ് അംഗങ്ങളാണ്. അവരെ മറന്നുകൊണ്ട് ഒരു സർവീസ് സംഘടനയ്ക്കും മുന്നോട്ടുപോകാൻ ആകില്ല. എൻ പി എസ് ജീവനക്കാർക്ക് മതിയായ പെൻഷൻ ഉറപ്പ് വരുത്തുന്നതിനായുള്ള പോരാട്ടങ്ങളിൽ അസോസിയേഷൻ എന്നും മുൻപതിയിലുണ്ടാകും.

അസോസിയേഷന് സംബന്ധിച്ചിടത്തോളം വലിയ നഷ്ടമാണ് ജൂൺ മാസത്തിൽ നമ്മുടെ സ്ഥാപക പ്രസിഡണ്ടിനെ നഷ്ടപ്പെട്ടതോടെ ഉണ്ടായിട്ടുള്ളത്. അദ്ദേഹം നൽകിയ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും ഞങ്ങൾ ഇന്നും പിന്തുടരുന്നു. പ്രിയപ്പെട്ട ശ്രീ പി റ്റി കുഞ്ഞുണ്ണി സാറിന്റെ സ്മരണക്കു മുന്നിൽ അസോസിയേഷൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഈ വരുന്ന ഒക്ടോബർ മാസം നടക്കുന്ന അസോസിയേഷന്റെ 35-ാമത്തെ സംസ്ഥാന സമ്മേളനത്തിൽ ജീവനക്കാരുടെ എല്ലാവിധ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നു. ഞങ്ങൾക്ക് മുൻവിധികൾ ഇല്ല. എല്ലാ തെറ്റുകളും ഒരു ദിവസം കൊണ്ട് മാറ്റാൻ കഴിയില്ല. എല്ലാം ശരികളും ഒരു ദിവസം കൊണ്ട് ചെയ്യാനും ആകില്ല. എന്നിരുന്നാലും 2026 ജൂൺ മാസത്തിൽ കേരളത്തിൽ ജീവനക്കാർക്ക് പ്രതീക്ഷയുള്ള ഒരു സർക്കാർ നിലവിൽ വരുമെന്നും ആയതിൽ അസോസിയേഷന് വലിയ പങ്കുവഹിക്കുവാൻ ഉണ്ടെന്നും ഞങ്ങൾക്കറിയാം. അസോസിയേഷന്റെ ഇനിയുള്ള പ്രവർത്തനങ്ങൾക്ക് മുഴുവൻ ജീവനക്കാരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.



# ആ ചിരിയും മാഞ്ഞുപോയ്


***അസോസിയേഷൻ സ്ഥാപക പ്രസിഡന്റ് പി. ടി. കുഞ്ഞുണ്ണിസാറിന് വിട***

**1989** ജൂൺ മാസത്തിൽ പി എസ് സി യുടെ എതിർവശത്തുള്ള അന്നത്തെ PEARLS ലോഡ്ജിൽ അസോസിയേഷന്റെ നേതാക്കളായ സർവ്വശ്രീ പി റ്റി കുഞ്ഞുണ്ണി, വി ആർ സി പിള്ള, ജോർജ്ജുകുട്ടി, പി കെ സുധാകരൻ, എ കെ സാദിക്, പി സതീഷ് കുമാർ, അബ്ദുൽ സമദ്, നസിമുദ്ദീൻ എന്നിവർ യോഗം ചേരുകയും ഇന്ത്യൻ നാഷണൽ കോൺഗ്രസിനോട് ആഭിമുഖ്യമുള്ള ഒരു സംഘടന കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ വേണമെന്നുള്ള ജീവനക്കാരുടെയും അന്നത്തെ കെപിസിസി നേതൃത്വത്തിന്റെയും താല്പര്യം മുൻ നിർത്തി പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ എന്ന സംഘടന രൂപീകരിക്കാൻ തീരുമാനിക്കുകയും 1989 ജൂൺ മാസം ഇരുപത്തിയൊന്നാം തീയതി തുളസിക്കുന്നിൽ ത്രിവർണപതാക ഉയർത്തിക്കൊണ്ട് ശ്രീ. പി.ടി. കുഞ്ഞുണ്ണിസാർ ഈ സംഘടനയുടെ പ്രയാണം ആരംഭിക്കുകയും ചെയ്തു. ശ്രീ പി.ടി. കുഞ്ഞുണ്ണി പ്രസിഡന്റും ആയും ശ്രീ. എ. കെ. സാദിക് ജനറൽ സെക്രട്ടറിയും ആയാണ് പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ രൂപീകൃതമായത്. അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റ് ആയിട്ടുള്ള പി.ടി. കുഞ്ഞുണ്ണി സാർ ഇന്ന് നമ്മെ വിട്ടു പിരിഞ്ഞിരിക്കുന്നു.

ഒരിക്കലും സ്ഥാനമാനങ്ങൾക്ക് വേണ്ടി പിറകെ പോകാത്ത അദ്ദേഹം പി എസ് സി സ്റ്റാഫ് അസോസിയേഷന്റെ പ്രസിഡന്റും ജനറൽ സെക്രട്ടറിയും ആയി ചുമതല വഹിച്ചിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും ഓരോ നയം സ്വീകരിക്കുന്ന ഭരണപക്ഷത്തിന്റെ ഏറാൻമൂളികളായി നിൽക്കുന്ന ഒരു സംഘടനയിൽ നിന്നും ജീവനക്കാർക്ക് ഒന്നും ലഭിക്കില്ല എന്നും സമര പോരാട്ടങ്ങളിൽ മുന്നിൽ നിന്ന് നയിക്കുന്ന ഒരു സംഘടനയ്ക്ക് മാത്രമേ ജീവനക്കാരുടെ ഇടയിൽ എന്നും സ്ഥാനമുള്ളൂ എന്നും മനസിലാക്കിയ ശ്രീ പി.ടി. കുഞ്ഞുണ്ണിസാർ അന്ന് സ്റ്റാഫ് അസോസിയേഷനിൽ നിന്നും പടിയിറങ്ങി ആണ് ഈ സംഘടനക്ക് ബീജാവാപം നൽകിയത്.

ഒരു സംഘടന എങ്ങനെ പ്രവർത്തിക്കണമെന്ന് നമ്മെ പഠിപ്പിച്ചതും അദ്ദേഹം തന്നെയാണ്. ഒരിക്കലും നടക്കില്ല എന്ന് വിശ്വസിക്കുന്ന കാര്യം പോലും നിരവധി തവണ കമ്മീഷന് മുന്നിലും സർക്കാറിനു മുന്നിലും അവതരിപ്പിച്ച് നേടിയെടുക്കുന്നതിൽ അദ്ദേഹം കാണിച്ച പ്രവർത്തനങ്ങളാണ് അസോസിയേഷന് എന്നും മാർഗ്ഗനിർദ്ദേശം ആയിട്ടുള്ളത്. സ്വന്തം സഹപാഠിയായിട്ടും 1991 ൽ അന്നത്തെ ശ്രീ. കെ. കരുണാകരൻ മന്ത്രിസഭയിൽ വനംവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കെ. പി. വിശ്വനാഥനെ താൻ എന്തെങ്കിലും കാര്യസാധ്യത്തിന് വേണ്ടി സമീപിക്കുകയാണെന്ന് വിചാരിക്കും എന്ന ഒറ്റ കാരണത്താൽ സത്യപ്രതിജ്ഞാ ചടങ്ങിന് പോലും നേരിട്ടു കാണാതിരുന്ന ശ്രീ. പി. ടി. കുഞ്ഞുണ്ണി സാറിനെ പിന്നീട് ശ്രീ കെ പി വിശ്വനാഥൻ വിളിച്ചുവരുത്തി സ്വന്തം പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെടുത്തിയതും ചരിത്രമാണ്.

ഇപ്പോൾ പി എസ് സി എംപ്ലോയിസ് അസോസിയേഷനിലെ വിരമിച്ച ജീവനക്കാർ ചേർന്ന് 2024 ജൂൺ 24ന് രൂപീകരിച്ചിട്ടുള്ള PEARLS കൂട്ടായ്മയുടെ ആദ്യ രക്ഷാധികാരിയായിരുന്നു അദ്ദേഹം. പിഎസ്‌സി ആസ്ഥാന ഓഫീസിൽ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന അദ്ദേഹത്തിന്റെ നിറപുഞ്ചിരി നമ്മെ വിട്ടുപിരിഞ്ഞാലും നമ്മോടൊപ്പം ഉണ്ടാകും. അദ്ദേഹത്തിന്റെ ദീപ്ത സ്മരണയ്ക്ക് മുന്നിൽ അസോസിയേഷന്റെ ഒരായിരം അശ്രുപുഷ്പങ്ങൾ.



തയ്യാറാക്കിയത്

**ഫ്രഞ്ചസ് ഡി**

സംസ്ഥാന കൗൺസിൽ വൈസ് ചെയർമാൻ

# ആത്മഘാതകന്റെ നീതിബോധനം

കുരുക്കായ് മുറുകിയ
കാരണങ്ങളെ കൂടി
ചിത തൻ പുക തീറ്റി -
ച്ചോടുവിൽ അയാൾ പോയി.
ഒരു സൗഹൃദ സ്പർശം,
ഒരു സാന്ത്വന വാക്ക്;
ഒരു പിൻവിളി; നേർത്തു-
നേർത്തതാണെന്നാകിലും
ഏകിയില്ലല്ലോ നിന്നെ
ച്ചുഴന്ന പുരുഷാരം
ആരവങ്ങളിൽ മുങ്ങി -
ത്താണു നിൻ ഞരക്കവും !
മത്സര മൈതാനങ്ങൾ -
കാവേശമാകുമ്പോഴും
തത്സമയങ്ങൾക്കൊക്കെ
ഔത്സുക്യമേകുമ്പോഴും
പുഷ്പവൃഷ്ടിയായ് വീഴും
വിജയാഹ്ലാദത്തിലും-
അറിയുന്നുവോ താങ്ക-
ളെത്രയേകനാണൊരാൾ?...

ചത്തു ഞാനടിയുമ്പോൾ.
കുഴി വെട്ടുവാനൊരാ-
ളുണ്ടെന്ന പ്രതീക്ഷയ്ക്കും
കുഴി വെട്ടുന്നു താങ്കൾ.

നീളവും കോണും പന്തിൻ
വേഗവുമളന്നൊപ്പം
ചലിക്കും ബാറ്റിൻ സമ -
യോചിത പ്രഹരത്തിൽ
ഗ്യാലറി പോലും കട -
ന്നുഗ്രമാം 'സിക്സർ' പോലെ
കാലത്തിൻ മൈതാനത്തി -
ന്നദൃശ്യനാകുന്നു നീ.

തോറ്റുപോയവരെല്ലാം
ജീവിത വൈഷമ്യത്തി-
ലൊറ്റമൂലിയായ് മാറ്റി
നടന്നു തഴമ്പിച്ചു
ത്തേഞ്ഞ മാർഗ്ഗത്തിൽ കൂടി
മാഞ്ഞു പോയല്ലോ നീയും?

കപടസ്നേഹം മാംസ -
പിണ്ഡത്താൽ പൊതിഞ്ഞ പോ-
ലുരുവമാർജ്ജിച്ച നെ-
ഞ്ചുകൾ തൻ പുറമ്പോക്കിൽ
കുടിൽ കെട്ടിയ സ്വന്തം
ചിത്രത്തെ വെറുക്കാതെ
കുടിക്കാൻ വിഷം തന്ന
കൈകളിൽ ചുംബിച്ചിനി
മടങ്ങാൻ മനസില്ലെ-
ന്നുരിയാടണം താങ്കൾ

ഇന്ദ്രിയങ്ങളെ മര -
വിപ്പിക്കും മഹാ ശീത -
ബിന്ദുക്കൾ കനം തൂങ്ങി-
പ്പൊഴിഞ്ഞു വീഴുമ്പോലെ
ഓർമ്മകൾ മനസ്സിന്റെ
മച്ചു ചോർന്നൊലിക്കുന്നു,
തങ്ങുവാനിടമില്ലാ-
തുരുൾ പൊട്ടുന്നൂ ലോകം.
എന്റെ കേൾവിയിൽ നീളെ
നീ നിലവിളിക്കുന്നു
എന്റെ കാഴ്ചയിൽ കരി -
മഷി നീയൊഴിക്കുന്നു.
എന്റെ മൗനത്തെയട്ട -
ഹാസത്താൽ കുലുക്കുന്നു
ദർപ്പണങ്ങളിലഭി -
മുഖനായ് വരുന്നു നീ
മഞ്ഞിൽ കൂരിരുളൊഴി -
ച്ചിളക്കി തണുപ്പിച്ച്
വിസ്മൃതിയുണ്ടാക്കുവാൻ
നീ പരിശ്രമിക്കുന്നു.
ചിന്തകൾ തുന്നിച്ചേർത്ത്
നിന്നെ ഞാൻ വരയ്ക്കുവാൻ
വല്ലാതെ വിയർക്കുമ്പോൾ
അകലത്തല്ലാതെ നിൻ -
വാങ്മയം മുഴങ്ങുന്നു
'ഉറക്കം കെടുത്തായ്ക'
സ്വസ്ഥമായുറങ്ങണം
രക്തസാക്ഷികൾ ചോട്ടിൽ
പ്രസ്ഥാനം വളരുവാ-
നിനിയും വളം വേണം



സഞ്ജിത് വി

ഇനിയാ കണ്ണിൽ ചിമ്മും
താരത്തെക്കെടുത്തുക
ഇനിയീ മണ്ണിൽ
നിക്ഷേപിക്കുക സ്വപ്നങ്ങളെ
ഇമകളകത്തൂന്ന് കുറ്റിയിട്ടേക്കൂ,
ജനിമൃതികൾക്കിടെ പാടേ -
തുറന്ന വാതിൽ വേണ്ട!
കടമോ ? മാറാരോഗ-
പീഡയോ, പ്രാരാബ്ധമോ?
അയവറ്റൊരു ദിന-
ചര്യ തൻ മുറുക്കമോ?.....
എന്തിനു ശംഖൂതുന്നു
ബധിര ശ്രോത്രങ്ങളിൽ?
ആത്മഘാതകാ നിന്റെ
നീതിബോധനം നിർത്ത് !

# തിരംഗയുടെ കാവൽക്കാർ..

## (ഒരു പട്ടാളക്കാരന്റെ ഓർമ്മക്കുറിപ്പ് )



**ഷാനവാസ് ഇ.**

2004 ജനുവരി 25.

നേരം പുലർന്നിട്ടും വെള്ളപ്പട്ടണിഞ്ഞ മഞ്ഞുമലകളെ തഴുകിയെത്തുന്ന ശീതകാറ്റ് തണുത്തുറഞ്ഞ സൂചിമുനകൾ പോലെ കമ്പിളി കോട്ടിനെയും ഭേദിച്ചു ശരീരത്തിൽ തുളച്ചു കയറുന്നുണ്ടായിരുന്നു..

രാത്രിയിലെ പട്രോളിങ് ഡ്യൂട്ടിയും കഴിഞ്ഞ് ബാരക്കിൽ എത്തിയപ്പോൾ വെളുപ്പിന് അഞ്ചര ആയിട്ടുണ്ടായിരുന്നു..റൈഫിളും, റേഡിയോ സെറ്റും, ഹെൽമറ്റും ബുള്ളറ്റ്പ്രൂഫുമൊക്കെ ലോക്കറിൽ വെച്ചിട്ട് അല്പനേരം ഒന്ന് മയങ്ങാം എന്ന് കരുതിയാണ് കട്ടിലിലേക്ക് കിടന്നത്..

'ഷാനവാസേ.. ഇന്ന് രാത്രി ഓപ്പറേഷൻ ഉണ്ടെന്ന് OC (ഓഫീസർ കമാൻഡിങ്) പറഞ്ഞു...' ഒപ്പം ഒരു നാടൻ പഞ്ചാബി തെറിയും പറഞ്ഞുകൊണ്ടാണ് സീനിയർ JCO കുൽവന്ത് സാബ് ബാരക്കിലേക്ക് വന്നത്..

'നാളെ റിപ്പബ്ലിക് ഡേ അല്ലേ.. അടുത്തെവിടെയോ ആക്രമണം നടത്താനുള്ള പദ്ധതിയുമായി തീവ്രവാദികൾ തമ്പടിച്ചിട്ടുണ്ട്.. ഗ്രാമത്തിലുള്ള നമ്മുടെ ഒരു ചാരൻ തന്നെയാണ് വിവരം നൽകിയതെന്നാണ് OC സാബ് പറഞ്ഞത്..റേഡിയോ സെറ്റും ആയി ടീമിനൊപ്പം നിന്നെ വിടാനാണ് OC സാബിന്റെ ഓർഡർ..'

അത്രയും കേട്ടപ്പോൾ എന്റെ മുഖത്ത് ഉണ്ടായ സങ്കടവും, ദേഷ്യവും, രോഷവും ഒക്കെ ചേർന്ന ഭാവം കണ്ട കുൽവന്ത് സാബ് മെല്ലെ കട്ടിലിലേക്ക് ഇരുന്നുകൊണ്ട് ആശ്വസിപ്പിക്കാനായി പറഞ്ഞു..

'എന്ത് ചെയ്യാനാ ഷാനെ..എനിക്കറിയാം നീ സ്വസ്ഥമായി ഒന്ന് ഉറങ്ങിയിട്ട് മാസങ്ങൾ ആയെന്ന്..ഓപ്പറേറ്റർമാർ പലരും പരിക്ക് പറ്റി ആശുപത്രിയിലും അവധിയിലും ഒക്കെ അല്ലേ?..

അതുമല്ല GSO1 OPS (മിലിറ്ററി ഓപ്പറേഷൻ ആസൂത്രണം ചെയ്യുന്ന കേണൽ സാബ് ) നേരിട്ട് ഓർഡർ തന്നതാണ് നിന്നെ അയച്ചാൽ മതി എന്ന്..'

അത് എന്നെ സുഖിപ്പിക്കാനുള്ള ഒരു പൊക്കൽ ആണെന്ന് അറിയാമെങ്കിലും, ഞാൻ ഒരു സങ്കടചിരിയോടെ ശരി എന്ന് തലയാട്ടി..

നേരം വെളുത്തു കഴിഞ്ഞുവെങ്കിലും അകലെ നിന്നൊക്കെ വെടിയൊച്ചകൾ അപ്പോഴും മുഴങ്ങി കേൾക്കാമായിരുന്നു..

കഴിഞ്ഞ രണ്ടു മാസമായി ഒരു ദിവസം പോലും സ്വസ്ഥമായി ഒന്നുറങ്ങാൻ കഴിയാതിരു

ന്നതിന്റെ ക്ഷീണം കൊണ്ടാണ് 'ഇന്നെങ്കിലും ഒന്നുറങ്ങാം..' എന്ന കൊതിയോടെ ബാര ക്കിലേക്ക് വന്നത്.. ഇനിയെന്ത് ഉറക്കം..! ഇന്നും തഥൈവ

കൈകാലുകൾ മരവിക്കുന്ന തണുത്ത വെള്ളത്തിൽ പ്രഭാതകൃത്യങ്ങൾ ഒക്കെ ഒരുവിധം പാസ്സാക്കി, കുളിക്കാൻ അല്പം ചൂടു വെള്ളമെടുക്കാമെന്ന് കരുതി വെള്ളം ചൂടാക്കുന്ന വീപ്പയ്ക്ക് അടുത്തുചെന്നപ്പോൾ.. തീയും പുകയും ഒന്നുമില്ലാതെ പൂരം കഴിഞ്ഞ പറമ്പിൽ അനാഥമായി കിടക്കുന്ന കതിനാ ക്കുറ്റി പോലെ കിടക്കുന്ന വീപ്പയെയാണ് കണ്ടത്.. ഡീസലും പെട്രോളും ഒക്കെ വരുന്ന വീപ്പകളിൽ വെള്ളം നിറച്ചു അടിയിൽ ഉണങ്ങിയ മരക്കഷണങ്ങൾ തിരുകിവെച്ച് കത്തിക്കുന്ന ജർമൻ ടെക്നോളജിയാണ് വെള്ളം ചൂടാക്കാനായി ക്യാമ്പിൽ പരമ്പരാഗതമായി നടപ്പാക്കി വന്നിരുന്നത്.. മഞ്ഞുപെയ്യുന്നതിനാൽ റാമെറ്റീരി യൽ ആയ ഉണങ്ങിയ മരക്കൊമ്പുകളുടെ ക്ഷാമം കാരണമായിരിക്കും പ്രോജക്റ്റ് ബ്രേക്ക് ഡൗൺ ആയത് എന്ന് ഞാൻ അനുമാനിച്ചു..വേറെ ഗതിയില്ലാത്തതിനാൽ ആ തണുത്തുറഞ്ഞ വെള്ളത്തിൽ തന്നെ പേരിനൊരു കാക്കകുളിയും പാസാക്കി വീണ്ടും കവചിത വേഷത്തിലേക്ക് തന്നെ ചേക്കേറി..

മെസ്സിൽ നിന്നും പട്ടാളത്തിന്റെ പരമ്പരാഗതമായ ബ്രേക്ക് ഫാസ്റ്റ് ആയ മൂന്നു പൂരിയും കിഴങ്ങു കറിയും ഒരു ചായയും കൂടി കഴിച്ചപ്പോഴേക്കും ഒന്ന് മയങ്ങാതെ ഒരു രക്ഷയും ഇല്ല എന്ന അവസ്ഥയിലായി ഞാൻ..അതുമല്ല.. പത്തുമണിക്ക് അല്ലേ ഓപ്പറേഷന്റെ ബ്രീഫിങ്.. ഇപ്പോൾ മണി എട്ടല്ലേ ആയുള്ളൂ.. എന്ന് കണക്ക് കൂട്ടി ബാരക്കിൽ ചെന്ന് ഒരു മണിക്കൂറോളം ഒന്ന് മയങ്ങി...

ബ്രീഫിങ്ങിനായി GSO1 OPS 10 മണിക്ക് എത്തുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും, ഏതോ കാരണത്താൽ പകരം ക്യാപ്റ്റൻ റനാഡെ സാബ് ആണ് എത്തിയത്..30 വയസ്സിൽ താഴയേ കാണൂ റനാഡെ സാബിന്..കാണാൻ വെളുത്തു സുന്ദര നായ ഒരു കോളേജ് വിദ്യാർത്ഥിയെപോലെ



തോന്നുമെങ്കിലും, ചടുലമായ ശരീരഭാഷയും വാക്കുകളിലെ ഗൗരവവും മുതിർന്ന ഒരു ആർമി ഓഫീസറുടേത് തന്നെയായിരുന്നു..!

ഞാൻ ഉൾപ്പെടെ രണ്ട് NCO (non commissioned officer )യും,10 ജവാൻമാരും, ഒരു JCO(junior commissioned officer)ഉം ആണ് ബ്രീഫിങ് നു വേണ്ടി എത്തിയത്..മറ്റുള്ളവരെ പോലെ ബുള്ളറ്റ്പ്രൂഫും, ഹെൽമറ്റും ഒക്കെ അണിഞ്ഞ് പുറത്ത് ബഡാപിറ്റുവും, തോളത്ത് റൈഫിളും പിന്നെ.. 'ഗർഭിണിയുടെ ഒക്കത്തൊരു കുഞ്ഞും' എന്ന പോലെ വയർലെസ്സ് റേഡിയോസെറ്റും കൂടി തോളിൽ വെച്ചാണ് എന്റെ നിൽപ്പ്..! എന്ത് ചെയ്യാനാണ് സിഗ്നൽ കോറിൽ റേഡി യോ ഓപ്പറേറ്റർ ആയാൽ ഇതൊക്കെയാണ് പ്രയോജനം..

റനാഡെ സാബ് പറഞ്ഞു തുടങ്ങി..

'സുഹൃത്തുക്കളെ നാളെ ജനുവരി 26 ആണെന്ന് അറിയാമല്ലോ..സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം..തുടങ്ങിയ ദേശീയ ആഘോഷ വേളകളിൽ ഭീകരാക്രമണം നടത്തി നമ്മുടെ രാജ്യത്തിന്റെ സുരക്ഷയെ വെല്ലുവി ളിക്കുന്നത് തീവ്രവാദികളുടെ ഒരു പതിവാ യിരിക്കുകയാണല്ലോ!..ഇക്കുറിയും അതിനു ഒരു മാറ്റവുമില്ല..നമ്മുടെ തൊട്ടടുത്ത ഗ്രാമത്തിൽ ആക്രമണം നടത്തുവാൻ വേണ്ടി അവർ തമ്പടിച്ചിട്ടുണ്ട്..പറ്റുമെങ്കിൽ അവരെ നമുക്ക് ജീവനോടെ തന്നെ പിടിക്കണം. അല്ലെങ്കിൽ തീർക്കണം എന്നെന്നേക്കുമായി..

അതിന് നമ്മൾ ഒരേമനസ്സോടെ ഒത്തൊരുമയോടെ പ്രവർത്തിക്കണം..ലക്ഷ്യം മാത്രമേ മനസ്സിൽ ഉണ്ടാകാൻ പാടുള്ളൂ..ആ ശ്രമത്തിനിട യിൽ നമ്മളിൽ പലർക്കും ജീവൻ വരെ നഷ്ടപ്പെ ട്ടേക്കാം.. പക്ഷേ നമ്മളിൽ അവസാനത്തെ ആളിന്റെ അവസാനശ്വാസം വരെയും പോരാട ണം.. 'ഒന്ന് നിർത്തിയിട്ട് അദ്ദേഹം പറഞ്ഞു.. 'എല്ലാവരും സുരക്ഷിതരായി തിരികെ എത്താൻ നമുക്ക് ഈശ്വരനോട് പ്രാർത്ഥിക്കാം..ജയ്ഹിന്ദ്...

'ജയ് ഹിന്ദ് സാബ്..'എല്ലാവരും ഒരുമിച്ച് മുഷ്ടി ഉയർത്തി ഏറ്റുപറഞ്ഞു..

രാത്രി 12 മണിക്കാണ് ഞങ്ങൾ പുറപ്പെട്ടത്.. മുന്നിലെ ജിപ്സിയിൽ റനാഡെ സാബും ഡ്രൈവറും പിന്നെ ഞാനും..ഓപ്പറേഷനിൽ വലിയ തന്ത്രജ്ഞനായതുകൊണ്ടൊന്നുമല്ല എന്നെ ജിപ്സിയിൽ സാബ് ഒപ്പം കൂട്ടിയത്.. വയർലെസ് സെറ്റ് ഓപ്പറേറ്റർ ആയതുകൊണ്ട് മാത്രം പിന്നിൽ കോംബാറ്റ് ട്രക്കിൽ 10 ജവാൻമാരും സുബേദാർ ഷെഖാവത് സാബും.. ഏതു ദിശയിലേക്കും സെക്കൻഡിൽ അനേകം വെടിയുണ്ടകൾ പായിക്കാൻ കഴിയുന്ന ലൈറ്റ്



വീടുകളുടെ ശബ്ദവും ഒഴിച്ചാൽ ഒരു ഇല വീണാൽ പോലും കേൾക്കാവുന്ന നിശബ്ദതയും ഞങ്ങളുടെ നെഞ്ചിടിപ്പ് ഏറി..

സമയം ഒരു മണി കഴിഞ്ഞു കാണും.. റോഡിൽ നിന്നും ഏകദേശം 100 മീറ്റർ താഴെയുള്ള വീടാണ് ലക്ഷ്യം..

'ഓക്കെ..ദോസ്തോം..എല്ലാം പറഞ്ഞതുപോലെ..ഓപ്പറേഷൻ സ്റ്റാർട്ട്..'

റനാഡെ സാബിന്റെ പതിഞ്ഞ ശബ്ദം ഞങ്ങളുടെ കാതിൽ പതിഞ്ഞു..

ഞാൻ മെല്ലെ റേഡിയോ സെറ്റ് ഓൺ ചെയ്തു.. 'സി ആർ ഫോർ ടൈഗർ.. സി ആർ ഫോർ ടൈഗർ ഓവർ' ശബ്ദം താഴ്ത്തി കോൾ ചെയ്തു.. 'ടൈഗർ ലിസണിങ് ഓവർ' മറുതലയ്ക്കൽ നിന്നും GSO1സാബിന്റെ മറുപടി എത്തി.

'ബസാർ റീച്ചഡ് (കോഡ് വാക്ക് ) ബസാർ റീച്ച്ഡ് ഓവർ' ലക്ഷ്യത്തിൽ എത്തിച്ചേർന്ന മെസ്സേജ് ഞാൻ നൽകി.

'ഓക്കേ കീപ് ലിസണിങ് ഓവർ'

GSO1 സാബ് പറഞ്ഞു നിർത്തി..

നീട്ടിപ്പിടിച്ച സ്റ്റെൻ ഗണ്ണുമായി മരങ്ങളുടെ മറപറ്റി ഓരോ ചുവടും സസൂക്ഷ്മം വെക്കുന്ന റനാടെ സാബിനു പിന്നിൽ ശ്വാസമടക്കിപ്പിടിച്ചു ഞങ്ങളും നീങ്ങി..

ഏകദേശം വീടിന്റെ 20 മീറ്ററോളം അടുത്തെത്തിയപ്പോൾ ക്യാപ്റ്റന്റെ ആംഗ്യ ഭാഷയിലുള്ള അടയാളങ്ങൾ മനസ്സിലാക്കി ഓരോരുത്തർ വീടിന്റെ നാലുമൂലയിലും പൊസിഷൻ എടുത്തു..

ഞാനും മറ്റു രണ്ടുപേരും വീടിന്റെ മുൻഭാഗത്തു ഏകദേശം 20 മീറ്റർ ദൂരത്തു മുന്നിലേക്ക് തള്ളി ഉയർന്നു നിന്നിരുന്ന ഒരു പാറയുടെ വശത്തായിരുന്നു പൊസിഷൻ എടുത്തു കമിഴ്ന്നു കിടന്നത്.. പാറയുടെ മുകളിൽ ഗ്രനേഡ് ലോഞ്ചറുമായി ശേഖവത് സാബും താഴെ ഞങ്ങളും ബാരൽ വീടിന്റെ വാതിലിലേക്ക് നീട്ടിപ്പിടിച്ചു കിടന്നു.പാറയുടെ പിന്നിൽ സ്റ്റൺ ഗണ്ണുമായി രണ്ടുപേർ നിൽപ്പുണ്ടായിരുന്നു.. ഇതിനകംതന്നെ വീടിന് അടുത്തെത്തിയ റനാഡെ സാബ് വാതിലിനു ഇടതുവശത്ത് ഭിത്തിയോട് ചേർന്ന് നിന്ന് ഒന്നുകൂടി എല്ലാം വീക്ഷിച്ച് ഉറപ്പുവരുത്തി.. പിന്നെ ഒട്ടും താമസിച്ചില്ല.. അദ്ദേഹം ഉയർത്തി കാട്ടിയ കൈ അടയാളം കാത്തിരുന്നതുപോലെ പാറയുടെ പിന്നിൽ നിന്നവർ വെടിയുണ്ടകൾ പോലെ മുന്നോട്ടു കുതിച്ചു..

മെഷീൻ ഗണ്ണുമായി മുകളിൽ തലയുയർത്തി ഒരാൾ നിലയുറപ്പിച്ചിട്ടുണ്ട്..ഉള്ളിൽ ഉള്ളവർ നിറതോക്കുകൾ പുറത്തെ ഇരുട്ടിലേക്ക് നീട്ടിപ്പിടിച്ചാണ് ഇരിക്കുന്നത്..

ഏകദേശം 8 കിലോമീറ്റർ കഴിഞ്ഞപ്പോൾ വാഹനങ്ങളുടെ ഹെഡ്‌ലൈറ്റ് അണയ്ക്കാൻ സാബ് നിർദ്ദേശം നൽകി. ജിപ്സിയുടെതിനൊപ്പം പിന്നിൽ ട്രക്കിന്റെയും ലൈറ്റുകൾ അണഞ്ഞു. നിലാവിന്റെ അരണ്ടവെളിച്ചത്തിൽ, ഇരു വശങ്ങളിലും ചിന്നാർ മരങ്ങളും കരിമ്പാറകളും മാത്രമുള്ള വിജനമായ ഒരു പരുക്കൻ പാത യിലൂടെ സാവധാനമാണ് വാഹനങ്ങൾ നീങ്ങികൊണ്ടിരുന്നത്. കുറച്ചുകൂടി മുന്നോട്ടു ചെന്ന് നിർത്തിയ ജിപ്സിയിൽ നിന്നും ഒട്ടും ശബ്ദമുണ്ടാക്കാതെ പുറത്തിറങ്ങിയ റെനാഡെ സാബ് പരിസരമാകെ സസൂഷ്മം നിരീക്ഷിച്ചു..

രണ്ടുമൂന്ന് മലകൾ ചേരുന്ന ഒരു അടിവാരം ആയിരുന്നു അത്. മഞ്ഞുമലകളെ തഴുകിയെത്തുന്ന ശീതക്കാറ്റിന്റെ മർമ്മരം ചെവിയിലേക്കാഞ്ഞടിച്ചു...വളഞ്ഞു പുളഞ്ഞു മുന്നിലെ മലയിടുക്കിലേക്ക് നീണ്ടുകിടക്കുന്ന പാതയിലൂടെ ഇരുവശങ്ങളിലുമുള്ള മരങ്ങളുടെ മറ പിടിച്ച മാർജാരൻമാരെപോലെ ആണ് പിന്നെ ഞങ്ങൾ ഓരോ ചുവടും വെച്ചത്..ജീവന്റെ വിലയുള്ള നിശബ്ദമായ ചുവടുകൾ..

ഏകദേശം 300 മീറ്ററോളം എത്തിയപ്പോൾ ക്യാപ്റ്റൻ സാബ് നിന്നു.. അവിടെ നിന്നും നോക്കിയാൽ താഴെ ആപ്പിൾ മരങ്ങൾക്കിടയിലൂടെ അങ്ങിങ്ങായി ചെറിയ ചെറിയ വീടുകളുടെ മേൽക്കൂരകൾ അവ്യക്തമായി കാണാമായിരുന്നു.. കൊടും കാട്ടിൽ.. കുറ്റാക്കൂരിരുട്ടിൽ..കരിമ്പടം പുതച്ചിരിക്കുന്ന യക്ഷികളെ പോലെയുള്ള മേൽക്കൂരകൾ..ചെങ്കുത്തായ വലതുവശത്ത്.. ഞങ്ങളുടെ നേരെ ചാടാൻ തക്കം പാർത്തിരിക്കുന്ന കാട്ടാനകളെ പോലെ കറുത്ത പാറകളും ഇടക്കിടക്ക് മലമുകളിൽ നിന്നുള്ള ചെന്നായ്ക്കളുടെ ഓരിയിടലും.. ചീ

വാതിലിന് മുന്നിൽ ഉയർന്നുപൊങ്ങിയ അവരുടെ കനത്ത ബൂട്ടുകൾ ഇരുമ്പ് ഉലക്ക പോലെ വാതിലിൽ പതിച്ചു. ചിന്നിച്ചിതറിയ വാതിലിൽ നിന്നുയർന്ന പൊടിപടലങ്ങൾക്കിടയിലൂടെ വെടിയുണ്ടകൾ പോലെ റനാടെ സാബും മറ്റുള്ളവരും അകത്തേക്ക് പാഞ്ഞു കയറി..



'സി ആർ ഫോർ ടൈഗർ.. ബസാർ സ്റ്റാർട്ട് ഓവർ'

ഞാൻ ഉടൻതന്നെ റേഡിയോയിലൂടെ മെസ്സേജ് പാസ് ചെയ്തു.

'ഓക്കേ കീപ് ലിസണിങ് ഓവർ '

മറുതലയ്ക്കൽ നിന്നും മറുപടി വന്നു..

അടുത്ത നിമിഷം തന്നെ വീട്ടിനകത്തു നിന്നും ആദ്യത്തെ വെടി മുഴങ്ങി..അതൊരു സ്റ്റെൻ ഗണ്ണിന്റതായിരുന്നു.അതിന്റെ പ്രകമ്പനം തീരും മുൻപേ അടുത്ത വെടിയൊച്ചയും പിന്നാലെ ഭീകരമായ ഒരു അലർച്ചയും.. പിന്നീട് അങ്ങോട്ട് ഇടതടവില്ലാതെ വെടിയൊച്ചകളും, അലർച്ചയും, അട്ടഹാസങ്ങളും, നിലവിളികളും ഉയർന്നുകൊണ്ടേയിരുന്നു..

തൊട്ടടുത്ത നിമിഷം ആയിരുന്നു അത് സംഭവിച്ചത്.. എന്റെ തലയ്ക്കു തൊട്ടു മുകളിൽ കൂടി മിന്നൽപിണർ പോലെ ഒരു തീക്ക്ഷ്ണം പാഞ്ഞുപോയി..

തൊട്ടുപിന്നാലെ പാറയുടെ മുകളിൽ നിന്ന് ശേഖവത് സാബിന്റെ ദേഷ്യവും വേദനയും കലർന്ന നിലവിളി ഉയർന്നു..

'എന്റെ കാല് പോയെടാ..ചുടെടാ ആ തന്തയില്ലാത്തവൻമാരെ..'

തൊട്ടു പിറകെ ബാലൻസ് തെറ്റി അദ്ദേഹവും താഴേക്കു പതിച്ചു.. അതും സൂക്ഷ്മം എന്റെ മുകളിൽ തന്നെ.. എന്റെ കാലിൽ ആദ്യം പതിച്ചത് ആ കനത്ത ബൂട്ടുകൾ ആയിരുന്നു.. വേദന കൊണ്ട് പുളഞ്ഞു പോയ എനിക്ക് കുറച്ചു നിമിഷങ്ങൾ കഴിഞ്ഞാണ് സ്ഥലകാലബോധം തിരിച്ചുകിട്ടിയത്.

വീണ്ടും മുന്നിലെ വാതിലിൽ കണ്ണുംനട്ട് കിടക്കുന്നതിനിടയിൽ..പെട്ടന്ന്..വീടിന്റെ ഇടതുവശത്തെ മരങ്ങൾക്കിടയിലേക്ക് പ്രാണരക്ഷാർത്ഥം ഒരുത്തൻ ഇറങ്ങി ഓടുന്നത് ഞാൻ കണ്ടു.. ആ നിമിഷം തന്നെ എന്റെ റൈഫിളിൽ നിന്നു പാഞ്ഞ വെടിയുണ്ടകൾ ഒന്നും പാഴായില്ലെന്ന് അവന്റെ ഭീകരമായ അലർച്ചയിൽ നിന്ന് വ്യക്തമായിരുന്നു.. വെടി കൊണ്ട കാട്ടുപന്നിയെപ്പോലെ കുറച്ചുകൂടി ഓടിയെങ്കിലും ഒരലർച്ചയോടെ അവൻ താഴേക്ക് പതിച്ചു ..

ഓപ്പറേഷൻ തുടങ്ങിയിട്ട് ഏകദേശം പതിനഞ്ച് മിനിറ്റോളം ആയിരിക്കുന്നു.. വെടിയൊച്ചകളും ശബ്ദഘോഷങ്ങളും ഒക്കെ നിലച്ചിരുന്നു.. ഞങ്ങൾ വാതിലിലേക്ക് തന്നെ ശ്രദ്ധകേന്ദ്രീകരിച്ചു കിടന്നു.. നിമിഷങ്ങൾ പിന്നെയും കടന്നുപോയി കൊണ്ടിരുന്നു..അകത്തേക്ക് പോയ റനാഡെ സാബും മറ്റുള്ളവരും ഇതുവരെയും പുറത്തുവന്നിട്ടില്ല..

ഞങ്ങളിൽ മെല്ലെമെല്ലെ ഭീതി പടരാൻ തുടങ്ങി.. ഞാൻ സമീപത്തുണ്ടായിരുന്ന ഗ്രനേഡ് ലോഞ്ചറിലേക്ക് നോക്കി.. ആ വീട് ഒന്നാകെ തന്നെ തകർക്കുവാൻ കഴിവുള്ള ആയുധം ഇത് പ്രയോഗിക്കേണ്ടി വരുമോ?.. എന്ന് ചിന്തിക്കുമ്പോഴായിരുന്നു..

തകർന്ന വാതിലിൽ ഒരാൾ രൂപം മെല്ലെ മെല്ലെ തെളിഞ്ഞു വന്നത് ..

പൊടിപടലങ്ങൾക്കിടയിലും തെളിഞ്ഞു കാണാമായിരുന്നു..തിളങ്ങുന്ന ആറു നക്ഷത്രങ്ങൾ

..റനാഡെ സാബിന്റെ പുറകിൽ മറ്റുള്ളവരും ഉണ്ടായിരുന്നു.

ഞങ്ങൾ ആഹ്ലാദത്തോടെ.. ആരവത്തോടെ.. ഓടിച്ചെന്ന് അവരെ കെട്ടിപ്പിടിച്ചു.. അപ്പോളാണ് അദ്ദേഹത്തിന്റെ ഇടത്തേ കൈപ്പത്തിയിൽ നിന്നും ഇറ്റിറ്റു വീഴുന്ന ചോര തുള്ളികൾ എല്ലാവരും കണ്ടത്..

'ഒരു ബുള്ളറ്റ് കൈപ്പത്തിയിലൂടെ കടന്നു പോയി.. സാരമില്ല..' First aid ചെയ്യുന്നതിനിടയിൽ റനാഡെ സാബിന്റെ ചിരിച്ചുകൊണ്ടുള്ള മറുപടി 'സി ആർ ഫോർ ടൈഗർ..ബസാർ ഫിനിഷ്ഡ്.. ടു ഇൻജൂവേർഡ്.. റിക്വയേർഡ് ക്വിക് ഇവക്വേഷൻ ഓവർ.. 'ഞാൻ അവസാനത്തെ മെസ്സേജും പാസ് ചെയ്തു..

വീട്ടിനുള്ളിൽ നിന്നും തീവ്രവാദികളുടെ ചോരയിൽ കുളിച്ചു കിടന്ന ശരീരങ്ങളും, അവർ ഉപയോഗിച്ചിരുന്ന ആയുധങ്ങളും, മറ്റു സാധനങ്ങളും എല്ലാം ട്രക്കിൽ കയറ്റിയപ്പോഴേക്കും പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുവാൻ ക്വിക്ക് റിയാക്ഷൻ ടീമിന്റെ വാഹനവും എത്തിച്ചേർന്നിരുന്നു..

എല്ലാം കഴിഞ്ഞ് ക്യാമ്പിൽ എത്തിയപ്പോഴേക്കും നേരം നന്നേ വെളുത്തിരുന്നു..

ബാരക്കിൽ എത്തി ഡ്രസ്സ് അഴിച്ചപ്പോൾ ആണ് നീരുവെച്ച് വീർത്തു കഴിഞ്ഞിരുന്ന എന്റെ വലത്തേ കാലിന്റെ രൂപം കണ്ട് ഞാൻ ഞെട്ടി പോയത്. ഇനി വെച്ച് കൊണ്ടിരുന്നാൽ സംഗതി വഷളാകുമെന്ന് എനിക്ക് ഉറപ്പായി..

അങ്ങനെ എട്ട് മണിക്ക് തന്നെ എന്നെയും വഹിച്ചുകൊണ്ടുള്ള മിലിട്ടറി ആംബുലൻസ് ശ്രീനഗർ മിലിറ്ററി ഹോസ്പിറ്റലിലേക്ക് തിരിച്ചു.. സഹായത്തിന് പാലാകാരനായ ജോണികുട്ടിയും ഉണ്ടായിരുന്നു എന്നോടൊപ്പം..

ആറ് കിലോമീറ്ററോളം ചെന്നപ്പോൾ, ഇടതുവശത്തുള്ള സ്കൂളിൽ റിപ്പബ്ലിക് ദിനാഘോഷം നടക്കുകയായിരുന്നു.. അവിടെ റോഡരികിലേക്ക് ചേർത്ത് വണ്ടി നിർത്തുവാൻ ഡ്രൈവർ രാംസിങ്ങിനോട് ഞാൻ പറഞ്ഞു..

സ്കൂൾ മുറ്റം നിറയെ കുട്ടികളും കുറച്ചു അധ്യാപകരും ഉണ്ടായിരുന്നു..ദേശീയ പതാക ഉയർത്തിയതിനു ശേഷം കുട്ടികളുടെ കലാപരിപാടികൾ നടക്കുകയായിരുന്നു അവിടെ.. വാനിൽ പാറിപ്പറക്കുന്ന ആ ത്രിവർണ്ണപതാകക്കു എന്നത്തേക്കാളും ചന്തം ഉണ്ടെന്ന് എനിക്ക് തോന്നിയ നിമിഷങ്ങൾ..

'ഇന്ന്, ആ മുറ്റം നിറയെ പിഞ്ചു കുഞ്ഞുങ്ങളുടെ ശരീരങ്ങൾ ചിന്നിച്ചിതറി കിടക്കേണ്ടതായിരുന്നു.. അല്ലേ സാർ?.ആശ്വാസവും അഭിമാനവും നിറഞ്ഞു നിന്നിരുന്നു രാം സിങ്ങിന്റെ ശബ്ദത്തിൽ..

'അതെ..ആ നിൽക്കുന്ന മനുഷ്യനോടാണ് നമ്മൾ നന്ദി പറയേണ്ടത്...സ്കൂളിൽ ചോരപ്പുഴയൊഴുക്കി, നമ്മുടെ പതാകക്ക് പകരം ശത്രുരാജ്യത്തിന്റെ പതാക ഉയർത്തുവാനുമുള്ള തീവ്രവാദികളുടെ പദ്ധതി നമുക്ക് ചോർത്തി തന്നത് ആരാണെന്ന് രാം സിംഗിനറിയാമോ?..

രാംസിംഗ് അറിയില്ലെന്ന് തലയാട്ടി.

'ആ നിൽക്കുന്ന ഹെഡ്മാസ്റ്റർ സൽമാൻ ഭട്ട് സാർ തന്നെയാണ് നമ്മളെ അറിയിച്ചത്..'

'ദേ... സ്കൂളിലേക്ക് വിരൽ ചൂണ്ടി ഞാൻ പറഞ്ഞപ്പോൾ രാം സിങ്ങിന് വിശ്വസിക്കാൻ കഴിഞ്ഞില്ല..

'അതേ..രാജ്യദ്രോഹിയും, രാജ്യസ്നേഹിയും മതത്തിന്റെയോ, ഭാഷയുടെയോ, ദേശത്തിന്റെയോ, വേഷത്തിന്റെയോ അടിസ്ഥാനത്തിൽ അല്ല സുഹൃത്തേ നിർണ്ണായിക്കപ്പെടുന്നത്..'

നിറഞ്ഞ അഭിമാനത്തോടെ തല കുലുക്കി അവൻ വാഹനം മുന്നോട്ടെടുത്തു...

ഏകദേശം രണ്ട് മണിക്കൂറിനുശേഷം മിലിട്ടറി ഹോസ്പിറ്റലിൽ നിന്നു രാം സിങ്ങും ജോണിയും പുറത്തേക്കു വന്നു.. ഒപ്പം പ്ലാസ്റ്റർ ഇട്ട കാലുമായി ക്രച്ചെസിൽ തൂങ്ങി ഞാനും.. അവിടെനിന്നും ഉടൻതന്നെ എന്നെയും ജോണിയെയും ശ്രീനഗർ എയർപോർട്ടിൽ എത്തിച്ച രാം സിങ്ങ്, തിരികെ ക്യാമ്പിലേക്ക് പോകാനായി ധൃതി കാണിച്ചു..കാരണം ഇന്ന് രാത്രിയും അവന് ഡ്യൂട്ടിക്ക് കയറേണ്ടതാണ്..

'ജയ്ഹിന്ദ് സാർ..ഹാവ് എ ഷോർട്ട് ബ്രേക്ക്..'

നിറഞ്ഞ പുഞ്ചിരിയോടെ ഷേക്ക് ഹാൻഡ് ചെയ്തിട്ട് തിരികെ നടന്ന രാം സിങ്ങിനോട് ഞാനും പറഞ്ഞു..'ജയ്ഹിന്ദ്..'

ബോർഡിങ് പാസുമായി എയർപോർട്ട് ലോഞ്ചിൽ ഇരിക്കുമ്പോഴും ഞാനോർത്തത് രാം സിങ്ങ് പറഞ്ഞ വാക്കുകളായിരുന്നു..

'ഹാവ് എ ഷോർട്ട് ബ്രേക്ക്..'

അതേ..ഇത് ഒരു പട്ടാളക്കാരനുള്ള ഇടവേള മാത്രമാണ്..ഇടവേളകളിലും പോരാട്ടങ്ങൾ തുടർന്ന് കൊണ്ടേയിരിക്കും..രാം സിങ്ങിനെപ്പോലെ..,ഷെഖാവത് സാബിനെ പോലെ.., റനാഡെ സാബിനെ പോലെ..ഓരോ പട്ടാളക്കാരനും...

ജയ് ഹിന്ദ്.




# സംസ്ഥാന കൗൺസിലും യാത്രയയപ്പ് സമ്മേളനവും

ദീർഘനാളത്തെ സേവനത്തിന് ശേഷം മെയ് 31ന് സർവീസിൽ നിന്ന് വിരമിച്ച അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. രമേശ് എം. തമ്പിക്ക് 2024 ജൂൺ 24 ന് സംസ്ഥാന കൗൺസിലും സംസ്ഥാന കമ്മിറ്റിയും ചേർന്ന് യാത്രയയപ്പ് നൽകുകയുണ്ടായി. ഈ യാത്രയയപ്പ് സമ്മേളനം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന സമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ശ്രീ. രമേശ് എം. തമ്പി സാറിനെ പാർട്ടിയിലേക്ക് സ്വാഗതം ചെയ്തു. അങ്ങയുടെ സേവനം എന്നും കോൺഗ്രസ് പ്രസ്ഥാനത്തിന് മുതൽക്കൂട്ടാകുമെന്നും അതിനുവേണ്ട സ്ഥാനങ്ങൾ പാർട്ടിയിൽ നൽകുമെന്നും അഭിപ്രായപ്പെട്ടു. പ്രതിസന്ധി കാലഘട്ടത്തിൽ അസോസിയേഷന് കരുത്തും ഊർജവും ആയിരുന്നു ശ്രീ രമേശ് എം തമ്പി എന്ന് ശ്രീ സുഭാഷ് ചന്ദ്രൻ അഭിപ്രായപ്പെട്ടു.

നിലവിലെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സുഭാഷ് ചന്ദ്രൻ പി കെ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ. അജിത് കുമാർ എസ് സ്വാഗതവും ശ്രീ. പി. സി. വിഷ്ണുനാഥ് എംഎൽഎ, ശ്രീ. കെ. എസ്. ശബരിനാഥൻ എക്സ് എംഎൽഎ, എൻജിഒ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ചവറ ജയകുമാർ, സെക്രട്ടറിയേറ്റ് ആക്ഷൻ കൗൺസിൽ ചെയർമാൻ എം. എസ്. ഇർഷാദ്, സഹോദര സംഘടനാ നേതാക്കളായ ശ്രീ. ഒ. റ്റി. പ്രകാശ്, ശ്രീ. കെ. സി. സുബ്രഹ്മണ്യൻ, ശ്രീ. അരുൺ കുമാർ ആർ. എന്നിവർ ആശംസകൾ നേർന്നു. യോഗത്തിൽ സംസ്ഥാന ട്രഷറർ ശ്രീ. സൂരജ് വി. നന്ദി രേഖപ്പെടുത്തി.

തുടർന്ന് നടന്ന മുൻ നേതാക്കളെ ആദരിക്കൽ ചടങ്ങിൽ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ അൻവർ സാജിദ് അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം ശ്രീ സഞ്ജിത് വി. സ്വാഗതം ആശംസിച്ചു. സ്ഥാപക നേതാക്കളെ ശ്രീ. പി. സി. വിഷ്ണുനാഥ് എംഎൽഎ ആദരിച്ചു. മുൻ നേതാക്കളായ ശ്രീ. വി. ആർ. സി. പിള്ള, ശ്രീ. ജോർജുകുട്ടി,

ശ്രീ പി.സതീഷ് കുമാർ, ശ്രീ. സജു. ജോൺ, ശ്രീ. വിജയൻ നായർ, ശ്രീമതി മഞ്ജു കുമാർ, ശ്രീ. കെ. ജി. അജിത് കുമാർ, ശ്രീ. രാജൻ എസ്. എന്നിവർ യോഗത്തെ സംബോധന ചെയ്ത് സംസാരിച്ചു. ജില്ലകളിൽ നിന്നുള്ള പ്രതിനിധി ആയി ശ്രീ ഷാജി (കൊല്ലം), ശ്രീ. സൈഫുദ്ദീൻ (പത്തനംതിട്ട), ശ്രീമതി ഷിജിനിമോൾ തമ്പി (കോട്ടയം), ശ്രീ. ആന്റോ ജോസ്(എറണാകുളം) എന്നിവർ സംസാരിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സന്തോഷ് കുമാർ ഡി. നന്ദി രേഖപ്പെടുത്തി.

ഉച്ചയ്ക്ക് 12.30ന് ചേർന്ന സംസ്ഥാന കൗൺസിൽ യോഗത്തിൽ സംസ്ഥാന കൗൺസിൽ ചെയർമാൻ ശ്രീ. ഷാനവാസ് എസ്. അധ്യക്ഷത വഹിച്ചു. സംസ്ഥാന കൗൺസിൽ വൈസ് ചെയർമാൻ ഫ്രഞ്ചസ് ഡി. സ്വാഗതം ആശംസിച്ചു. തുടർന്നു ചേർന്ന സംസ്ഥാന കൗൺസിൽ, സംസ്ഥാന പ്രസിഡന്റ് ശ്രീ. രമേശ് എം. തമ്പി വിരമിച്ചതിനാൽ ശ്രീ. സുഭാഷ് ചന്ദ്രൻ പി. കെ. യെ പ്രസിഡന്റായും ശ്രീ. അജിത് കുമാർ എസിനെ ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുത്ത സംസ്ഥാന കമ്മിറ്റി തീരുമാനം അംഗീകരിച്ചു. കൂടാതെ സംസ്ഥാന കമ്മിറ്റി ജോയിന്റ് സെക്രട്ടറിയായി ശ്രീ. വിനാംസി ലോറൻസിനെയും സംസ്ഥാന കമ്മിറ്റി അംഗമായി ശ്രീ. സുനിൽ വൈ. യെയും സംസ്ഥാന കൗൺസിൽ അംഗമായി ശ്രീ. പീറ്റർ ഷാജി സി. എയും തിരഞ്ഞെടുത്ത നടപടിക്രമവും അംഗീകരിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ. ശ്രീലത ടി. സി. നന്ദി രേഖപ്പെടുത്തി.

ഉച്ചയ്ക്ക് 2.30ന് ചേർന്ന വിരമിച്ച ജീവനക്കാരുടെ കൂട്ടായമയായ്മയിൽ ശ്രീ. വി. ആർ. സി. പിള്ള അധ്യക്ഷത വഹിക്കുകയും ശ്രീ. രമേശ് എം. തമ്പി സ്വാഗതം ആശംസിക്കുകയും ചെയ്തു. കെ പി സി സി സെക്രട്ടറിയും മുൻ പി എസ് സി അംഗവുമായ ശ്രീ. വി. എസ്. ഹരീന്ദ്രനാഥ് യോഗം ഉദ്ഘാടനം ചെയ്തു. മുൻ നേതാക്കളായ ശ്രീ. ജോർജുകുട്ടി, ശ്രീ. പി. സതീഷ് കുമാർ, ശ്രീ. സജു ജോൺ, ശ്രീ. വിജയൻ നായർ, ശ്രീമതി മഞ്ജു കുമാർ, ശ്രീ. കെ. ജി. അജിത് കുമാർ, ശ്രീ. രാജൻ എസ്., ശ്രീ. കെ. രമണൻ എന്നിവർ യോഗത്തെ സംബോധന ചെയ്ത് സംസാരിച്ചു. അസോസിയേഷൻ നേതൃത്വത്തിൽ വിരമിച്ച അംഗങ്ങളുടെഒരു സംഘടന രൂപീകരിക്കണം എന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. പി. എസ്. സി എംപ്ലോയീസ് അസോസിയേഷന്റെ പ്രാഥമിക അംഗത്വത്തോടെ സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരെ മാത്രം ഉൾകൊള്ളിച്ച് ഒരു വാട്സാപ്പ് ഗ്രൂപ്പും അസോസിയേഷന്റെ മാത്രമായൊരു പെൻഷനേഴ്സ് സംഘടനയും രൂപീകരിക്കണം എന്ന ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി അസോസിയേഷന്റെ സ്ഥാപക നേതാക്കളായ സർവ്വശ്രീ. വി. ആർ. സി.പിള്ള, എ. കെ. സാദിക്, സതീഷ് കുമാർ, ഒ.ജോർജ് കുട്ടി, പി. കെ.സുധാകരൻ എന്നിവർ രക്ഷാധികാരികൾ ആയി അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിൽ ഒരു പെൻഷനേഴ്സ് സംഘടനക്ക് (PSC EMPLOYEES ASSOCIATION RETIRED LIVES' SOCIETY - PEARLS) രൂപം നൽകാൻ തീരുമാനിച്ചു.

ശ്രീ.രമേഷ്.എം.തമ്പിയെ സംസ്ഥാന പ്രസിഡന്റായും, ശ്രീ.എം.മുഹമ്മദ് ജാസിയെ സംസ്ഥാന ജനറൽ സെക്രട്ടറി ആയും ശ്രീ. കെ. ജി.അജിത്കുമാറിനെ സംസ്ഥാന ട്രഷറർ ആയും സർവ്വശ്രീ സജു ജോൺ, ശ്രീമതി മഞ്ചുകുമാർ എസ്. വൈസ് പ്രസിഡന്റുമാർ ആയും, സർവ്വശ്രീ.എസ്.രാജൻ, ശ്രീമതി തങ്കജ്യോതി എന്നിവർ ജോയിന്റ് സെക്രട്ടറിമാർ ആയും ഒരു കമ്മിറ്റി രൂപീകരിക്കാനും, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായി സർവ്വശ്രീ. വി.ശശികുമാർ, എം.രാധാകൃഷ്ണൻ നായർ, കെ.രമണൻ, ആർ. സഞ്ജീവൻ, എസ്.അലോഷ്യസ്, ശ്രീമതി വി.എസ്.സിന്ധു, ശ്രീമതി അജിത കുമാരി എം എസ്, ശ്രീ. വിജയൻ നായർ എന്നിവരെയും ഉൾപ്പെടുത്തുവാൻ യോഗം ഐക കണ്ഠേന തീരുമാനിച്ചു.

നിർദ്ദിഷ്ട പെൻഷനേഴ്സ് സംഘടനയുടെ (PEARLS) വിശദമായ ബൈലോ തയ്യാറാക്കി രക്ഷാധികാരി കളുടെ അംഗീകാരത്തോടെ അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി യോഗത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാൻ നിയുക്ത കമ്മിറ്റിക്ക് നിർദ്ദേശം നൽകാനും തീരുമാനമായി. യോഗാനന്തരം പി എസ് സി എംപ്ലോയീസ് അസോസിയേഷൻ കൾച്ചറൽ വിഭാഗത്തിന്റെ 'സംഗീത വിരുന്ന് ' നടന്നു. വൈകുന്നേരം 5:30ന് ദേശീയ ഗാനത്തോടെ സംസ്ഥാന കൗൺസിൽ യോഗവും യാത്രയയപ്പ് സമ്മേളനവും സമാപിച്ചു



തയ്യാറാക്കിയത്

**ഷാനവാസ് എ. എസ്.**

ചെയർമാൻ സംസ്ഥാന കൗൺസിൽ

# അപൂർവ സംഗമത്തിനു വേദിയായി പി.എസ്.സി.



ജയസേനൻ എസ്. എസ്.



തങ്ങളൊരു അപൂർവ നിമിഷത്തിനു സാക്ഷിയാകുമെന്ന് പി.എസ്.സി.കൾച്ചറൽ ഫോറം ഭാരവാഹികളായ അനന്തകൃഷ്ണനനും വിനാംസി ലോറൻസും സ്വപ്നേപി കരുതിക്കാണില്ല. രാജ്യം കാർഗിൽ യുദ്ധവിജയാഘോഷങ്ങളിൽ മുഴുകുമ്പോൾ അതിനോടനുബന്ധിച്ചു് ഒരു ചടങ്ങ് പി.എസ്.സി. അങ്കണത്തിൽ സംഘടിപ്പിക്കണമെന്നു മാത്രമേ ഇരുവരും കരുതിയുള്ളൂ. ചടങ്ങിന് വിശിഷ്ടാതിഥിയായി മലയാളിയും രണ്ടാം കേരള എൻ.സി.സി. ബറ്റാലിയൻ മേധാവിയുമായ മേജർ ആനന്ദിനെ നിശ്ചയിക്കുമ്പോൾ അമ്മ സുശീല പി.എസ്.സി. ജീവനക്കാരി ആണെന്നതും അനുകൂല ഘടകമായി ചടങ്ങിൽ, പി.എസ്.സി.യിൽ ജോലി ചെയ്തിരുന്ന വിമുക്തഭടന്മാരെയും ആദരിക്കുവാൻ നിശ്ചയിച്ചിരുന്നു. എന്നാൽ ചടങ്ങിനു സാക്ഷികളാകുവാൻ അമ്മ സുശീലയേയും അച്ഛൻ ജി.ചന്ദ്രശേഖരനേയും ക്ഷണിച്ചപ്പോഴും ചന്ദ്രശേഖരൻ വർഷങ്ങൾക്കു മുൻപ് പി.എസ്.സി.യിൽ സുരക്ഷാ ജീവനക്കാരനായി ജോലി ചെയ്തിരുന്നു എന്ന വസ്തുത ആദ്യം സംഘാടകരുടെ ശ്രദ്ധയിൽപ്പെട്ടില്ല. കുടുംബാംഗങ്ങൾ ചടങ്ങിനെത്തിയപ്പോൾ മാത്രമാണ്



ഈ വസ്തുത ജീവനക്കാരും അറിയുന്നത്. അതോടെ ചടങ്ങിനൊരു വൈകാരിക പരിവേഷം കൈവന്നു. ധീരസൈനികരെ വിശിഷ്ടാതിഥി ആദരിക്കുന്ന വേളയിൽ തന്റെ ഊഴം വന്നപ്പോൾ ജി.ചന്ദ്രശേഖരൻ ഒരു തികഞ്ഞ സൈനികനായി ചൊടിയോടെ മുമ്പോട്ട് മാർച്ച് ചെയ്തുവന്നു മേജർ ആനന്ദിനെ സല്യൂട്ട് ചെയ്തു അദ്ദേഹത്തിന്റെ പക്കൽ നിന്നും പ്രശംസാപത്രം അഭിമാനപുരസ്സരം ഏറ്റുവാങ്ങി. ഈ അപൂർവതയുടെ ധന്യതയിൽ കമ്മീഷൻ അംഗങ്ങളായ സർവ്വശ്രീ. അബ്ദുൽ സമദ് V.T.K., ഡോ.C.K.ഷാജിബ്, ഡോ.ജിപ്സൺ പോൾ,



കമ്മീഷൻ സെക്രട്ടറി സാജുജോർജ്ജ് എന്നിവരും പി.എസ്.സി. ജീവനക്കാർക്കൊപ്പം സാക്ഷികളായി.

മറ്റൊരു 'കാർഗിൽ' സാന്നിധ്യവും ചടങ്ങിനു ത്രിവർണ്ണ ശോഭ പകർന്നു - കാർഗിൽ യുദ്ധത്തിന്റെ ഒരുക്കങ്ങൾക്കായി ഇന്ത്യ - ചൈന അതിർത്തിയായ കാലിംപോങ്ങിൽ നിന്നും വിളിച്ചു വരുത്തപ്പെട്ട 27 മത് പർവ്വത ഡിവിഷനിൽ അംഗമായിരുന്ന നായിക്ക് ഷാനവാസ് ഖാൻ നിലവിൽ പി.എസ്.സി. സുരക്ഷ ഉദ്യോഗസ്ഥനാണ്. ചടങ്ങിൽ, പി.എസ്.സി. കൾച്ചറൽ ഫോറം ഗായകസംഘം ജനപ്രിയ ഗാനമായ 'സന്ദേസേ ആത്തെ ഹേ' എന്ന ഗാനം പാടി പ്രേക്ഷകരിൽ ആവേശം നിറച്ചപ്പോൾ ആ 'ട്രൂപ്പിനെ' ചാഞ്ചല്യമേതുമില്ലാതെ 'കമാണ്ട്' ചെയ്തത് കാർഗിൽ യുദ്ധം നേരിൽക്കണ്ട ഈ മുൻ സൈനിക ഉദ്യോഗസ്ഥനായിരുന്നു.



# അനന്തപുരിയുടെ സായാഹ്നങ്ങളിൽ



ജിതിൻ ജോസ്

ഉച്ചത്തിലുള്ള അലാറം കേട്ടാണ് ഞെട്ടി ഉണർന്നത്. സമയം വെളുപ്പിന് മൂന്നു മണി കഴിഞ്ഞിരിക്കുന്നു. കിടക്കാൻ നേരം ഓരോന്നാലോചിച്ച് തിരിഞ്ഞും മറിഞ്ഞും കിടന്ന് എപ്പോഴാണ് ഒന്നുറങ്ങിപ്പോയത് എന്നറിയില്ല. ഏതായാലും തെല്ലൊന്നുറങ്ങിപ്പോയതേയുള്ളൂ എന്ന് തടിച്ചു വീർത്ത കൺതടങ്ങൾ കണ്ണാടിയിലൂടെ ഓർമ്മിപ്പിക്കുന്നുണ്ടായിരുന്നു. ചുറ്റുപാടുമൊന്ന് കണ്ണോടിച്ചു നോക്കി. മുറിക്കുള്ളിൽ ചുറ്റിക്കറങ്ങിയിരുന്ന ചൂടുവായു പുലരാറായതിനാൽ തെല്ലൊന്നു ശമിച്ചെന്ന് തോന്നി. മീനം തുടങ്ങിയതു മുതൽ ഇപ്പോൾ ഇതാണ് അവസ്ഥ. ഇടയ്ക്കൊന്നു മൂത്രമൊഴിക്കാൻ എണീറ്റാൽ മേലാകെ കുറച്ചു വെള്ളം തളിച്ചിട്ടു വന്ന് ഫാനിന്റെ ചുവട്ടിൽ കിടക്കും. കുറച്ചുനേരം മാത്രം നീണ്ടു നിൽക്കുന്ന ആ തണുപ്പിൽ ഒന്നുറങ്ങി കിട്ടിയാൽ രക്ഷപ്പെട്ടു. ഇന്നലേയും പതിവുപോലെ ആയിരുന്നെങ്കിലും ചിന്തകൾ മനസ്സിനെ വല്ലാതെ മഥിച്ചിരുന്നത് കൊണ്ടാവണം വെറുതെ ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞു കിടന്ന് ഉറങ്ങിയെന്ന് വരുത്തിയത്. വളരെ നാളുകൾക്കു ശേഷം വീട്ടിൽ നിന്നും വിട്ടുനിൽക്കാൻ പോകുന്നതിന്റെ വിഷമം ഉള്ളിലുണ്ട്. എങ്കിലും ...

അടുത്തുനിന്നെവിടെന്നോ ഒരു ട്രെയിനിന്റെ ചൂളം വിളി കേട്ടു. കുറച്ചു മാറി റെയിൽപാളമുണ്ട്. ഇനി തനിക്കും ദീർഘദൂര യാത്രയുടെ കാലമാണല്ലോ എന്ന് അപ്പോളോർത്തു. കുളി കഴിഞ്ഞ് ഡ്രസ്സ് മാറി പൂമുഖത്തേക്ക് വന്നു. നിലാവെളിച്ചം മുഖത്തടിക്കാത്ത വിധം മേൽക്കൂര കൊണ്ട് മൂടി ചുറ്റുപാടും വീടുകളെല്ലാം നല്ല ഉറക്കത്തിലാണ്.മുൻവശത്തെ വാതിൽ ചാരി, ശബ്ദമുണ്ടാക്കാതെ ഞാൻ ലഗേജുമെടുത്ത് പുറത്തു കടന്നു. കാർ പോർട്ടിക്കോവിൽ നിന്നിറക്കിയതും തൊട്ടടുത്ത വീട്ടിലെ വർഗ്ഗീസ് ചേട്ടന്റെ സെന്റ് ബർണാഡ് ഒന്ന് മുരണ്ടു. അയാളുടെ മൂത്ത മകൻ അതിനെ കഴിഞ്ഞ മാസം ഇംഗ്ലണ്ടിൽ നിന്ന് വരുത്തിയതാണ്. ഗെയ്റ്റിന് പുറത്തെത്തിയതും, വണ്ടിയിൽ നിന്നിറങ്ങി ഡിക്കിയിലുള്ള ബാഗിൽ തലേന്ന് വച്ച ഓർഡർ ഉണ്ടോ എന്ന് ഒന്നുകൂടെ നോക്കി.കഴിഞ്ഞയാഴ്ച സിന്ധു മാഡത്തിന്റെ കൈയിൽനിന്നും കൈപ്പറ്റിയ നടപടിക്രമത്തിന്റെ പകർപ്പ്.അത് അവിടെത്തന്നെ ഭദ്രമായുണ്ട്. അപ്പോളിനി യാത്രയില്ല.

നിലാവിന്റെ നീല രശ്മികളെ കീറിമുറിച്ചുകൊണ്ട് കാർ മുന്നോട്ട് നീങ്ങി. ജോസും ഷിൻസും ശ്രീദേവുംഎറണാകുളത്തു നിന്നും ജോയിൻ ചെയ്യാമെന്ന് പറഞ്ഞു.ഇനി അടുത്ത ഒരു വർഷം തലസ്ഥാന നഗരിയിൽ.! സർവീസിലെ ട്രാൻസ്ഫർ എന്ന പ്രഹേളികയ്ക്ക് മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട് എറണാകുളത്തോട് വിടപ




റഞ്ഞ് ഞങ്ങൾ നാലുപേരും കൂടി അങ്ങനെ തിരുവനന്തപുരത്തേക്ക് യാത്ര പുറപ്പെട്ടു.

ഷിൻസിന്റെ ഡ്രൈവിംഗ് കൊണ്ടോ അതോ റോഡിന് എതിരെ വരുന്ന വണ്ടിക്കാരുടെ ക്ഷമകൊണ്ടോ ഏതാണെന്ന് അറിയില്ല അത്ഭുതകരമാം വിധം എങ്ങനെയൊക്കെയോ ഞങ്ങൾ ട്രിവാൻഡ്രം ലാൻഡ് ചെയ്തു.ആറുവർഷം മുമ്പൊരു ട്രാൻസ്ഫറിൽ ഒന്ന് തിരുവന്തോരം വരെ പോയി വന്നതാണ്. അന്ന് താമസമന്വേഷിക്കാൻ വൈകിയതിനാൽ കുടികിടപ്പ് സെക്രട്ടറിമാരുടെ കൂടെയാക്കേണ്ടിവന്നു. Under Secretary, Deputy Secretary പിന്നെ Joint Secretary യും..താമസം ഗസറ്റഡ് വിലാസത്തിലായതിനാൽ ഒരു ചെറിയ തലക്കനം തോന്നാതിരുന്നില്ല.പക്ഷേ രാത്രിയെങ്ങാനും റൂമിൽ മൊബൈലിന്റെ വെളിച്ചം കണ്ടാൽ അപ്പോൾ തന്നെ ഒരശരീരി കേൾക്കാം. ‘നാളെ ഓഫീസ് ഉള്ളതല്ലേ..? കിടക്കാൻ നോക്ക്. ആ കൊച്ചിനെ പിന്നെ ചാറ്റ് ചെയ്യാം’. കൂട്ടത്തിൽ ഒരു അടക്കിപ്പിടിച്ച ചിരിയും. അങ്ങനെ daily routines ഒന്നും ശരിയാവാതിരുന്ന ഞാൻ മൂന്നുമാസത്തിനുള്ളിൽ ഭാഗ്യവശാൽ ലഭിച്ച ഒരു വിരമിക്കൽ ഒഴിവിൽ തൃശ്ശൂരിൽ വന്നണഞ്ഞതാണ്. പിന്നെ ഇപ്പോഴാണ് തലസ്ഥാനത്ത് പൊങ്ങുന്നത്. പക്ഷേ ഇത്തവ ണ എല്ലാം കണക്കുകൂട്ടി തന്നെയാണ് വന്നിരിക്കുന്നത്. പി എസ് സി ജീവനക്കാരുടെ Quarters ആയ തങ്കമ്മ സാറിന്റെ വീട്ടിൽ തന്നെ പോയി. പക്ഷേ ഏതോ ചില കാരണങ്ങളാൽ വീട് വാടകയ്ക്ക് കൊടുക്കുന്നത് നിർത്തിയെന്ന് മാഡം പറഞ്ഞത് കൊണ്ട് രണ്ടാഴ്ചയ്ക്കകം അവിടുന്ന് ചാടി. അങ്ങനെ വീണ്ടും കുറച്ചുനാളത്തെ അന്വേഷണത്തിനോടുവിലാണ് ഞങ്ങളുടെ ആസ്ഥാന ജീവിതത്തിലെ പല നല്ല നിമിഷങ്ങൾക്കും വേദിയായ ഇപ്പോഴത്തെ ഹോസ്റ്റൽ തരപ്പെടുന്നത്. സ്നേഹത്തോടെ ഞങ്ങളതിന് ഒരു പേരുമിട്ടു. ‘മരപ്പാലം ഹോസ്റ്റൽ’. അവിടെ പോയി ഒറ്റയ്ക്ക് ജീവിക്കുമ്പോഴെങ്കിലും സ്വന്തമായി അരിയും കറിയും വയ്ക്കാൻ നിങ്ങൾ പഠിച്ചോളും എന്ന എന്റെ ബീവിയുടെ ശാപം ഫലിച്ചില്ല. താമസിക്കാൻ വലിയ റൂം.കിടക്കാൻ Repose ന്റെ മെത്ത. ചൂടത്ത് ഒന്ന് chilled ആവാൻ AC യും.! വയർ എങ്ങാനും വിശന്നാൽ കൈകഴുകി ഒന്ന് വന്നിരുന്നാൽ മതി. ചൂടുള്ള ദോശയും ചമ്മന്തിയും ടേബിളിൽ റെഡി. ആഹാ, ഭൂമിയിലൊരു സ്വർഗ്ഗമുണ്ടെങ്കിൽ അതിതാണ്, ഇതാണ്, ഇതാണ്.അങ്ങനെ നാളുകൾ കടന്നുപോയി.ദിവസങ്ങൾ ആഴ്ചകളായി... ആഴ്ചകൾ മാസങ്ങളായി.... തുടക്കത്തിൽ അഞ്ചാറു പേർ മാത്രമുണ്ടായിരുന്ന ഹോസ്റ്റലിൽ ഇപ്പോൾ 23 പേരായി. പല മേഖലകളിൽ നിന്നുള്ളവർ. IT Professionals, Construction Workers, Civil service coaching ന് പഠിക്കുന്നവർ, കോളേജ് സ്റ്റുഡൻസ്.. അങ്ങനെ എല്ലാവരും ചേർന്ന് ഞങ്ങളൊരു വൻ സംഘമായി. ‘മരപ്പാലം ഹോസ്റ്റൽ ബോയ്സ്’ കൊള്ളാം പേരിനൊരു ഗമയൊക്കെയുണ്ട്. പക്ഷേ നമ്മളെന്നും ഇങ്ങനെ ക്രിക്കറ്റ് കളിച്ച് നേരം കളഞ്ഞാൽ ശരിയാവില്ല. നമ്മളാരാണെന്ന് ഈ പരിസരവാസികൾ ശരിക്കറിയണം. അതിന് ചിലതെല്ലാം ചെയ്തേ പറ്റൂ KP ആണ് പറഞ്ഞത്. അവൻ നിസ്സാരമായി പറഞ്ഞത് കുറേ മാസങ്ങളായുള്ള ഞങ്ങളുടെ ജീവിതത്തേപ്പറ്റിയായിരുന്നു. ഓഫീസ് വിട്ടു വരുന്ന സായാഹ്നങ്ങളിൽ ഹോസ്റ്റലിന് ഫ്രണ്ടിലുള്ള കൊച്ചു പറമ്പിൽ soft ball ക്രിക്കറ്റ് കളിച്ചും (കളി എന്നു പറഞ്ഞാൽ കള്ള ക്കളിയാണ്. കണ്ടം ക്രിക്കറ്റ് ലീഗ് - KCL എന്നാണതിന് വിളിപ്പേര്), ദിവസേന വായീനോക്കാൻ ജോഗിങ് എന്ന പേരിൽ (വയർ കുറയ്ക്കാനെന്ന പേരിലും) മ്യൂസിയം നാല് തവണ വലം വച്ചും, തിരിച്ച് റൂമിലെത്തിയാൽ ക്ഷീണം തീർക്കാൻ ഓരോ മയക്കുവെടി വീതം പൊട്ടിച്ച് അതിന്റെ ആവേശത്തിൽ പാതിരാ വരെ ഏതൊക്കെയോ പാട്ടുകളുടെ അറിയാത്ത വരികൾ പാടി ശരിയാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടും ദിവസങ്ങൾ കടന്നു പോകുന്നതറിയാതെ ഞങ്ങൾ ജീവിച്ചു തീർത്തു. അങ്ങനെ ഇരുന്നപ്പോഴാണ് KP യുടെ ഡയലോഗ് ഞങ്ങളുടെയെല്ലാം ഉള്ളിൽ കൊണ്ടത്. നമ്മളെ നാലാളറിയണമെങ്കിൽ മാവേലിയെ ഇറക്കണം. ഓണമല്ലേ വരുന്നത്. ആ വാദം സ്വീകരിക്കപ്പെട്ടു. മാവേലിയായി കൂട്ടത്തിൽ ഏറ്റവും വയറുള്ളവനെത്തന്നെ തിരഞ്ഞെടുത്തു. കൂടാതെ, പുലിയും വേട്ടക്കാരനും. പുലിയുടേയും വേട്ടക്കാരന്റെയും നീക്കങ്ങൾ അപ്പപ്പോൾ റിപ്പോർട്ട് ചെയ്യുന്നതിനായി വലിയ കമന്ററി ബോക്സും കൂടിയായപ്പോൾ സംഗതി പൊളിച്ചു. മാവേലിയും സംഘവും അങ്ങനെ വീടായ



വീടുകൾ എല്ലാം കയറിയിറങ്ങി. വളരെ സ്നേഹത്തോടെ നാട്ടുകാരെല്ലാം ഞങ്ങളെ അകത്തേക്ക് ക്ഷണിക്കുന്നത് കണ്ടപ്പോഴാണ് സംഭവത്തിന്റെ ഗൗരവം മനസ്സിലാകുന്നത്. പുലിയും വേട്ടക്കാരനും ഒന്നുമില്ലെങ്കിലും മാവേലി മാത്രം മതി.. മാവേലിയെന്നു പറഞ്ഞാൽ തിരുവനന്തപുരത്തുകാർക്ക് വെറും രാജാവ് മാത്രമല്ല അവരുടെ മാവേലിത്തമ്പുരാനാണെന്ന സത്യം കുട്ടിക്കളിയുമായി വന്ന സംഘം തിരിച്ചറിഞ്ഞത് വളരെ വൈകാരികമായിട്ടായിരുന്നു. അതിരാവിലെ എഴുന്നേറ്റ് ഓണപ്പൂക്കളം ഇട്ടതും, ഹോസ്റ്റൽ ഓണർ മധുവേട്ടൻ ഒരു കിടിലൻ ഓണസദ്യ ഒരുക്കിയതും ഞങ്ങളിൽ പണ്ടെന്നോ കുട്ടിക്കാലത്ത് ആഘോഷിച്ച ഓണനാളുകളുടെ സൗരഭ്യം പകർന്നു. അങ്ങനെ മരപ്പാലം ഹോസ്റ്റൽ ബോയ്സിന്റെ ബാനറിലെ ഞങ്ങളുടെ ആദ്യത്തെ പ്രോഗ്രാം തന്നെ കെങ്കേമമായി. കട്ട് ഓഫ് ഡേറ്റിനുള്ളിൽ റാങ്ക് ലിസ്റ്റും ഷോർട്ട് ലിസ്റ്റും ഉണ്ടാക്കുന്ന തിരക്കിനിടയിലും ER സെക്ഷനിലെ നല്ലവരായ സഹപ്രവർത്തകരോടുള്ള സൗഹൃദത്തിൻറെ വിത്തുകൾ പതിയെപ്പതിയെ ഉള്ളിൽ പൊട്ടിമുളയ്ക്കുന്നുണ്ടായിരുന്നു. മനസ്സിലെ സംഗീതത്തോടുള്ള ഇഷ്ടം 'ഗായകസംഘം' എന്ന ഗ്രൂപ്പിലേക്കും എന്നെ അടുപ്പിച്ചു. പാട്ട് പ്രാക്ടീസും നർമ്മ സംഭാഷണങ്ങളുമൊക്കെയായി വലിയൊരു സൗഹൃദക്കൂട്ടായ്മയായിരുന്നു അത്. ലഞ്ച് ടൈമിലെ ഇടവേളകളിൽ ഗാനമേളയും മറ്റ് സാംസ്കാരിക പരിപാടികളുമൊക്കെയായി ഞങ്ങൾ കത്തിക്കയറി.

ആയിടയ്ക്കാണ് ഇരട്ടച്ചങ്കന്റെ വക കേരളീയം അരങ്ങേറിയത്. കേരളീയം കൊണ്ട് കേരളത്തിന് ഗുണമൊന്നു മുണ്ടായില്ലെങ്കിലും ഞങ്ങൾക്കത് വലിയ രീതിയിൽ ഗുണം ചെയ്തു. ദിവസേന ജോഗിങ്ങിനായി മ്യൂസിയം പോകുന്ന വഴിയിൽ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും കണ്ണിമാറാ മാർക്കറ്റിലും നിശാഗന്ധി ഓഡിറ്റോറിയത്തിലും എന്നുവേണ്ട സകലമാന ജംഗ്ഷനുകളിലും കലാസാഹിത്യ പരിപാടികൾ അവതരിപ്പിക്കപ്പെട്ടു. അത് കാണാനായി യുവാക്കളുടെ ഒരു വലിയ നിര തന്നെ അണിനിരന്നതിനാൽ അവർക്കായി മാത്രം പ്രത്യേക വീഥിയും (മാനവീയം വീഥി) ഒരുക്കി. സ്വാതന്ത്ര്യം കാംക്ഷിച്ചു നടന്നിരുന്ന ഇളം തലമുറ പാതിരാ മുതൽ വെളുക്കും വരെ നൃത്തച്ചുവടുകളും സിരകളിൽ ലഹരിയുമായി വീഥികളിലൂടെ ഒഴുകി. എണ്ണമറ്റ വർണാലങ്കാര ബൾബുകളാൽ അലങ്കൃതമായ ആസ്ഥാന നഗരിയിലൂടെ ഞങ്ങൾ കൊതി തീരുവോളം ബൈക്ക് സവാരി നടത്തി.

ശിശിരത്തിന്റെ മദ്ധ്യത്തിൽ ഒരു ചെറു വസന്തമായി വന്ന ക്രിസ്തുമസും മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. ജിംഗിൾ ബെൽസിന്റേയുംആട്ടിടയന്മാരുടെയും അകമ്പടിയോടെ കാരൾ ഗാനങ്ങളുമായി ഡിസംബറിലെ ഇളംമഞ്ഞു പെയ്യുന്ന രാത്രിയിൽ സാന്താക്ലോസിനൊപ്പം മരപ്പാലം മുഴുവൻ ഞങ്ങൾ ചുവടുവെച്ചു. നക്ഷത്രങ്ങൾ കൺചിമ്മുന്ന ആ വീടുകളിൽ നിന്നെല്ലാം കുട്ടികൾ ഞങ്ങളുടെ സാന്താക്ലോസിനെ കണ്ണിമവെട്ടാതെ നോക്കി നിന്നതും ജാതിമത ഭേദമന്യേ ക്രിസ്തുമസ്സിന്റെ സ്നേഹ സന്ദേശമായി.

തലസ്ഥാനത്തെ ഏറ്റവും വലിയ ആഘോഷപ്പെരുമയായ ആറ്റുകാൽ പൊങ്കാല കാണാനാണ് ഞാനാദ്യമായി വാരാന്ത്യം വീട്ടിൽ പോകാതെയിരുന്നത്. ചെറുപ്പം മുതൽ ടി.വിയിൽ കണ്ടു പരിചയിച്ച പേരായതിനാൽ അല്പം കൗതുകവും കൂടിയുണ്ടായിരുന്നു. ഓരോ മുക്കിലും മൂലയിലും ഗാനമേളകളും നൃത്തവിരുന്നുകളുമെല്ലാം ചേർന്ന് നഗരമാകെ ഒരൊറ്റ ഒപ്പേറ ഹൗസ് ആയി മാറുകയായിരുന്നു ആ രാത്രികളിൽ. നഗരത്തിനുള്ളിലേക്ക് ഒരു ചെറു വണ്ടി പോലും കയറ്റാൻ പറ്റാത്തത്ര ജന സമുദ്രം. അവസാനം പൊങ്കാലയിട്ട് കഴിഞ്ഞ അന്ന് രാത്രി ഞങ്ങൾ വെറുതെ ഇറങ്ങി നടന്നു.. നഗര മദ്ധ്യത്തിലൂടെ... കിലോമീറ്ററുകളോളം താണ്ടി ആറ്റുകാൽ ക്ഷേത്രസന്നിധിയിൽ എത്തി തിരിഞ്ഞു നടക്കുമ്പോൾ തലേന്ന് ജനനിബിഢമായിരുന്ന അതേ വഴിയുടെ വിജനതയിൽ എല്ലാം മിഥ്യയായിരുന്നോ എന്ന് തോന്നിപ്പോയി. വെളുപ്പാൻ കാലം തിരിച്ച് ഹോസ്റ്റലിലെത്തി വെട്ടിയിട്ട വാഴ പോലെ ഒരുറക്കവും.

ലോകസഭയിലേക്കുള്ള ഇലക്ഷൻ ഡ്യൂട്ടിക്ക് പോസ്റ്റ് ചെയ്യുന്നതിനായി നീട്ടിവെച്ചിരുന്ന ട്രാൻസ്ഫർ ഓർഡർ ഇലക്ഷൻ കഴിഞ്ഞതിന്റെ പിറ്റേന്ന് തന്നെ വന്നെത്തി.ദർശനാണ് KDoc ൽ ഓർഡർ കണ്ടെന്ന് ആദ്യം പറഞ്ഞത്. അങ്ങനെ പ്രതീക്ഷിച്ച പോലെ തിരിഞ്ഞു നടക്കാനുള്ള സമയമായിരിക്കുന്നു മരപ്പാലം ഹോസ്റ്റലും, സിംഗിംഗ് ഗ്രൂപ്പും, ER സെക്ഷനും, മ്യൂസിയവുമെല്ലാം ഒരു സ്വപ്നത്തിലെന്ന പോലെ പെട്ടെന്ന് മനസ്സിലേക്ക് തള്ളി കയറി വന്നു. ഒരു യുഗം അവസാനിക്കുകയാണ്.

ഇനി വീണ്ടും ജില്ലയിലേക്ക്...അടിയും പിടിയും കളികളുമൊക്കെയായി അങ്ങനെ... ഓരോ ട്രാൻസ്ഫറും ഉള്ളിലെവിടെയോ ഒരപരിചിതത്വത്തിന്റെ കനൽ കോരിയിടുമ്പോഴും അവിടെയെല്ലാം സൗഹൃദത്തിന്റെ ഇളം തണുപ്പ് എനിക്കെന്നും അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും എന്തേ ഇപ്പോഴും മനസ്സിൽ ഒരു

വിങ്ങൽ...വിട്ടുപോരാൻ കഴിയാത്ത ഈ അവസ്ഥ ഇതാദ്യമാണെന്ന് തോന്നി.

അടുപ്പം തോന്നിയിരുന്ന എല്ലാവരോടും യാത്ര പറഞ്ഞു. അടുത്ത തവണ ഞാനിവിടെ വരുമ്പോൾ ഇതിൽ പലരുമുണ്ടാവില്ല എന്നുറപ്പാണ്. റിട്ടയർമെന്റായും ട്രാൻസ്ഫറായും പല ജീവിതങ്ങളും മാറിയിട്ടുണ്ടാകും. ഇപ്പോൾ ഒരു സെക്ഷൻ പോലെ കഴിഞ്ഞവർ അന്ന് ഏതൊക്കെ കെട്ടിടത്തിലെ ഏതൊക്കെയോ സെക്ഷനുകളിലിരുന്ന് ഫയലുകൾ ചികയുന്നുണ്ടാകുമെന്ന് വെറുതെ ഓർത്തു. നമ്മൾ പരിചയപ്പെടേണ്ടതും അടുപ്പമാവേണ്ടതും ഒരു നിമിത്തമാണ്. ഇപ്പോൾ പിരിയേണ്ടി വന്നതും അതുപോലെ മറ്റൊരു നിമിത്തം. ഒരുതരത്തിൽ പറഞ്ഞാൽ സമയത്തിനുള്ളിലെ അനിവാര്യത. പക്ഷെ സ്ഥലം മാറ്റങ്ങൾ എനിക്കിപ്പോൾ ശീലമായിരിക്കുന്നു. പണ്ട് വായിച്ച പേരോർമ്മയില്ലാത്ത ഏതോ പുസ്തകത്തിലെ വരികളോർമ്മ വന്നു. സുഹൃത്തുക്കളോടൊപ്പം നാം ചെലവഴിച്ച നിമിഷങ്ങളാണ് ഒരു പക്ഷെ സുഹൃദ്ബന്ധങ്ങളേക്കാൾ മഹത്തരമായി തോന്നുക. സുഹൃത്തിനെ നമ്മൾ കൂടുതലറിയുന്തോറും ഉള്ളിലെ വിഗ്രഹമുടഞ്ഞു പോയേക്കാം. എന്നാൽ അവരോടുത്തുണ്ടായിരുന്ന നിമിഷങ്ങൾ ഒരു മുത്തുച്ചിപ്പിയിലെന്ന പോലെ തിളക്കമാർന്നതായിരിക്കും. എന്റെ മനസ്സിന്റെ ചിപ്പിയിലും വെയിലേറ്റ് വാടാനനുവദിക്കാത്ത എത്രയെത്ര ഓർമ്മകളുണ്ടെന്നാലോചിച്ചപ്പോൾ ഉള്ളൊന്നു തണുത്തു.

'Your attention please, trainno. 16342...... സ്റ്റേഷനിൽ എത്തിയപ്പോൾ ട്രെയിൻ പുറപ്പെടാൻ തുടങ്ങുകയാണ്. ലെഗേജെല്ലാം upper berth ൽ കൊണ്ടു വെച്ച് വിൻഡോ സീറ്റ് ലക്ഷ്യമാക്കി ഞാൻ നടന്നു. ഇട ദിവസമായതിനാൽ പതിവിന് വിപരീതമായി വിജനമായ കൂപ്പ. ഇരിക്കാൻ ഇഷ്ടംപോലെ സ്ഥലമുണ്ട്. എവിടെ നിന്നോ ഒരു വൃദ്ധ ഭിക്ഷു വന്നു എനിക്ക് നേരെ കൈ നീട്ടി. പോക്കറ്റിൽ തപ്പി കിട്ടിയ ഒരു നോട്ടെടുത്ത് ഞാനാ പാവത്തിന് കൊടുത്തു. സമൃദ്ധി വിളയുന്ന തലസ്ഥാന നഗരിക്ക് എന്റെ എളിയ കാണിക്ക. ട്രെയിനിന്റെ പുറപ്പെടാനുള്ള നീളത്തിലുള്ള ചൂളം വിളി കാതിൽ മുഴങ്ങി. കഴിഞ്ഞ ഒരു വർഷത്തെ എന്റെ ഓർമ്മകളും പേറിക്കൊണ്ടിനിയവൻ കൂകിപ്പായും. ദൂരേയ്ക്ക്... ഒരു നിമിഷം വിൻഡോയിലൂടെ തല പുറത്തേക്കിട്ട് ഒരിക്കൽ കൂടി ഞാനൊന്ന് നോക്കി. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പ്രതാപം വാഴും ശ്രീപത്മനാഭന്റെ പഴയ തിരുവിതാംകൂറിന്റെ ഹൃദയത്തിലേക്ക്.....

കവിത

# അന്ധകാരം

മഴക്കാല മേഘങ്ങൾ എല്ലായിടത്തും
മരണത്തിൻ ചൂളം വിളിയ്ക്കുന്നു
കാലം കാത്ത് വച്ച കോമരങ്ങൾ
കാവിൽ ചുടല നൃത്തം ചവിട്ടുന്നു
ജീവിത സന്ധ്യയിൽ മായുന്നു
എന്നിലെ നിഴലുകൾ പോലും
കാലചക്രത്തിൻ പത്മവ്യൂഹത്തിൽ
എങ്ങും മരണം മണം പിടിക്കുന്നു
വീഥികൾതോറും എങ്ങും
ലഹരി വിളമ്പി നിറയ്ക്കുന്നു
അന്ധകാരത്തിൻ അധമ വർഗ്ഗം
നാട്ടിൽ പെറ്റുപെരുകുന്നു
പെൺകനവുകൾ നീറിപുകയുന്നു
ചിരിക്കുന്ന കാലിലെ കുലുസുകൾ
കൊഞ്ചിക്കുഴഞ്ഞു പിടഞ്ഞു വീഴുന്നു
പാപത്തിൻ ശമ്പളം പറ്റുന്ന
പകലിൻ പതിവ്രതകൾ
നിലയ്ക്കാതെ എങ്ങും പായുന്നു
കാമം വിഷക്കണ്ണുമായി
കൂരിരുട്ടിൽ കാത്തു നിൽക്കുന്നു
നഗരങ്ങളിൽ എങ്ങും
പകൽ മാന്യന്മാർ കാമഗന്ധം പരത്തുന്നു
യുവ മിഥുനങ്ങൾ വഴിയിടങ്ങളിൽ
ലഹരി നുകർന്ന് തളർന്ന് വീഴുന്നു
കണ്ണുനീർ തുളുമ്പുമീ രാത്രിയിൽ
നന്മയുടെ പുതിയ പുലരിയ്ക്കായ്
നമുക്ക് ഒന്നായി കാത്തിരിക്കാം



ഷാജി എ.



# ഓണനിലാവിന്റെ ഓർമ്മകളിൽ



ലളിത എസ്

ഓണക്കാലമായാൽ പിന്നെ നാല് കെട്ടിന്റെ തെക്കേ പുറത്തെ വിശാലമായ പറമ്പിൽ പലതരം ഊഞ്ഞാലുകൾ ഉണ്ടാകും. കവുങ്ങിൽ കെട്ടിയ ചെറിയ ഊഞ്ഞാൽ കുട്ടികൾക്കാണ്. വീണാലും സാരമില്ല. കുറച്ചു മാറി വലിയ മാവിൻ കൊമ്പിൽ കുറച്ചുകൂടി വലിയ ഊഞ്ഞാൽ ഉണ്ട്. ചേച്ചിമാർക്കൊക്കെ ആടാനുള്ളതാണ് അത്. വലിയ തെങ്ങുകളിൽ വടം കൊണ്ട് വലിച്ചു കെട്ടിയ വലിയ ഊഞ്ഞാൽ അച്ഛനും വല്യച്ഛനും ചെറിയച്ഛനും ചേട്ടന്മാർക്കുമൊക്കെ ആടാനുള്ളതാണ്. അവിടേക്ക് ഞങ്ങളെ അടുപ്പിക്കില്ല. ആയം പിടിച്ച് വലിയ ഉയരത്തിൽ ഊഞ്ഞാലിൽ നിന്നുകൊണ്ടാണ് ആടുന്നത്. കൂടുതൽ ഉയരത്തിലേക്ക് ആയം പിടിച്ചു എത്താനുള്ള മത്സരമാണ് അവിടെ നടക്കുന്നത്.

ഊഞ്ഞാലാടി രസിച്ച് വിശന്നിരിക്കുമ്പോഴാവും എണ്ണയിൽ മൊരിയുന്ന പലഹാരങ്ങളുടെ കൊതിപ്പിക്കുന്ന ഗന്ധം തേടിയെത്തുന്നത്.

അടുക്കളയിലേക്ക് പോകാൻ തെക്കേപ്പുറത്തെ വാതിലിലൂടെ അകത്തേക്ക് ഓടിക്കയറുമ്പോൾ അവിടെ നേരെ മുന്നിൽ നടുമുറ്റമാണ്.

കർക്കിടകത്തിലെ തിമിർത്തു പെയ്ത മഴ വെള്ളമെല്ലാം നാലു വശത്തുമുള്ള ഓടിന്റെ പാത്തിയിലൂടെ ഒഴുകി വന്ന് വിശാലമായ നടുമുറ്റത്തേക്ക് വീഴും.നടുമുറ്റത്ത് നിന്നും പുറത്തേക്കുള്ള ഒരേറ്റത്തെ ഓവ് അടച്ചുവെച്ച് പാത്തിയിലൂടെ വരുന്ന മഴവെള്ളം മുഴുവൻ നടുമുറ്റത്ത് കെട്ടിനിർത്തും.

പിന്നെയത് നീന്തൽ കുളമാണ്. ഞങ്ങൾ കുട്ടികൾക്ക് അക്കരെയിക്കരെ നീന്തി മറിയാം. മഴ നനഞ്ഞ് നീന്തിത്തുടിച്ച് ശുദ്ധമായ മഴവെള്ളത്തിൽ തിമിർത്തു കുളിച്ച് ഒരാഘോഷമാണ് പിന്നെ. കർക്കിടകപെയ്ത്ത് തോരാതെ ഈ സ്വിമ്മിങ് പൂളിൽ പിന്നെ വെള്ളം വറ്റില്ല.സ്ഫടികം പോലെ നിറഞ്ഞങ്ങനെ കിടക്കും.

അവിടുന്ന് നീളൻ വരാന്തയിലേക്ക് കയറി

മുന്നോട്ട് നീങ്ങിയാൽ ഊണ് മുറിയുടെ വിശാലതയ്ക്ക് അപ്പുറം വടക്കേപ്പുറത്തേക്കുള്ള വാതിലിലൂടെ പുറത്തിറങ്ങി അടുക്കള മുറ്റത്തെ നെടുനീളൻ വരാന്തയിൽ എത്തും.

അവിടെ അയലത്തെ ചേച്ചിമാരും പണിക്കാരും അമ്മയും വലിയമ്മയും ചിറ്റമ്മയും അമ്മായിമാരും എല്ലാം ഉണ്ടാകും. നാല് ഉരലിലാണ് രണ്ടുപേർ വീതം നിന്ന് അരി ഇടിച്ചു പൊടിപ്പിക്കൽ. പൊടിച്ച മാവ് അരിച്ചു മാറ്റാൻ മറ്റൊരു കൂട്ടർ. പിന്നെ മുറ്റത്തെ വലിയ അടുപ്പുകളിൽ ഓടിന്റെ വാർപ്പിൽ മൊരിയുന്ന പലതരം പലഹാരങ്ങൾ. നാട്ടു വിശേഷങ്ങൾ പങ്കുവെച്ചും, പൊട്ടിച്ചിരിച്ചും, നാടൻ പാട്ടുകൾ പാടിയും, അവരതെല്ലാം ആഘോഷമാക്കി മാറ്റും.

വടക്കേപ്പുറത്തെ വിശാലമായ പറമ്പിന് അപ്പുറം പരന്ന് കിടക്കുന്ന പാടത്തുന്ന് കൊയ്ത നെല്ല്, പത്തായത്തിൽ സൂക്ഷിച്ചിരിക്കുന്നത് എടുത്ത് പുഴുങ്ങി കുത്തി അരിയാക്കുന്നതും ഒരു പ്രധാന വേല തന്നെ. പിന്നെ ഇതെല്ലാം അവിടെയും ഇവിടെയും പങ്കുവെച്ച് കൊടുക്കുന്നതും ഓണക്കാലത്തെ ഒരു ആഘോഷ ചടങ്ങാണ്. ഓണക്കോടിക്ക് ഇന്നത്തെപ്പോലെ അല്ല, അന്ന് അത്ര പ്രാധാന്യമില്ല. കുട്ടികൾക്കൊക്കെ മഞ്ഞമുണ്ട് ഉടുപ്പിക്കും. സദ്യ കഴിക്കാനിരിക്കുന്നത് ഈ മഞ്ഞക്കോടി ഉടുത്തിട്ടാണ്. ചേച്ചിമാർക്കൊക്കെ പാവാടയും ഉടുപ്പും തയ്പ്പിക്കും. അതൊക്കെ അമ്മമാരുടെ സാരിയൊക്കെ വെട്ടി തുന്നിയാണ് എടുക്കുന്നത്. പുതുവസ്ത്രങ്ങൾക്ക് അത്ര പ്രാധാന്യമുള്ളതായി തോന്നിയിട്ടില്ല. ആഘോഷമാണ് പ്രധാനം. അതും എല്ലാവരും കൂടി ചേർന്ന് നല്ല സന്തോഷം നിറഞ്ഞ ആഘോഷം.

രാത്രികാലങ്ങളിൽ നാട്ടിൻപുറത്തെ എല്ലാ വീടുകളിലെയും കുട്ടികളും മുതിർന്നവരും എല്ലാം ചേർന്ന് നടത്തുന്ന ആഘോഷ പരിപാടികളുണ്ട്. പുലികളി, കരടി കളി, കൈകൊട്ടി കളി അങ്ങനെ പലതും.

അത്തം തുടങ്ങുന്നത് മുതൽ രാത്രികാലങ്ങളിൽ ആഘോഷമാണ്. ഓരോ വീടുകളിലും കയറിയിറങ്ങി വീടുകളിൽ നിന്നും അവർക്ക് ഓണപലഹാരങ്ങൾ സമ്മാനമായി നൽകുകയും ചെയ്യും.

അന്നൊക്കെ മുറ്റത്തും, തൊടിയിലും, പറമ്പിലുമൊക്കെ ഇഷ്ടംപോലെ പലതരം പൂക്കൾ നിറഞ്ഞു കിടക്കും. കുട്ടികൾ എല്ലാവരും കൂടി, പേപ്പർ കൊണ്ട് കുമ്പിൾ ഉണ്ടാക്കി, അതിൽ യഥേഷ്ടം പൂക്കളൊക്കെ ശേഖരിച്ചു കൊണ്ടുവരും. എന്നിട്ട് എല്ലാവരും കൂടി ഗംഭീരമായി പൂക്കളം ഒരുക്കും. നീലനിറത്തിലെ
കോളാമ്പി പൂക്കൾ,

മഞ്ഞ നിറമുള്ള കാക്കപ്പൂ,
ഡാലിയ, ജമന്തി,
തീപ്പൊരി, ജണ്ടുമല്ലി,
ലില്ലി, തൊട്ടാവാടി,
ചെമ്പരത്തി, മന്ദാരം,
തെറ്റിപ്പൂ, പിന്നെയും
പലതരം പൂക്കൾ
അങ്ങനെ
അങ്ങനെ.
എത്ര
വലിയ



പൂക്കളം ഒരുക്കിയാലും പിന്നെയും പൂക്കൾ ഇഷ്ടം പോലെ ബാക്കിയുണ്ടാവും. അത് വെച്ച് കുട്ടികൾ പ്രത്യേകം കുഞ്ഞു പൂക്കളം ഉണ്ടാക്കി രസിക്കാറുണ്ട്.

നടുമുറ്റത്തിന് അടുത്ത് നീളൻ വരാന്തയിൽ ആണ് എല്ലാവരും പായ നിരത്തി ഇട്ട് സദ്യ കഴിക്കാൻ ഇരിക്കുന്നത്. കൂട്ടുകുടുംബമായതുകൊണ്ട് ഒരു പന്തിയിൽ ഒന്നും സദ്യ തീരില്ല. രുചികരമായ ഓണസദ്യയുടെ പരിപാടികളൊക്കെ കഴിയുമ്പോഴേക്കും സ്ത്രീ ജനങ്ങളൊക്കെ പണിയെടുത്ത് ഒരു പരുവമായിട്ടുണ്ടാവും. എങ്കിലും അത് ആഘോഷത്തിൽ അലിഞ്ഞു ചേരുന്ന ഒരു സന്തോഷം മാത്രമാണ് അന്നൊക്കെ.

കാലം പിന്നെയും പിന്നെയും ഉരുണ്ടു നീങ്ങി. വിഷു വന്നു. വർഷം വന്നു. ശരത്കാലം വന്നു. ശിശിരം വന്നു. പക്ഷേ പിന്നീട് ഭാഗം വയ്ക്കലും അതിരു തിരിക്കലും, അതിർത്തി കെട്ടലും, എല്ലാം കഴിഞ്ഞപ്പോഴേക്കും ഒന്നും പിന്നെ അവശേഷിച്ചില്ല. നാല് കെട്ടും, പറമ്പും, ആഘോഷങ്ങളും എല്ലാം ഓർമ്മകൾ മാത്രമായി മാറി. കിട്ടിയ സ്ഥലത്ത് വീട് വച്ചവരും വിറ്റ സ്ഥലത്ത് മറ്റുള്ളവർ വീട് വെച്ചതും ഒക്കെയായി കാലം അതിന് പുതിയ രൂപഭാവങ്ങൾ ചാർത്തി നൽകി. ഓണാഘോഷം കൂട്ട് കുടുംബത്തിൽ നിന്നും അണു കുടുംബത്തിലേക്ക് മാറി. വിശാലമായ പറമ്പുകൾ എല്ലാം അപ്രത്യക്ഷമായിമാറി. അതിരില്ലാതിരുന്ന സ്നേഹത്തിന് അതിരു കെട്ടി തിരിച്ച് മതിലുകൾ ആക്കി

മാറ്റി. അരുതുകളുടെ അതിർത്തിയ്ക്കുള്ളിൽ അടക്കിയൊതുക്കി അച്ചടക്കത്തോടെ വളർത്തുന്നു എന്ന കാർക്കശ്യത്തിന്റെ അടിച്ചമർത്തലുകളിൽ ഓണത്തിന്റെ നിറവും ആഘോഷങ്ങളുമെല്ലാം ഞെരിഞ്ഞമർന്ന്,വിളറി നിറം മങ്ങിപ്പോയി. ഓണ തുമ്പിയും ഓണനിലാവും മിന്നാമിന്നികളും, കുട്ടിക്കാല ഓർമകളുമെല്ലാം പിന്നീട് ഏകാന്തതയ്ക്ക് അല്പമെങ്കിലുംആശ്വാസമായി.

കുടുംബിനിയായപ്പോൾ ഓണം ഉത്തരവാദിത്വത്തിന്റെ ഭാരം ചുമക്കലായി മാറി. ഒരുക്കലും ചമയ്ക്കലും വിളമ്പലും എല്ലാം പിന്നീട് ആവർത്തിച്ചെങ്കിലും, ആർക്കൊക്കെയോ വേണ്ടി എന്തൊക്കെയോ ചെയ്യുന്നു എന്നതിനപ്പുറം അതൊന്നും ഓണാഘോഷമായി തോന്നിയതേയില്ല.

ഋതുക്കൾ പിന്നെയും മാറിമറിഞ്ഞു കൊണ്ടേയിരുന്നു. ഒപ്പം ജീവിതവും. ഔദ്യോഗിക ജീവിതത്തിലെ നിറച്ചാർത്തിൽ ഏറ്റവും മനോഹരം ഓണാഘോഷം തന്നെയാണ്.

ബഹുസ്വരതയുടെ അപാര സൗരഭ്യവും സൗന്ദര്യവും സുഗന്ധവും ആവോളം നിറഞ്ഞ ഓണാഘോഷം.

ജാതി മത വർഗ്ഗ വർണ്ണ വിവേചനം ഇല്ലാതെ എല്ലാവരും ഒന്നുപോലെ ആഘോഷിക്കുന്ന മാവേലി നാടിന്റെ ഓണാഘോഷം. ഓഫീസ് അങ്കണത്തിലെ ഓണാഘോഷം വർണ്ണങ്ങൾ വാരി വിതറിയ പൂക്കളത്തിന്റെ സൗന്ദര്യം പോലെയാണ്.

സെറ്റുമുണ്ട് ഉടുത്ത്, മുല്ലപ്പൂ ചൂടിയും, ഒരുമിച്ചു പൂക്കളമിട്ടും , ഒരുമിച്ചിരുന്നു ഓണ സദ്യ കഴിച്ചും ആഘോഷത്തിന്റെ അസാധ്യ സൗന്ദര്യത്തിലേക്ക് ഓണം പിന്നെയും തിരിച്ചുവന്നു.മറ്റൊരു രൂപത്തിലും ഭാവത്തിലും. ഒരുപാട് നന്മയും ഓർമകളും മനസ്സിൽ നിറച്ചുകൊണ്ട് അതിങ്ങനെ കടന്നുപോകുന്നു.

എവിടെയൊക്കെ മലയാളികൾ ഉണ്ടോ അവിടെയെല്ലാം ഓണം ഐക്യത്തിന്റെ ആഘോഷ സൗരഭ്യം നിറയ്ക്കുന്നു.

ബഹുസ്വരതയുടെ ഈ മുഗ്ദ്ധ സൗന്ദര്യത്തെ ആവോളം ആസ്വദിക്കാൻ ദേശാതിർത്തികൾക്കതീതമായി തങ്ങളുടെ സഹജീവികളെ കൂടി മലയാളികൾ സ്നേഹത്തോടെ ചേർത്തുപിടിക്കുന്നു. എല്ലാ മനുഷ്യരും പരസ്പരം ഉപാധികളില്ലാതെ സ്നേഹിക്കാനും ബഹുമാനിക്കാനും വിശ്വസിക്കാനും ഒന്നായി ചേർന്ന് ആഘോഷിക്കാനും ലോകം മുഴുവൻ ഈ നന്മനിറയ്ക്കാനും നമ്മൾ മലയാളികൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ഓണാഘോഷം 2024



## സംസ്ഥാന കൗൺസിൽ യോഗവും മുൻ നേതാക്കളെ ആദരിക്കലും
## സർവ്വീസിൽ നിന്നും വിരമിച്ച മുൻ സംസ്ഥാന പ്രസിഡന്റ്

# രമേഷ് എം തമ്പിയ്ക്ക് യാത്രയയപ്പും

**YMCA ഹാൾ സ്റ്റാച്ച്യു തിരുവനന്തപുരം** | **2024 ജൂൺ 24 തിങ്കളാഴ്ച**


































PSCEA
PSCEA

# 36-ാ മത് സ്ഥാപക ദിനാഘോഷവും വിവിധ ജില്ലാ സമ്മേളനങ്ങളും









കൊല്ലം-പത്തനംതിട്ട ജില്ലാ സമ്മേളനങ്ങൾ




ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്,
വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലാ സമ്മേളനങ്ങൾ



# ഒരല്പം അസർബൈജാൻ എടുക്കട്ടെ

*കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച*

രാജേഷ് കൃഷ്ണൻ

നമ്മുടെ നാട്ടിൽ രാഷ്ട്രീയക്കാരുടെ ചിത്രം ചേർത്ത് ഫ്ളക്സ് വെയ്ക്കുന്ന പതിവുണ്ടല്ലോ. അസർബൈജാനിൽ യാത്ര ചെയ്യുമ്പോൾ ഏറ്റവും അധികം കാണാവുന്ന ഒരു രാഷ്ട്രീയക്കാരന്റെ ചിത്രമാണ് Heydar Aliye എന്ന വ്യക്തിയുടേത്. റഷ്യയുടെ ചാര സംഘടനയായ കെ. ജി. ബി. യുടെ മുൻ ഉദ്യോഗസ്ഥനായ ഇദ്ദേഹം October 1993 തൊട്ടു October 2003 വരെ അസർബൈജാന്റെ പ്രസിഡന്റ് ആയിരുന്നു. അർമേനിയയുമായുള്ള യുദ്ധത്തിൽ തകർന്ന രാജ്യത്തെ രക്ഷപ്പെടുത്തിയത് ഇദ്ദേഹമാണ് എന്ന് വിലയിരുത്തപ്പെടുന്നു. Dictatorship മാതൃകയിൽ ആയിരുന്നു ഭരണം എന്നും അഭിപ്രായം ഉണ്ട്.

Heydar Aliyev ന്റെ സ്മരണയ്ക്കായി Baku നഗരത്തിൽ ഒരു വാസ്തു വിദ്യ അത്ഭുതം ഉണ്ട്. Heydar Aliyev Centre എന്ന ഈ കെട്ടിടം, പ്രത്യേക രീതിയിൽ ആണ് നിർമ്മിച്ചിരിക്കുന്നത്. Iraqi-British Architect ആയ Zaha Hadid ന്റെ ഡിസൈനിൽ നിർമ്മിച്ച ഈ കെട്ടിടത്തിൽ corners ഒഴിവാക്കി, സൂര്യപ്രകാശം കെട്ടിടത്തിനുള്ളിൽ പതിക്കുന്ന രീതിയിൽ, പുറത്തു നിന്ന് പല സ്ഥലത്തു നിന്ന് നോക്കിയാൽ പല ആകൃതിയിൽ കാണുന്ന രീതിയിൽ ആണ് നിർമ്മിച്ചിരിക്കുന്നത്. ഇതിനുള്ളിൽ Heydar Aliyev ന്റെ ജീവചരിത്രവും അദ്ദേഹത്തിന് പല രാഷ്ട്രത്തലവന്മാർ സമ്മാനിച്ച വസ്തുക്കളും പ്രദർശിപ്പിച്ചിരിക്കുന്നു.

Centre ഒരു കൊച്ചു കുന്നിന്റെ മുകളിൽ ആണ് നിർമ്മിച്ചിരിക്കുന്നത്. അവിടെ നിന്ന് നോക്കിയാൽ നഗരത്തിന്റെ വിശാല ദൃശ്യം കാണാം. കുന്നിൽ നിന്ന് താഴേക്ക് ഇറങ്ങുവാൻ ആയി പടികളും, എസ്കലേറ്ററും നടന്നിറങ്ങാനുള്ള വഴിയും ഉണ്ട്. ആളുകൾ കൂട്ടത്തോടെയും ഒറ്റയ്ക്കും അവിടെ വന്നു പുസ്തകം വായിച്ചും പാട്ടു കേട്ടും സൊറ പറഞ്ഞും സൈക്കിൾ ചവിട്ടിയുമൊക്കെ സമയം ചിലവഴിക്കുന്നു. നമ്മുടെ നാട്ടിൽ ഇതുപോലെ വന്നിരുന്നു സമയം ചിലവഴിക്കാൻ എത്ര സ്ഥലങ്ങൾ ഉണ്ട് എന്ന് ആലോചിച്ചുപോയി. വീട്ടിലെ ജോലിയും ഓഫീസിലെ ജോലിയും കഴിഞ്ഞു, നമ്മുടെ ഇഷ്ടങ്ങൾക്കായി സമയം കണ്ടെത്തുവാനോ അതിനുള്ള സൗകര്യങ്ങളും നമുക്ക് കുറവല്ലേ എന്ന് ചിന്തിച്ചു പോയി. പുൽത്തകിടിയിൽ ഇരുന്നു ചുറ്റുപാടുകൾ വീക്ഷിച്ചു കുറെ നേരം അവിടിരുന്നു. ഇങ്ങനെ ഇരുന്നാൽ മതിയോ... നമുക്ക് പോകണ്ടേ.... എന്ന് ഡ്രൈവർ. എന്നാ പോകാം എന്ന് ഞങ്ങൾ. ഞങ്ങളെ ഹോട്ടലിന്റെ മുന്നിൽ ഇറക്കി വാഹനം യാത്രയായി. ഹോട്ടലിന്റെ മുന്നിൽ ഒരു കൊച്ചു സൂപ്പർ മാർക്കറ്റ് ഉണ്ട്. അവിടെ കയറി, രാത്രി ഭക്ഷണത്തിനായി കുറച്ചു ആപ്പിളും കാണാൻ കൊള്ളാവുന്ന ബ്രെഡും വാങ്ങി, റൂമിൽ കയറി.

ഭക്ഷണം കഴിഞ്ഞു, പതിവ് പോലെ Instant Coffee Powder പോക്കറ്റിലിട്ട് കാറിൽ കയറി. ഇന്ന് നഗരം വിട്ട് അല്പം ദൂരത്തിൽ ആണ് യാത്ര. നഗരം വിട്ടാൽ വാഹനങ്ങൾ കുറവാണ്.

അസർബൈജാന്റെ ചരിത്രവും അഗ്നിയുമായി അഭേദ്യമായ ബന്ധം ഉണ്ട്. അസർബൈജാന്റെ അർത്ഥം തന്നെ Land of Fire എന്നാണ്. ഈ രാജ്യത്തുള്ള പ്രകൃതി വാതക നിക്ഷേപങ്ങൾ ആണ് ഇതിനു കാരണം. ഭൂമിക്കടിയിൽ നിന്ന് പുറത്തു വരുന്ന ഈ വാതകങ്ങൾ കത്തി പിടി

ക്കുന്നത് കാരണം പലയിടത്തും ഭൂമിക്കുള്ളിൽ നിന്നും തീ ജ്വാലകൾ പുറത്തു വരുന്നതായി കാണാം. അത്തരമൊരു സ്ഥലമാണ് Baku വിൽ നിന്ന് ഏകദേശം 20 km ദൂരം അകലെ ഉള്ള YanarDag അല്ലെങ്കിൽ Burning Mountain. ഇവിടെ വന്നാൽ കത്തുന്ന പാറക്കെട്ടുകൾ കാണാം. പാറക്കെട്ടുകളുടെ ഇടയിലൂടെ പുറത്തു വരുന്ന പ്രകൃതി വാതകം ആണ് ഇതിനു കാരണം. 60 വർഷം മുൻപ് ഒരു ആട്ടിടയന്റെ കയ്യിൽ നിന്ന് അബദ്ധത്തിൽ വീണ തീപ്പൊരിയിൽ കത്താൻ തുടങ്ങിയതാണത്രേ ഈ പാറകൾ. കത്തുന്ന ഈ പാറക്കെട്ടുകളെ ദൈവീകമായി ആരാധിച്ചു നാണയത്തുട്ടുകൾ നേർച്ചയായി ഇടുന്നതും കാണാം.

പ്രകൃതിയിൽ നിന്നുണ്ടായ അഗ്നിയെ ആരാധിക്കുന്ന നിരവധി ക്ഷേത്രങ്ങൾ അസർബൈജാനിൽ ഉണ്ടായിരുന്നു. പലതും ഇപ്പോൾ ഇല്ലെങ്കിലും അത്തരത്തിൽ ഒരു ക്ഷേത്രം, സർക്കാർ തന്നെ പുനഃനിർമ്മിച്ചു പരിപാലിക്കുന്നുണ്ട്. Yanardag –ൽ നിന്ന് ഏകദേശം 30 km ദൂരെ Ateshgah എന്ന ഈ ക്ഷേത്രത്തിൽ ഭൂമിയിൽ നിന്നുയരുന്ന തീജ്വാലകളെ ആരാധിച്ചിരുന്നു. ഈ ക്ഷേത്രം നിർമ്മിച്ചത്, അസർബൈജാനിൽ പണ്ടു വസിച്ചിരുന്ന ഹിന്ദുക്കൾ ആയിരുന്നു എന്നും അതല്ല, Zoroastrianism എന്ന മതക്കാർ ആയിരുന്നു എന്നും വാദങ്ങൾ ഉണ്ട്. ക്ഷേത്രത്തിന്റെ ചുമരുകളിൽ സംസ്കൃതത്തിലും പഞ്ചാബി ഭാഷയിലും ഉള്ള ലിഖിതങ്ങൾ കാണുവാൻ സാധിക്കും. കാലക്രമേണ ക്ഷേത്രം നശിക്കുവാൻ തുടങ്ങി. 1969 – ൽ ക്ഷേത്രത്തിനടുത്ത് ഒരു എണ്ണക്കിണർ കുഴിച്ചു. എണ്ണ ഉത്പാദനം ആരംഭിച്ചപ്പോൾ ക്ഷേത്രത്തിനുള്ളിൽ, ഭൂമിയിൽ നിന്ന് ഉയർന്ന തീജ്വാലകൾ അണയുവാൻ തുടങ്ങി. റഷ്യയിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ച ശേഷം, സർക്കാർ ഇടപെട്ടു ക്ഷേത്രം നവീകരിക്കുകയും, ഗ്യാസ് പൈപ്പ് ലൈൻ ഉപയോഗിച്ച് അഗ്നി ജ്വാലകൾ വീണ്ടും ജ്വലിപ്പിക്കുവാൻ തുടങ്ങി. പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ ക്ഷേത്രത്തിൽ, വിശേഷാൽ സന്ദർഭങ്ങളിൽ മാത്രമേ ചടങ്ങുകൾ നടക്കാറുള്ളു.

അടുത്ത് നേരെ Caspian Sea യുടെ സൗന്ദര്യം ആസ്വദിക്കുവാൻ പറ്റിയ Baku Boulevard എന്ന സ്ഥലത്തേക്ക് ആണ് യാത്ര. വിശാലമായ ഒരു പാർക്ക്. അവിടെ നിന്ന് നോക്കിയാൽ Baku വിലെ ആധുനിക വാസ്തുശാസ്ത്രപ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ, Caspian Sea യുടെ അഭിമുഖമായി കാണാം. അർമേനിയയുമായുള്ള യുദ്ധത്തിൽ, അസർബൈജാൻ സൈന്യം പിടിച്ചെടുത്ത ആയുധങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു Victory Park ഉം Boulevard ന്റെ ഭാഗമായി ഉണ്ട്. Sea എന്ന് പറയുന്നെങ്കിലും യഥാർത്ഥത്തിൽ Caspian Sea ഒരു കടൽ അല്ല. കരയാൽ ചുറ്റപ്പെട്ടു കിടക്കുന്ന, ലോകത്തെ ഏറ്റവും വലിയ തടാകമാണ് Caspian. ആയതിനാൽ ബഹുമാനാർത്ഥം ഇതിനെ കടൽ എന്ന് വിളിക്കുന്നു.

വണ്ടി തിരിച്ചു ഹോട്ടലിനു മുന്നിൽ നിർത്തി. സാമാന്യം നല്ലോണം വിശപ്പുണ്ട്. ആപ്പിളിൽ തീരും എന്ന് തോന്നുന്നില്ല. ഹോട്ടലിനു കുറച്ചു അപ്പുറത്തായി ഒരു ഹോട്ടിലിന്റെ ബോർഡ് കണ്ടിട്ടുണ്ടായിരുന്നു. അങ്ങോട്ട് നടന്നു. പുറത്തു ഒരു ബോർഡിൽ മെനു എഴുതി വയ്ച്ചിട്ടുണ്ട്. കിലുക്കം സിനിമയിൽ ഇന്നസെന്റിനു ലോട്ടറി അടിച്ചപ്പോൾ ഉണ്ടായതിനെക്കാൾ അല്പം കൂടി സന്തോഷം തോന്നി അത് വായിച്ചപ്പോൾ. ചിക്കൻ ബിരിയാണിയും റൈത്തയും നാനും. ഇന്ത്യക്കാരെ പ്രതീക്ഷിച്ചു ഹോട്ടലിനകത്തു കയറിയപ്പോൾ ദേ അസർബൈജാനി ചേച്ചി. രണ്ടു ബിരിയാണിയും നാനും ചിക്കൻ കറിയും പറഞ്ഞു. ഇന്ത്യയിൽ കിട്ടുന്നതിനേക്കാൾ സ്വാദുള്ള ഭക്ഷണം. സംഭവം പാകിസ്താൻകാർ നടത്തുന്ന ഹോട്ടലാണ്. ഭക്ഷണത്തിനു എന്ത് രാഷ്ട്രീയം. എന്ത് അതിർത്തികൾ. ഒന്നാലോചിച്ചാൽ മനുഷ്യന് ഭക്ഷണം അല്ലെ ഏറ്റവും ആവശ്യം. മനസ്സും വയറും നിറഞ്ഞു തിരിച്ചു റൂമിലേക്ക്. പിന്നീടുള്ള ദിവസങ്ങളിൽ എല്ലാം വൈകിട്ട് തിരിച്ചു വന്ന ശേഷം ഇവിടുന്നായിരുന്നു ഭക്ഷണം. ഇന്ത്യക്കാർ പാകിസ്താൻകാർക്കു ടിപ്പ് കൊടുക്കേണ്ടതില്ലാത്തതു കൊണ്ട് ആ കാശു ലാഭം .

ഇന്ന് സുദീർഘമായ യാത്ര ആണ്. മൂന്ന് മണിക്കൂർ ഉണ്ട് ലക്ഷ്യ സ്ഥാനത്തേക്ക് ഒരു പർവ്വത വിനോദ സഞ്ചാര കേന്ദ്രത്തിലേക്കാണ് യാത്ര Coffee Powder പാക്കറ്റുകളുടെ ലഭ്യത ഉറപ്പു വരുത്തി, കൃത്യ സമയത്തു കാറിൽ കയറി ഇരിപ്പായി. നഗര തിരക്ക് പിന്നിട്ട് കാർ വിജനമായ റോഡുകളിലേക്കു കയറി.



Baku വിൽ നിന്ന് ഗ്രാമങ്ങളിലേക്ക് സഞ്ചരിക്കുമ്പോൾ ഭൂപ്രകൃതിയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാകുന്നു. സമതലത്തു നിന്ന് മലനിരകളിലേക്കുള്ള ഈ യാത്രയിൽ പച്ചപ്പ് ഒട്ടും ഇല്ലാത്ത കുന്നിൻ പ്രദേശങ്ങൾ പിന്നിട്ടു, പുല്ല് പ്രദേശങ്ങളും, പൂവിട്ടു നിൽക്കുന്ന മരങ്ങളും താണ്ടി മഞ്ഞ് മൂടിയ മലനിരകൾ എത്തുന്നു. തരിശായി കിടക്കുന്ന പാറപ്രദേശങ്ങളും പൊടി മണ്ണ് നിറഞ്ഞ സ്ഥലങ്ങളും കഴിഞ്ഞാൽ മനോഹരമായ പർവ്വത താഴ്‌വാരങ്ങൾ.. അവിടെ പരന്നു കിടക്കുന്ന, പശുക്കളും ആടുകളും മേയുന്ന പുൽ പ്രദേശങ്ങളും കൃഷി ഇടങ്ങളും. ഇടയ്ക്കിടയ്ക്ക് ജനവാസ കേന്ദ്രങ്ങൾ. തണുപ്പ് പ്രതിരോധിക്കാൻ ഷീറ്റ് ഇട്ട ചെറിയ വീടുകൾ. മേൽക്കൂരയിൽ സോളാർ പാനലുകൾ. ചുറ്റും മഞ്ഞു മൂടിയ Caucasian മലനിരകൾ, റഷ്യ രാജ്യമാണ്. ഈ മലനിരകളുടെ താഴ്‌വാരത്തുള്ള ഒരു സുഖവാസ കേന്ദ്രമാണ് Gabala എന്ന നഗരം.

അതിനടുത്തായി, സമുദ്രനിരപ്പിൽ നിന്ന് 4191 മീറ്റർ ഉയരത്തിലുള്ള Tufandagh എന്ന മലനിരകളുടെ ഇടയിലൂടെ ഒരു Cable Car യാത്ര ഉണ്ട്. മഞ്ഞു മൂടിയ ഈ മലനിരകളിൽ സ്കീയിങ് പോലുള്ള വിനോദങ്ങൾ ചെയ്യുവാനുള്ള സൗകര്യങ്ങൾ ഉണ്ട്. മഞ്ഞു മൂടിയ പർവ്വതങ്ങൾക്ക് ഇടയിലൂടെ കേബിൾ കാർ യാത്ര ആസ്വദിച്ചു, വഴിമധ്യേ ഉള്ള Nohur എന്ന തടാകവും കണ്ടു നേരെ Sheki എന്ന നഗരത്തിൽ, ഇവിടം ഭരിച്ചിരുന്ന Khan രാജവംശത്തിന്റെ കൊട്ടാരം കാണുവാനായി പുറപ്പെട്ടു. ഒരു പ്രളയത്തിൽ ഭൂരിഭാഗം കെട്ടിടങ്ങൾ നശിച്ചെങ്കിലും ചിലതു വീണ്ടെടുത്തിട്ടുണ്ട്. Sheki Khans Palace എന്ന ഈ കെട്ടിടത്തിന്റെ പ്രത്യേകത എന്തെന്നാൽ ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി സിമെന്റ് പോലുള്ള വസ്തുക്കളോ ആണികളോ ഉപയോഗിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഉൾഭാഗം മുഴുവൻ പലതരം പൂക്കളുടെ ചിത്രങ്ങൾ വരച്ചിരിക്കുന്നു.


Caucasian മലനിരകളിൽ ക്രിസ്ത്യൻ പള്ളികൾ ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. അത്തരത്തിൽ ഉള്ള ഒരു പള്ളി ആണ് Kish എന്ന ഗ്രാമത്തിൽ സ്ഥിതി ചെയുന്ന Church of Kish അഥവാ Church of Saint Elishe. അധികം വലുപ്പമില്ലാത്ത ഈ പള്ളിയുടെ അടിയിൽ മനുഷ്യരുടെ അസ്ഥികൂടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ഇന്ന് അസർബൈജാനിലെ അവസാന ദിവസം ആണ്. നാളെ രാവിലെ Checkout ചെയ്യണം. ആയതിനാൽ Coffee പാക്കറ്റുകൾ കുറച്ചു കൂടുതൽ അടിച്ചുമാറ്റി പോക്കറ്റിൽ ആക്കി കാറിൽ കയറി.

40000 വർഷങ്ങൾക്കു മുൻപ് അസർബൈജാനിൽ മനുഷ്യർ വസിച്ചിരുന്നതിന്റെ തെളിവുകൾ ഉള്ളതായി കരുതുന്നു. Baku വിൽ നിന്ന് നാല്പത് കിലോമീറ്റർ അകലെ Gobustan എന്ന സ്ഥലത്ത് അത്തരത്തിലുള്ള മനുഷ്യവംശത്തിന്റെ അവശേഷിപ്പുകൾ കാണാം. അങ്ങോട്ടാണ് ഇന്നത്തെ യാത്ര. കുറെ പാറക്കൂട്ടങ്ങൾ നിറഞ്ഞതാണ് ഇവിടം. എപ്പോഴോ ഉണ്ടായ ശക്തമായ ഭൂമികുലുക്കത്തിൽ പാറകൾ എല്ലാം നിലംപൊത്തി. പുരാണ മനുഷ്യർ ഈ പാറകളിൽ കൊത്തി വച്ച അനവധി ചിത്രങ്ങൾ കാണാം. Petroglyphs എന്നാണ് ഇതിനു പറയുന്നത്. കൂടുതലും നായാട്ടുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ആണുള്ളത്. 1968ൽ Mammoth എന്ന് വിളിക്കുന്ന കൂറ്റൻ ആനയുടെ അവശിഷ്ടങ്ങൾ ഇവിടെ നിന്നു കണ്ടെടുക്കുകയുണ്ടായി. നായാട്ടു തുടങ്ങുന്നതിനു മുൻപ് നടത്തിയിരുന്ന ഒരു നൃത്തത്തിന്റെ ചിത്രങ്ങളും കാണുവാൻ സാധിക്കും. അസർബൈജാനിലെ പരമ്പരാഗത നൃത്തരൂപമായ Yelli എന്നതിനുമായി ഇതിനു സാദൃശ്യം ഉണ്ടെന്നു കരുതപ്പെടുന്നു.

Gobustan -ൽ നിന്നും കുറച്ചു ദൂരം സഞ്ചരിച്ചാൽ കാണാൻ സാധിക്കുന്ന ഒരു പ്രതിഭാസം ആണ് Mud Volcano. അങ്ങോട്ടേയ്ക്ക് കാർ പോകില്ല എന്നും വേറെ വണ്ടിയിൽ പോകണമെന്നും ഡ്രൈവർ. ചൈനയുടെ കാർ അല്ലേ. അങ്ങനെ വരൂ എന്നവനോട് ചോദിക്കണം എന്നുണ്ടായിരുന്നെങ്കിലും ഭാഷാ പ്രശ്നം കാരണവും, അടുത്തൊന്നും വേറെ ഇന്ത്യക്കാർ ഇല്ലായിരുന്നതു കൊണ്ടും ആ ആഗ്രഹം മാറ്റി വയ്ച്ചു, പഴയ ഒരു റഷ്യൻ നിർമ്മിത ജീപ്പിൽ കയറി. സോവിയറ്റു യൂണിയൻ ഭരണകാലത്തു നിർമ്മിച്ച വാഹനങ്ങൾക്ക് ഒരു ലുക്ക് ഇല്ലെങ്കിലും ഇന്നും അത് നന്നായി തന്നെ നിലനിൽക്കുന്നു. ചെളി നിറഞ്ഞ പ്രദേശത്തു കൂടി സഞ്ചരിച്ചു സ്ഥലത്തു എത്തി. ചുറ്റും അഗ്നിപർവ്വതം പോലെ മൺകൂനകൾ കാണാം. ഇതിനുള്ളിൽ നിന്ന് ചെളി പുറത്തേയ്ക്ക് വരുന്നു. അഗ്നിപർവ്വതത്തിൽ നിന്ന് ലാവ പുറത്തേയ്ക്കു ഒഴുകുന്നത് പോലെ. ഭൂമിക്കടിയിൽ നിന്നും വാതകങ്ങൾ പുറത്തേയ്ക്കു വരുമ്പോൾ ചെളി കൂടി പുറത്തു വരുന്നതാണ് ഈ പ്രതിഭാസത്തിനു കാരണം എന്ന് പറയപ്പെടുന്നു. ഇത്തരത്തിൽ ഉള്ള mud volcano കൾ Mars ഗ്രഹത്തിലും ഉള്ളതായി നാസയുടെ പഠനങ്ങൾ പറയുന്നു.

ഏപ്രിൽ 11, 2023. അങ്ങനെ ആറു ദിവസത്തെ അസർബൈജാൻ പര്യടനം പൂർത്തിയാക്കി ഹോട്ടലിൽ നിന്ന് ഞങ്ങളെ യാത്ര ആക്കുമ്പോൾ , അവരുടെ മുഖത്ത് തെല്ലു പോലും ദുഃഖം കണ്ടില്ല . എയർപോർട്ടിൽ കൊണ്ടിറക്കുമ്പോൾ അഹമ്മദിന്റെ മുഖത്ത് പെരുത്ത് സന്തോഷം. ചിലപ്പോൾ അവർ ഉള്ളിൽ തേങ്ങുകയായിരിക്കും എന്ന് സമാധാനിച്ചു ഞങ്ങൾ വിമാനത്തിൽ കയറി.




# സുഗന്ധി എന്ന ആണ്ടാൾ ദേവനായകി

നോവൽ, ടി ഡി രാമകൃഷ്ണൻ

(പി.എസ്.സി കൾച്ചറൽ ഫോറം നടത്തിയ പുസ്തകാസ്വാദന കുറിപ്പ് മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ രചന )



അബ്ദുസ്സലാം വി വി

ചരിത്രവും മിത്തും റിയാലിറ്റിയും ഭാവനയുമൊക്കെ സമന്വയിപ്പിച്ച് ശ്രീലങ്കൻ വംശീയ കലാപവും അതിന്റെ അന്തർധാരകളും പശ്ചാത്തലമാക്കി ആവിഷ്കരിച്ച ഒരു സർഗ്ഗ വിസ്മയമാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി ' എന്ന പേരിലുള്ള നോവൽ. ചരിത്രത്തെ സമകാലിക സംഭവ വികാസങ്ങളുമായി കോർത്തിണക്കി കൊണ്ടുള്ള ഒരു ആഖ്യാനം. ശ്രീലങ്കൻ ചരിത്രത്തിന്റെ മൂന്ന് കാലഘട്ടങ്ങൾ ഒരു മിത്തിന്റെ സഹായത്തോടെ അടയാളപ്പെടുത്താനുള്ള ഒരു ശ്രമം, നൂറ്റാണ്ടുകൾക്ക് മുമ്പുള്ള കുലശേഖര സാമ്രാജ്യത്തിൽ നിന്നും തുടങ്ങി, മൂന്ന് പതിറ്റാണ്ടുകളോളം നീണ്ടു നിന്ന എൽ ടി ടി ഇ പോരാട്ടങ്ങളുടെ പ്രതാപ കാലത്തിലൂടെയും തുടർന്നുള്ള വേലുപ്പിള്ള പ്രഭാകരന്റെ കൊലപാതകം നടന്ന രാഷ്ട്രീയാന്തരീക്ഷത്തിലൂടെയും സഞ്ചരിച്ച്, രാജപക്സെ ജനപിന്തുണയോടെ അധികാരത്തിലെത്തിയ വർത്തമാന കാലത്തിലേക്ക് പെയ്തിറങ്ങുന്ന വ്യത്യസ്തമായൊരു വായനാനുഭൂതിയാണ് ഈ നോവൽ.

നൂറ്റാണ്ടുകൾ ക്കപ്പുറം ചേര സാമ്രാജ്യത്തിന്റെ പ്രതാപ കാലത്ത് കാന്തളൂർ ശാലയിൽ ജീവിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്ന ദേവനായകി എന്ന ബുദ്ധിമതിയും, അപ്സര സുന്ദരിയും അഗാധ പാണ്ഡിത്യത്തിന് ഉടമയുമായിരുന്ന ഒരു പോരാളിയുടെ കഥയാണ് ഈ നോവലിന്റെ മർമ്മം.

അതേസമയം നൂറ്റാണ്ടുകൾക്കിപ്പുറത്ത് ശ്രീലങ്കയിൽ സിംഹളരും തമിഴരും തമ്മിൽ നടന്ന വംശീയ പോരാട്ടങ്ങളിൽ പങ്കെടുത്ത എൽ ടി ടി ഇ പോരാളിയായിരുന്നു സുഗന്ധി. എന്നാൽ കഥ ഒരു ഘട്ടം പിന്നിടുമ്പോൾ സുഗന്ധി ദേവനായകിയായി മാറുകയാണ്. ശ്രീലങ്കൻ സർക്കാറിന്റെ സഹായത്തോടെ ട്രാൻസ് നാഷണൽ പിക്ചേഴ്സ് നിർമ്മിക്കുന്ന

"woman behind the fall of tigers' എന്ന സിനിമയുടെ പ്രവർത്തനങ്ങൾക്കായി എത്തിയ പീറ്റർ ജീവാനന്ദയിലൂടെ ആ രണ്ട് കഥകളും സമന്വയിക്കപ്പെടുന്നു. സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട് പീറ്ററും സംഘവും ശ്രീലങ്കയുടെ രാഷ്ട്രീയ സാംസ്കാരിക ഭൂമികയിലൂടെ നടത്തുന്ന യാത്രയാണ് നോവലിന്റെ ഇതിവൃത്തം. നിർദ്ദിഷ്ട സിനിമയുടെ കേന്ദ്ര കഥാപാത്രമായ ഡോ: രജനി തിരുണഗാമയുടെ ഭാഗം അഭിനയിക്കാൻ തന്റെ പഴയ കാമുകി കൂടിയായ സുഗന്ധി എന്ന പെൺകുട്ടിയെ കുറിച്ച് അന്വേഷിക്കുന്നതിലൂടെ പീറ്റർ സുഗന്ധിയിലേക്കും ഒപ്പം ദേവനായകിയുടെ കഥയിലേക്കും എത്തിച്ചേരുന്നു. ശ്രീലങ്കയിൽ തമിഴ് ഈഴം പോരാട്ടങ്ങൾക്ക് ധൈഷണികമായ ദിശാബോധം നൽകിയിരുന്ന ഡോ: രജനി തിരുണഗാമ സിംഹള ഭരണകൂടത്തിന്റെ തമിഴ് വംശ വെറിയെ തുറന്ന് കാട്ടുന്നതോടൊപ്പം തന്നെ ഇയക്ക പോരാളികളുടെ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ, പ്രത്യേകിച്ച് സ്ത്രീകളോടും കുട്ടികളോടും കാണിക്കുന്ന ക്രൂരതകൾക്കെതിരെ പ്രതികരിക്കാൻ തുടങ്ങിയതോടെ പുലി തലവന്മാർക്ക് അവർ അനഭിമതയാവുകയും തുടർന്ന് ദുരൂഹ സാഹചര്യത്തിൽ ഡോ. രജനി തിരുണഗാമ കൊല്ലപ്പെടുകയും ചെയ്യുകയായിരുന്നു. ശ്രീലങ്കയിൽ പുലി പോരാളികളെ തടവിലാക്കി കൊടും പീഡനങ്ങൾക്ക് വിധേയമാക്കുന്ന ഡിവൈൻ പേൾ എന്ന തുറുങ്കിൽ അടക്കപ്പെട്ട തമിഴൊലി എന്ന പെൺപുലിയിൽ നിന്നും സുഗന്ധി എവിടെയായിരിക്കും എന്നതിനെക്കുറിച്ചുള്ള ചില സൂചനകൾ പീറ്ററിന് ലഭിച്ചു.

ശ്രീലങ്കയിലെ സിഗിരയിൽ നിന്നും കണ്ടെടുത്ത തൊള്ളായിരത്തിലേറെ വർഷം പഴക്കമുള്ള പാലി ഭാഷാ ലിഖിതമായ 'സുസാന സുപിന' (സ്വപ്നങ്ങളുടെ ശ്മശാനം) എന്ന കൃതിയാണ് ദേവനായകിയുടെകഥയിലേക്ക് വെളിച്ചം വീശുന്നത്. കാന്തളൂരിലെ സേനാ നായകൻ കോയിക്കന്റെ മകളായ ദേവനായകി സംഗീതത്തിലും നൃത്തത്തിലും അർത്ഥശാസ്ത്രത്തിലും ആയോധന മുറികളിലുമെല്ലാം നിപുണയായാണ് വളർന്നത്. ദേവനായകിയുടെ അനിർവചനീയമായ സൗന്ദര്യവും സാമർത്ഥ്യവും കണ്ടറിഞ്ഞ കാന്തളൂർ രാജാവ് മഹേന്ദ്രവർമ്മൻ അവളുടെ ഇരുപതാം വയസ്സിൽ ദേവനായകിയെ തന്റെ ഏഴാമത്തെ റാണിയാക്കുകയായിരുന്നു. യുദ്ധം ജയിക്കാൻ ആയുധങ്ങളേക്കാൾ ബുദ്ധിയും തന്ത്രങ്ങളുമാണ് വേണ്ടതെന്ന രീതിയിലുള്ള ദേവനായകിയുടെ അഭിപ്രായങ്ങൾ അവഗണിച്ച മഹേന്ദ്രന് കടുത്തപരാജയം ഏറ്റുവാങ്ങേണ്ടിവന്നത് ദേവനായകിയുടെ ഉൾകാഴ്ചയുടെ ഒരു ദൃഷ്ടാന്തം കൂടിയായിരുന്നു.

അധികാരത്തിന്റെ കൈക്കരുത്തിലമർന്ന് നിശബ്ദമാക്കപ്പെടുന്ന ധീരരും ജ്ഞാനികളും പോരാളികളുമായ സ്ത്രീസമൂഹത്തിന്റെ ഒരു പ്രതീകം കൂടിയാണ് ദേവനായകി. സ്ത്രീയെ

കേവലം ഉപഭോഗവസ്തുവായി മാത്രം കണ്ട കാന്തളൂർ മന്നനും, യുദ്ധങ്ങളിൽ പിടിച്ചെടുക്കുന്ന പെണ്ണിനെ തന്റെ ഭോഗാസക്തിക്കുള്ള ഉപകരണമായി ഉപയോഗപ്പെടുത്തിയിരുന്ന ചോളമന്നനും, പെൺകുഞ്ഞുങ്ങളെ പോലും പീഡിപ്പിച്ച് കൊന്ന് ആനന്ദം കണ്ടെത്തുന്ന സിംഹള മന്നനുമെല്ലാം സ്ത്രീകളെ അടിമകളാക്കി സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുകയായിരുന്നു. തന്റെ മകളെ പീഡിപ്പിച്ച് കൊന്ന സിംഹള മന്നനായ മഹീന്ദനെ വകവരുത്താൻ ലങ്കയിലെത്തിയ ദേവനായകി ബുദ്ധ സന്യാസിയായ നിശാങ്ക വജ്രനിൽ നിന്നും താന്ത്രികവിദ്യകൾ അഭ്യസിച്ച് ജ്ഞാനമാർഗ്ഗം നേടി. എന്നാൽ മഹീന്ദന്റെ അപ്രീതിക്ക് പാത്രമായി അംഗഛേദം വരുത്തപ്പെട്ട അവൾ ജ്ഞാന സരസ്വതിയായി ആകാശത്തേക്ക് ഉയർത്തെഴുന്നേൽക്കപ്പെട്ടതായി പറയപ്പെടുന്നു. ശ്രീലങ്കൻ ഭരണകൂടം തമിഴ് ഈഴ പോരാട്ടത്തിൽ പങ്കാളിയായതിനുള്ള ശിക്ഷാ നടപടിയായി ആസിഡ് അഭിഷേകത്തിലൂടെ മുഖം വികൃതമാക്കുകയും കൈകൾ ഛേദിക്കുകയും ചെയ്ത സുഗന്ധി, ദേവനായകിയുടെ പുനരവതാരമായികണക്കാക്കപ്പെടുന്നു. ശ്രീലങ്കൻ പ്രസിഡന്റ് പങ്കെടുത്ത കോമൺ വെൽത്ത് ഉച്ചകോടിയിൽ സുഗന്ധി ഒരു തീഗോളമായി ആകാശത്തേക്ക്ഉയർന്നതും ദേവനായകിയെ അനുസ്മരിപ്പിക്കുന്നു. ആണ്ടാൾ ദേവ നായകിയുടെ അംഗഛേദം നടത്തിയത് ഒരു മഹീന്ദനായിരുന്നെങ്കിൽ സുഗന്ധി ദേവനായകിയുടെ കൈകൾ അറുത്ത് മാറ്റിയത് ആധുനിക മഹീന്ദനായ മഹീന്ദർരാജ് പക്സെയായിരുന്നു എന്നതും ശ്രദ്ധേയമാണ്. നീതി നിഷേധവും അടിച്ചമർത്തലും മനുഷ്യാവകാശലംഘനവുമുള്ളടത്തൊക്കെ ദേവനായകി പുനർജനിക്കുമെന്നാണ് പറയുന്നത്.

രജനി തിരണ ഗാമയിലൂടെയും, സുഗന്ധിയിലൂടെയും, ഗായത്രി പെരേരയിലൂടെയും, പൂമണി ശെൽവ നായകത്തിലൂടെയും, ജൂലിയറ്റ് ഡിസൂസയിലൂടെയുമെല്ലാം ദേവനായകിയുടെ വ്യത്യസ്ത ഭാവങ്ങളിലുള്ള പുനരവതാരങ്ങളെ ദർശിക്കാം. വിമോചന പോരാട്ടങ്ങളെ മൃഗീയമായി അടിച്ചമർത്തുന്ന സിംഹള ഭരണകൂടത്തിന്റെ ഫാസിസ്റ്റ് മുഖവും ജനാധിപത്യ വിരുദ്ധ മനോഭാവവും തുറന്നു കാട്ടാൻ ശ്രമിക്കുമ്പോഴും നോവലിസ്റ്റ് വിമോചന പ്രസ്ഥാനങ്ങളുടെ പക്ഷം ചേരുന്നില്ല, മറിച്ച് വിമോചന പ്രസ്ഥാനങ്ങളിൽ

പോലും നിലനിൽക്കുന്ന പുരുഷാധിപത്യത്തിന്റെ അഴിഞ്ഞാട്ടങ്ങളിലേക്കും, മനുഷ്യാവകാശ ലംഘനങ്ങളിലേക്കും നമ്മുടെ ശ്രദ്ധക്ഷണിക്കുന്നു. അധികാരത്തിന്റെ ഉന്മാദത്തിൽ മനുഷ്യത്വം മറന്ന വർക്കെതിരെ ഹിംസയുടെ ആയുധം പ്രയോഗിച്ച് പരാജയപ്പെട്ട മനുഷ്യാവകാശ പ്രവർത്തകരുടെ ജീവിതാനുഭവങ്ങൾ കൂടിയാണ് ഈ കൃതിയിൽ നിറഞ്ഞ് നിൽക്കുന്നത്. അധികാരം ആഘോഷിക്കാനുള്ള ഉപകരണമായി സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥ വർത്തമാന കാലത്തും അഭംഗുരം തുടരുന്നുവെന്നത് ഈ നോവൽ ഉയർത്തുന്ന സാമൂഹ്യവിമർശനങ്ങളുടെ ആനുകാലിക പ്രസക്തി വർദ്ധിപ്പിക്കുന്നു. ഉത്തർപ്രദേശ് പോലുള്ള ചില ഇന്ത്യൻ സംസ്ഥാനങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ആക്രമങ്ങൾ അനിയന്ത്രിതമാകാനുള്ള പ്രധാന കാരണം അക്രമികൾക്ക് അധികാര കേന്ദ്രങ്ങളിൽ നിന്നും കിട്ടുന്ന നിശബ്ദ സംരക്ഷണമാണ് എന്ന വസ്തുതയും ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും അധികാര തണലിൽ സ്ത്രീകൾ പല തരത്തിൽ ചൂഷണം ചെയ്യപ്പെടുന്നു.

ദേവനായകി പരമ്പര എന്നിൽ അവസാനിക്കുന്നില്ലെന്നും, പെണ്ണിന്റെ മാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ തുടരുക തന്നെ ചെയ്യും എന്നുമുള്ള ദേവനായകിയുടെ ഒരു ആത്മഗതം നോവലിന്റെ വരികൾക്കിടയിൽ പ്രതിധ്വനിക്കുന്നു.

ജനാധിപത്യ വിരുദ്ധതയും ഫാസിസ്റ്റ് മനോഭാവവും നീണാൾ വാഴുമ്പോൾ പ്രതിരോധം അത്യന്താപേക്ഷിതമാണെന്ന് ദേവനായകി നമ്മെ ഓർമ്മിപ്പിക്കുന്നു.

'കനവ് തുലൈന്തവൾ നാൻ,
കവിതൈ മറന്നവൾ നാൻ,
കാതൽ കരിന്തവൾ നാൻ,
കർപ്പ് മുറിന്തൻ നാൻ'

എന്നിങ്ങനെയുള്ള സുഗന്ധി എന്ന പോരാളിയുടെ ആത്മഗതങ്ങളുടെ ആത്മാംശത്തിലൂടെ വർത്തമാന കാലത്തെ വേട്ടയാടപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ നേർ ചിത്രം പ്രതിഫലിപ്പിക്കാൻ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന കൃതിയിലൂടെ ശ്രീ. ടി ഡി രാമകൃഷ്ണന് കഴിഞ്ഞിരിക്കുന്നു ശ്രീലങ്ക എന്ന രാജ്യം കേരളീയർക്ക് ഇന്ത്യയിലെ മറ്റ് പല പ്രധാന സ്ഥലങ്ങളേക്കാളും ഏറ്റവും അടുത്താണ്. ഭാഷ, സംസ്കാരം, വിദ്യാഭ്യാസം, ആഹാര രീതി എന്നിവയിലെല്ലാം നമുക്ക് തമിഴരേക്കാൾ അടുപ്പം ശ്രീലങ്കക്കാരോടാണ്. ഗൾഫ് എന്ന പറുദീസ തുറക്കപ്പെടുന്നതിന് മുമ്പ് മലയാളികളുടെ ഒരു അഭയ കേന്ദ്രം കൂടിയായിരുന്നു ശ്രീലങ്ക. എന്നിട്ടും ശ്രീലങ്കയിൽ കാൽനൂറ്റാണ്ടോളം നീണ്ടു നിന്ന ആഭ്യന്തര യുദ്ധവും, കൂട്ടകൊലകളും നമ്മിൽ ഒരാശങ്കയും ഉണ്ടാക്കിയില്ല എന്ന് നോവലിസ്റ്റ് ആമുഖത്തിൽ പരിതപിക്കുന്നുണ്ട്. നമ്മുടെ ഈ നിസംഗത നോവലിസ്റ്റിൽ ഉണ്ടാക്കിയ മനോ വ്യഥയാണ് ഈ രചനയുടെ പ്രേരക ശക്തി എന്ന് അദ്ദേഹം ഇതിന്റെ ആമുഖത്തിൽ നമ്മോട് പറയുന്നുണ്ട്. ഭൂതകാല മിത്തും, വർത്തമാന കാല രാഷ്ട്രീയ സാഹചര്യ ങ്ങളും കോർത്തിണ ക്കി കാലഭേദം പോലും തിരിച്ചറിയാൻ കഴിയാത്ത വിധമുള്ള ആഖ്യാനത്തിലൂടെ അത്യന്തം ആകാംക്ഷയും, നാടകീയതയും നിറഞ്ഞ മികച്ചൊരു വായനാനുഭവത്തിലേക്കാണ് ' സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവൽ നമ്മെ നയിക്കുന്നത്.





# ഗീത

**ആനന്ദ് ശ്രീധരം**

'**നീ** അവളുടെ ദേഹത്ത് തൊട്ടിട്ടുണ്ടോ?'

'എന്താ?'

'അല്ല, നീ അവളുടെ കൈയ്യിൽ പിടിച്ചി രിക്കുകയോ തൊട്ടുരുമ്മി ഇരിക്കുകയോ ചെയ്തിരുന്നോ?'

'ഹ് മ് മ്..എന്താ ചോദിച്ചത്?'

'ആണോ.. പണ്ടൊരിക്കൽ നീ പറഞ്ഞൊരു കാര്യം
ഓർത്തുപോയതാണ്. ഓർമയുണ്ടോ?'

'ഞാനോ??... എന്തായിരുന്നു അത്?'

'നീയൊരു പെൺകുട്ടിയുടെ കൈയിൽ തൊടുന്നുണ്ടെങ്കിൽ അതവൾ നിന്റെയാ ണെന്നു ഉറപ്പുണ്ടെങ്കിൽ മാത്രമേ സംഭവിക്കു കയുള്ളൂവെന്ന്'

'ഓഹ്... അതാ ണോ... ശരിയാണ്.. ആ വാദത്തിൽ ഇന്നും ഞാൻ ഉറച്ചു നിൽക്കുന്നു.. അവളെന്റെതായിരുന്നു... പക്ഷെ...'

'ഇപ്പൊ എന്ത് പ റ്റി..ഏഹ്... സംഗതി ഞാൻ പറയാം. നിന്റെ വാദമൊക്കെ ശരിയാണ്. പക്ഷെ അതിന്റെ അടിസ്ഥാനം തേടുമ്പോൾ ശ്രദ്ധി ക്കേണ്ട ചിലത് നീ മറന്നു. അല്ല മറവിയല്ല, സ്നേഹത്തിനിടയിൽ ഞെരുങ്ങി ഇല്ലാതാ വുന്ന ചില വാസ്തവങ്ങൾ'.

'നീ കിടന്ന് തത്ത്വശാസ്ത്രം വിളമ്പാതെ കാര്യം പറ.. വർഷങ്ങൾക്ക് മുമ്പ് തീർന്ന കാര്യങ്ങൾ വെറുതെ കുത്തിപൊക്കിയിട്ട്...'

'ആഹ്..ഞാൻ പറയാം.. നീ പറഞ്ഞില്ലേ അവൾ നിന്റേതാണെന്നു ഉറപ്പുണ്ടായി രുന്നുവെന്ന്. ആ ഉറപ്പ് നിന്റെ മാത്രമായിരുന്നു. അങ്ങനെയൊന്ന് അവളുടെ മനസിൽ ഉണ്ടായിരുന്നോ എന്നു നീ ചിന്തിച്ചിട്ടില്ല. എതിർലിംഗത്തിന്റെ ഇഷ്ടം തേടുന്ന ആർക്കും സംഭവിക്കാവുന്ന നിസ്സാര മായ എന്നാൽ പിന്നീട് ദുഃഖത്തിന് കാരണമായേക്കാവുന്ന സ്വാർത്ഥ

മനോസ്ഥിതി'.

'ഓഹ്ഹ്..അവളും കൂടെ അറിഞ്ഞുകൊണ്ടാണല്ലോ ഞാൻ കൈപിടിച്ചിരുന്നതും.... അല്ല, അപ്പൊ അവൾക്കാ ഉറപ്പുണ്ടാവില്ലേ?'

'നീയെന്താടാ പിന്നെയും ഇങ്ങനെയൊക്കെ പറയുന്നത്.. എല്ലാവരും നീ കരുതുന്നത് പോലെയോ നിന്നെ പോലെയോ ആകുമോ?? അവൾ തെറ്റു ചെയ്തു എന്നല്ല ഞാൻ പറയുന്നത്, പക്ഷെ നിന്റെയീ ആദർശം അവർക്കുണ്ടാവണമെന്നില്ല'.

'ശരിയാണ്.. എനിക്കീ പറയുന്നതൊന്നും മനസിലാകില്ല. ഞാൻ ഇഷ്ടപ്പെടുന്നവരോടും എന്റെ സാന്നിധ്യം ഇഷ്ടപ്പെടുന്നവരോടും ഞാൻ അമിത സ്വാതന്ത്ര്യം കാണിക്കാറുണ്ട്. അത് പ്രണയമായാലും സൗഹൃദമായാലും. പക്ഷെ നീ പറഞ്ഞപോലെ ഞാൻ മനസിലാക്കിയത് കേവലം എന്റെ കണ്ണിലൂടെ മാത്രമായിരിക്കും... അതെന്റെ തെറ്റ്'.

'എടാ.. ഒരുപക്ഷേ നിന്റെ നല്ല സ്വഭാവം കണ്ടറിഞ്ഞതിനാൽ നിനക്ക് വിഷമം ഇല്ലാതിരിക്കാൻ വേണ്ടിയും ചിലർ നല്ലതായി പെരുമാറിയിരിക്കാം. നിന്റെ സൗഹൃദത്തിൽ താത്പര്യമില്ലാത്തവരുടെ മനസ് നല്ലതല്ലെന്ന് പറയാനൊക്കുമോ??'.

'തീർച്ചയായും ഇല്ല..ഓരോരുത്തർക്കും അവരവരുടെ താത്പര്യങ്ങളുണ്ടാവുമല്ലോ..'

'ആ.. അതേ .. അത് നീ മനസിലാക്കണം. നീയെന്നല്ല ആരും. ഇനി നീ പ്രേമിക്കുമോ എന്നറിയില്ല. എങ്കിലും പ്രണയിക്കുന്ന ഒരു മനസ് നിന്റെയുള്ളിലുണ്ട്. അതിനെ നീ സൂക്ഷിക്കണം.'

'ഓഹ്.. നല്ല കാര്യമായി.. ചുറ്റും പറക്കുന്ന കിളികളിലേക്ക് എന്റെ മനസ് ചിലപ്പോൾ ചില യാത്രകൾ നടത്താറുണ്ട്..
ചിലപ്പോഴൊക്കെ ഒരു ചില്ല പോലെ എന്റെ മനസ്സ് കാറ്റിൽ ഉലയും.. അസാധാരണമായ ആ വായുപ്രവാഹത്താൽ ആടിയുലയുന്ന ചില്ലയിലേക്ക് കിളികൾ ചേക്കേറാൻ പോലും മടിക്കുന്നു. അങ്ങനെ എന്തൊക്കെയോ ആണ് നടക്കുന്നത്. നൈമിഷികമായ ഇത്തരം പ്രതിഭാസങ്ങൾ ഇടക്കിടെ വന്നു പൊയ്കൊണ്ടിരിക്കും. എങ്കിലും എനിക്കറിയാം ഞാൻ ഇനി ആ വഴിക്ക് സഞ്ചരിക്കില്ലെന്ന്. ചൂട് വെള്ളത്തിൽ വീണ പൂച്ച പച്ച വെള്ളം കണ്ടാലും ഒന്നറയ്ക്കും!'.

'ആഹാ.. സാഹിത്യം ഒക്കെ ഒഴുകുന്നുണ്ടല്ലോ അപ്പൊ ഇതൊക്കെ തന്നെയാണ് പലരെയും എഴുതാൻ പ്രേരിപ്പിക്കുന്നത് അല്ലെ? നഷ്ടങ്ങളുടെ കണക്കുകൾ പറയുന്ന മനസിന്റെ പുസ്തകത്തിൽ നിന്നും ആഴത്തിലുള്ള ചിന്തകൾ പുറത്തേക്ക് വരുന്നു. അവ മൂലരൂപികളായ ശബ്ദങ്ങളും അർത്ഥ വിന്യാസങ്ങളുമുള്ള വാക്കുകളായി മാറുന്നു. മുമ്പ് മനസിലേക്ക് ആഴത്തിൽ തറച്ചു കയറിയ അനുഭവ ശരങ്ങളെല്ലാം കൂടി അവിടെയുണ്ടാകുന്ന ചുഴലി സമാനമായ അന്തരീക്ഷത്തെ കൂടുതൽ കലുഷിതമാക്കുന്നു. ഇവ ഉഗ്രരൂപികളായ വാക്കുകളായി വെള്ളക്കടലാസിൽ നിറയുന്നു. എന്നിട്ട് എന്നെയും നിന്നെയും പോലുള്ള വിഡ്ഢികൾ വായിച്ച് അവർ വീണ അതേ കുഴിയിൽ മനസ്സാലെ വീഴ്ത്തുന്നു. അവർ പോയവഴിയേ നമ്മളെയും നടത്തുന്നു.'

'ഹ് മ് മ്..(പുച്ഛത്തോടെ) ചിന്തകളിൽ മുറിവേല്പിക്കാൻ വാക്കുകൾ മതിയല്ലോ.. വാക്കുകൾ കോറിയിടുന്ന വേദനയെക്കാൾ വായിച്ചു വായിച്ചു മുറിവേൽക്കുന്ന മനസിന്റെ നീറ്റലിന് ഭംഗി കൂടും ഒപ്പം സാഹിത്യവും കച്ചവടവും'.

'നമ്മൾ പറഞ്ഞ് പറഞ്ഞ് വഴി മാറിപ്പോയെന്നു തോന്നുന്നു' 'ഏയ്. എല്ലാം പരസ്പര പൂരകമാണ്.. നമ്മൾ സ്വാഭാവികമായ രീതിയിൽ തന്നെയാണ് പോകുന്നത്.'

'അപ്പൊ ഇതൊക്കെ നിനക്കറിയാം! എന്നിട്ടാണോ നിനക്കിത്ര സങ്കടം.'

'എനിക്കോ.. നീയല്ലേ വെറുതെ മൂന്നാല് കൊല്ലം മുന്നേയുള്ള ഓരോന്ന് ചോദിച്ചത്.'

'ആഹ്.. എന്നാ നീയും എഴുത്. പക്ഷെ നമ്മൾ നേരത്തെ പറഞ്ഞ പോലെ അല്ലാട്ടോ. നല്ല വാക്കുകൾ.. സന്തോഷത്തിന്റെ വാക്കുകൾ.. പുഞ്ചിരിയുടെ വാക്കുകൾ.. വായിക്കുമ്പോൾ മനസിൽ കൊള്ളുകയല്ല മറിച്ച് മനസിലും മുഖത്തും പുഞ്ചിരി വിടർത്തുകയാണ് വേണ്ടത്..'

'എന്താടാ.. അർജ്ജുനന് കൃഷ്ണൻ നൽകിയത് പോലെ വല്ല ഗീതോപദേശവുമാണോ നീയെനിക്ക് തരുന്നത്?? അതിന് ഞാൻ തളർന്നു പോയി
ട്ടൊന്നുമില്ല കേട്ടോ..ഹഹ.ഹ..'

'ഹ ഹ...ഹ.. ആണെന്ന് കരുതിക്കോളൂ.. ഓരോ ചരാചരങ്ങളിലും ദൈവമുണ്ട്, അവതാരമുണ്ട്, ലക്ഷ്യമുണ്ട്.. അത് മനസിലാക്കുക.'

'ഹ'.

ലേഖനം



# പ്രവാസവും പ്രയാസങ്ങൾക്കും ഒടുവിൽ വില്ല നമ്പർ 3ലേക്ക്....

**വി. ലോറൻസ്**

*'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്.'*

ബെന്യാമിന്റെ അഥവാ നജീബിന്റെ ആടുജീവിതത്തെ ഈ ഒരൊറ്റ വാചകം കൊണ്ട് അടയാളപ്പെടുത്താം. മിക്ക പ്രവാസികളും അന്യദേശത്ത് എത്തിപ്പെടുമ്പോൾ ഏതെല്ലാം പ്രയാസങ്ങളിലൂടെ കടന്ന് പോയിട്ടുണ്ടാവാം എന്നത് അവർക്ക് മാത്രം ബോധ്യമുള്ളതാവും. പലരും ആ കാലഘട്ടത്തെ ഓർക്കാൻപോലും ഇഷ്ടപ്പെടുന്നുണ്ടാവില്ല, പങ്കുവെക്കാനും. പുറംമോടികൾ കണ്ട് ഭ്രമിച്ച വേണ്ടപ്പെട്ടവർ ആരും തന്നെ പ്രവാസിയുടെ പ്രയാസങ്ങൾ വിശ്വസിക്കാനും പോകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

എത്രപരിമിതമായ സൗകര്യങ്ങളാണെങ്കിലും സ്വന്തം വീടും നാടും എല്ലാവർക്കും എക്കാലത്തും സന്തോഷവും സമാധാനവും സ്വാതന്ത്ര്യവും നൽകുന്ന ഇടം തന്നെയാണല്ലോ? നാടിന്റെയും സ്വന്തം വീടിന്റെയും സുഖലോലുപതയിൽ നിന്നും, മറ്റൊരിടത്തേക്ക് പറിച്ച് നടുമ്പോൾ ആദ്യ ദിവസങ്ങൾ അതിജീവിക്കുന്നത് ഏതൊരാളെയും സംബന്ധിച്ചടത്തോളം കഠിനമായ അനുഭവമായിരിക്കും. അതിനെ ഫലപ്രദമായി തരണം ചെയ്യാൻ കഴിയുന്നവർക്ക് പിന്നീട് പ്രതിസന്ധികളെ മറികടന്ന് വലിയ പ്രയാസമില്ലാതെ മുന്നോട്ട് പോകാൻ കഴിയും.

ഉള്ളിന്റെയുള്ളിൽ യാത്രകൾ ചെയ്യാനും വിദേശത്തൊക്കെ പോകണമെന്നുമുള്ള അതിയായ മോഹം ഉണ്ടായിരുന്നതുകൊണ്ടാകാം ഭരണഘടനാ സ്ഥാപനത്തിലെ ജോലിയുണ്ടെങ്കിലും പെട്ടന്നൊരുദിവസം എന്റെ യോഗ്യതകൾ പരിഗണിച്ച് കൊള്ളാവുന്ന ഓഫീസ് ജോലി കിട്ടാൻ സാധ്യതയുണ്ടോ എന്ന് വിദേശത്തുള്ള ജ്യേഷ്ഠസഹോദരനോട് ആരാഞ്ഞത്. ലോകമഹായുദ്ധങ്ങൾക്ക് പെട്ടെന്നുണ്ടായ കാരണം പോലെ ഒരു കാരണം ഇല്ലാതില്ല. പാസ്സ്പോർട്ട് എടുത്തു, യോഗ്യതകളും പരിചയവും മറ്റു വിവരങ്ങളും ചേർത്ത് ഒരു ബയോഡേറ്റ ആവശ്യപ്പെട്ട പ്രകാരം അയച്ചുകൊടുത്തു. ആസ്ഥാനം കുവൈറ്റിലായ കമ്പനിയുടെ അറബാബുമായി ജ്യേഷ്ഠനുള്ള അടുപ്പം ജോബ്വിസ വേഗം ലഭ്യമാകാൻ കാരണമായി. അതേ കമ്പനിയുടെ ദുബായിയിലെ കമ്പനിയിൽ പർചേസ് വിഭാഗത്തിൽ ജോലി. ഇതിനിടയിൽ പാസ്സ്പോർട്ടിലെ പേരുവെച്ച് യു.എ.ഇ-യിൽ വിസ അടിക്കാൻ നോക്കുമ്പോൾ സമാന പേരിൽ ഒരു രാജ്യാന്തര ഭീകരൻ ഉണ്ടെന്ന കാരണത്തിൽ പേരിനൊപ്പം വീട്ടുപേരും മുത്തച്ഛന്റെ പേരുംകൂടി ചേർത്താണ് വിസ കിട്ടിയത്.

ക്രിസ്തുമസ്-പുതുവത്സര തിരക്ക് കാരണം തിരുപ്പിറവിദിനത്തിൽ അതിരാവിലെയു

ള്ള എമിറേറ്റ്സ് ഫ്ലൈറ്റിലാണ് ടിക്കറ്റ്. അഞ്ച് വർഷത്തെ ശൂന്യവേതന അവധി അനുവദിച്ചുകിട്ടി, ജില്ലാ ഓഫീസിൽ നിന്നും സഹപ്രവർത്തകരുടെ വികാരഭരിതമായ യാത്രയയപ്പും. ഒരു വയസുകാരനായ മകനെയും രണ്ട് വർഷമായി കൂടെയുള്ള പങ്കാളിയെയും മാതാപിതാക്കളെയും നാടിനെയും നാട്ടാരെയും പിരിയുന്നത് വിഷമമുണ്ടാക്കിയെങ്കിലും എല്ലാം നല്ലതിനാകുമെന്ന് സ്വയം ആശ്വസിച്ചു. ശംഖുമുഖം പള്ളിയിലെ പാതിരാകുർബാനയ്ക്ക് ശേഷം തിരുവനന്തപുരം എയർപോർട്ടിൽ ചെക്ക്ഇൻ, എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി ഫ്ലൈറ്റിൽ കയറി.

ആദ്യ വിമാന യാത്ര. സഹയാത്രികൻ വളരെക്കാലമായി വിദേശത്തായതിനാൽ ധാരാളം യാത്രകൾ ചെയ്ത പരിചയം എനിക്ക് തുണയായി. അല്ലെങ്കിൽ, അതിസുന്ദരിയായ, റഷ്യനോ അറബ് വംശജയോ എന്ന് തോന്നിക്കുന്ന, എയർഹോസ്റ്റസ് നൽകിയ ഹോട്ട് ടവൽ ഇപ്പോൾ വേണ്ട എന്നും പറഞ്ഞ് തിരികെ കൊടുത്തേനെ. ഹോട്ട് ടവൽ കൊണ്ട് കയ്യും മുഖവും തുടച്ച് ഫ്രഷ് ആയി. സഹയാത്രികന്റെ സഹായം കൊണ്ട് സീറ്റ് ബെൽറ്റ് ശരിയായി ധരിച്ചു, അല്ലാതെ എയർഹോസ്റ്റസ് പഠിപ്പിച്ചാലെങ്ങാനും നമുക്കത് ശ്രദ്ധിച്ച് മനസ്സിലാക്കാൻ പറ്റുമോ. കൂൾ ഡ്രിങ്ക്സിനൊപ്പം ഹോട്ട്ഡ്രിങ്ക്സ് വന്നത് സന്തോഷം പകർന്നെങ്കിലും ആദ്യയാത്രയുടെ ഉത്കണ്ഠയും വേർപാടുകളുടെ വേദനയും കാരണം ഒരു സ്മാൾ പോലും വാങ്ങിക്കഴിക്കാൻ മനസ്സനുവദിച്ചില്ല.

ബജറ്റ് ഫ്ലൈറ്റ് അല്ലാതിരുന്നതിനാൽ ആവശ്യത്തിന് ആഹാരവും മറ്റും വന്നുകൊണ്ടേയിരുന്നു. വെളുപ്പാൻ കാലമേ ആയുള്ളുവെങ്കിലും എല്ലാവരും കഴിക്കുന്നത് കണ്ട് ഞാനും പ്രാതൽ വാങ്ങി, നല്ല തുമ്പപ്പൂവ് പോലെയുള്ള ഉപ്പുമാവും വെജിറ്റബിൾ കുറുമയും, കഴിച്ചു. തുടർന്ന് അടിവയറ്റിൽ ഒരു വെപ്രാളം, യാത്രയുടെ ആണോ അതോ പ്രകൃതിയുടെ വിളിയാണോ എന്ന് തിരിച്ചറിയാൻ കാത്തില്ല. അതിവേഗം ലക്ഷ്യസ്ഥാനത്തെത്തി, കാര്യം കഴിഞ്ഞു. ശുചീകരണത്തിന് ശ്രമിച്ചപ്പോൾ പൈപ്പില്ല, ബക്കറ്റും മഗ്ഗും ഒന്നുമില്ല. അന്നങ്ങനെ ടിഷ്യു പേപ്പറിന്റെ പ്രധാന ഉപയോഗം മനസിലാക്കി, എങ്കിലും ഒരു തൃപ്തിയില്ലായ്മ മനസ്സിനെ അലട്ടി.

വിമാനം ദുബായ് എയർപോർട്ടിലേക്ക് താഴ്ന്നിറങ്ങിയ കാഴ്ച അതിമനോഹരം ആയിരുന്നു. അംബരചുംബികളായ കെട്ടിടങ്ങൾക്കിടയിലൂടെ ഉദയസൂര്യന്റെ പ്രഭയിൽ വിമാനങ്ങൾ നിമിഷങ്ങളുടെ വ്യത്യാസത്തിൽ ഉയരുന്നതും താഴുന്നതുമായ കാഴ്ച അവർണനീയം തന്നെ. ക്ലീയറൻസ് കഴിഞ്ഞ് പുറത്തിറങ്ങി, കൂട്ടിക്കൊണ്ട് പോകാൻ കമ്പനിയുടെ പി.ആർ വിഭാഗത്തിൽ നിന്നും വരുമെന്ന് പറഞ്ഞിരുന്നു. എന്റെ ഫ്ലൈറ്റിൽ വന്നവരൊക്കെ പോയി ഒട്ടേറെ സമയം കഴിഞ്ഞിട്ടും ആളെ കാണുന്നില്ല, എയർപോർട്ടിലെ ടെലിഫോൺ ബൂത്തിൽ നിന്നും കമ്പനിയിൽ വിളിച്ചപ്പോൾ ആൾ പോന്നിട്ടുണ്ട്, അവിടെത്തന്നെയുണ്ടാവും എന്നറിഞ്ഞു. വീണ്ടും പ്ലക്കാർഡുകളിൽ എന്റെ പേര് തിരയുന്നതിനിടയിൽ ഉച്ചത്തിൽ ഫോണിലൂടെ കയർത്ത് സംസാരിച്ചുകൊണ്ട് നടക്കുന്ന ഒരാളെ ശ്രദ്ധിച്ചു. ഇടയ്ക്കിടെ എന്റെ പിതാവിന്റെ പേര് പറയുന്നുണ്ടെന്ന് തോന്നി., അതെ എന്നെ തന്നെയാണ് ഉദ്ദേശിക്കുന്നത്. ഞാൻ സ്വയം പരിചയപ്പെടുത്തി. പാസ്സ്പോർട്ട് വാങ്ങി നോക്കിയിട്ട് അറബിയിൽ എന്തോ പറഞ്ഞുകൊണ്ട് എന്നെ കാറിൽ കയറ്റി. ഷെയ്ഖ് സായിദ് റോഡ് എന്ന ദുബായിലെ പ്രധാന റോഡിലൂടെ കാർ കടന്നുപോകുമ്പോൾ ശരിക്കും ആലീസ് വണ്ടറടിച്ചപോലെ ആയി ഞാൻ. ഹോളിവുഡ് സിനിമകളിൽ കണ്ടിട്ടുള്ള നഗരങ്ങളിൽകൂടി കടന്നു പോകുന്ന പ്രതീതി.

വാഹനം ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലൂടെ കടന്ന് കെട്ടിടനിർമാണ സാമഗ്രികളുടെ ഗോഡൗണിലൂടെ പ്രവേശിച്ചു. അതിനുള്ളിലെ മനോഹരമായ ഒരു ഓഫീസിലെത്തി. ഒരു കോർപ്പറേറ്റ് ഓഫീസിന്റെ മട്ടും ഭാവവും, ജീവനക്കാരുടെ വേഷവിധാനങ്ങളിലും അത് പ്രതിഫലിക്കുന്നു. ആദ്യദിനം എല്ലാവരെയും പരിചയപ്പെട്ടു, കൂടുതലും ഇന്ത്യക്കാർ തന്നെ, അതിൽ മിക്കവരും മലയാളികൾ. കുറച്ച് ഫിലിപ്പിനോകൾ, പാകിസ്ഥാനികൾ, ബംഗ്ലാദേശികൾ, അറബ് വംശജരായ ഉയർന്ന ഉദ്യോഗസ്ഥരും.

6 മണിവരെയുള്ള ഓഫീസ് ജോലികഴിഞ്ഞ് മിക്കവരും താമസസ്ഥലങ്ങളിലേക്ക് കമ്പനി വാഹനങ്ങളിൽ പോയി. എന്റെ താമസത്തിന് ഏർപ്പാട് ഒന്നും ആകാത്തതിനാൽ തൽക്കാലം ഗോഡൗൺകീപ്പറായ ബംഗ്ലാദേശിയുടെ ഒപ്പം ഓഫീസിന്റെ സമീപം താമസിക്കാൻ തീരുമാനിച്ചു. അയാൾ സ്വയം പാകം ചെയ്ത് കഴിക്കുമെന്ന് പറഞ്ഞതുകേട്ട് രാത്രി ഭക്ഷണത്തിനായി ഞാൻ പുറത്തിറങ്ങി.

ഇൻഡസ്ട്രിയൽ ഏരിയ ആയതിനാൽ സന്ധ്യ ആയപ്പോഴേ ആകെ വിജനമാണ്. അടുത്തെങ്ങും ഹോട്ടൽ ഒന്നും കാണുന്നില്ല, ചോദിച്ചു ചോദിച്ചു പോകാം എന്ന് കരുതി അടുത്തുകണ്ട ഗ്രോസറി ഷോപ്പിൽ കയറി. മലയാളിയുടെ ഷോപ്പാണ്, ഹോട്ടൽ

എവിടെയെന്ന് പറഞ്ഞുതന്നു. നടക്കുന്നതിനിടെ വീട്ടിലെക്കാര്യം മനസിലേക്ക് കടന്നുവന്നു. സാധാരണ ഈ സമയത്ത് വീട്ടിലെത്തുമ്പോൾ മോന്റെ സ്നേഹപ്രകടനങ്ങളും ബൈക്കിൽ അവനെയും കൊണ്ട് ചുറ്റിയടിക്കാൻ പോകുന്നതും ഓർത്തപ്പോൾ ആകെ സങ്കടമായി, അക്ഷരാർത്ഥത്തിൽ പൊട്ടിക്കരഞ്ഞുപോയി. എത്ര വിഷമം വന്നാലും കരയാറില്ലാത്ത ഞാൻ കരയുന്നത് ആരെങ്കിലും കാണുന്നോ എന്ന് ചുറ്റും നോക്കി. ആരെയും കാണാനില്ലാത്തതിനാൽ കൂടുതൽ ശക്തിയോടെ കരഞ്ഞു. കുറെ നേരം കഴിഞ്ഞ് ആശ്വാസം തോന്നിയപ്പോൾ ഹോട്ടലിൽ എത്തി അല്പം ആഹാരം കഴിച്ചു. റൂമിലെത്തി ഒറ്റയ്ക്ക് ഉറങ്ങാൻ കിടന്നപ്പോൾ വീണ്ടും വിഷമം ആയി, എന്ത് ചെയ്യാൻ സഹിച്ചല്ലേ പറ്റൂ എന്നോർത്ത് കണ്ണടച്ചു നിർവികാരനായി കിടന്നു.

വളരെ വേഗം തന്നെ ഓഫീസ് ജോലികൾ പഠിച്ചു. ERP സോഫ്റ്റ് വെയറുകളിൽ ജോലിചെയ്തുള്ള പരിചയവും കമ്മ്യൂണിക്കേഷനിലുള്ള അത്യാവശ്യ അറിവും സഹായകമായി. പലർ മുഖാന്തിരം താമസസൗകര്യം നോക്കിയെങ്കിലും ഒരാഴ്ചയായിട്ടും ശരിയായില്ല. ഓഫീസിലെ ഡെലിവറി ബോയി ആയ തമിഴൻ അവന്റെ റൂമിൽ ബെഡ്സ്പേസ് ഒഴിവുണ്ടെന്ന് പറഞ്ഞു ക്ഷണിച്ചു. അതിനടുത്തുവരെ കമ്പനി വാഹന സൗകര്യം നൽകുന്നതും ആറുപേരിൽ ഒരാൾ മലയാളി ആണെന്നതും പരിഗണിച്ച് ആ മുറിയിൽ താമസം തുടങ്ങി. രാത്രി 8-9 മണിയോടെ ജോലിയും കഴിഞ്ഞു വന്നാൽ റൂം ഓണർ അടക്കമുള്ളവരുടെ പ്രധാന ജോലി പാചകവും ഏതെങ്കിലും പുതിയ തമിഴ് പടത്തിന്റെ സി.ഡി ഇട്ട് സിനിമ കാണുന്നതുമാണ്. പുതിയ പടം കിട്ടിയില്ലെങ്കിൽ ഒടുവിൽ കണ്ട നല്ല പൊളപ്പൻ പടം വീണ്ടും കാണും. ഇക്കാലയളവിൽ കണ്ട ഇളയ ദളപതി വിജയ്-യുടെ 'പോക്കിരി' ആണ് എന്റെ ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ കണ്ട തമിഴ് പടം. അവരുടെ പ്രവർത്തികളും സിനിമയും ഒക്കെ കണ്ട് ഞാൻ ഡബിൾ ഡക്കർ കട്ടിലിലെ ഉന്നതങ്ങളിൽ കിടക്കും. പതിവായി ഇത് തന്നെയേ ചെയ്യാനുണ്ടായിരുന്നുള്ളു. അവിടുത്തെ താമസം പ്രവാസത്തിലെ ബോറൻ കാലഘട്ടമായിരുന്നു.

ഏതാണ്ട് 4 മാസത്തിന് ശേഷം ഒരു ദിവസം വൈകിട്ട് വില്ലയിൽ എത്തിയപ്പോൾ എല്ലാ മുറികളിലെയും അന്തേവാസികൾ പുറത്തിറങ്ങി കൂട്ടംകൂടി നിൽക്കുന്നു. എന്തോ പന്തികേട് മണത്ത ഞാൻ കാര്യം അന്വേഷിച്ചു. വില്ല ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കറന്റ് കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്, ദിവസങ്ങൾക്കകം വാട്ടർ കണക്ഷനും കട്ട് ചെയ്യും. ഇതെന്തേ ഇങ്ങനെ ഒരു മുന്നറിയിപ്പും ഇല്ലാതെ എന്ന് ചോദിച്ചപ്പോളല്ലേ അറിയുന്നത് ആ വില്ലയുടെ ഉടമയായ അറബിയെ മുൻസിപ്പാലിറ്റി മുൻകൂർ അറിയിച്ചതായിരുന്നെന്നും പരമാവധി ദിവസത്തെ വാടക കിട്ടുന്നതിന് ആ ദുഷ്ടൻ താമസക്കാരെ അറിയിക്കാതിരുന്നതെന്നും. ദുബായ് നഗരത്തിന്റെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ഇത്തരം പഴയ വില്ലകൾ പൊളിച്ചു മാറ്റിക്കൊണ്ടിരിക്കുകയാണ് പോലും. ഏത് ലോകോത്തര നഗരത്തിന്റെ വളർച്ചയിലും സൗന്ദര്യത്തിലും ഇത്തരം പിന്നാമ്പുറക്കാഴ്ചകളും കുടിയൊഴിപ്പിക്കൽ അനുഭവങ്ങളും ഉണ്ടാവും.

അന്നെന്തായാലും മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ആ ചൂടും സഹിച്ച് അവിടെത്തന്നെ കഴിയാൻ എല്ലാവരും തീരുമാനിച്ചു. തട്ടുപൊളിപ്പൻ തമിഴ് സിനിമകളുടെയും പാട്ടുകളുടെയും അകമ്പടിയില്ലാതെ അന്നാദ്യമായി എല്ലാവരും പരസ്പരം സംസാരിച്ച് മുനിസിപ്പാലിറ്റിയെയും ഹൗസ്ഓണറെയും നന്നായി സ്മരിച്ചുകൊണ്ട് കിടന്നു. പുലർകാലത്തെ ചെറിയ തണുപ്പിൽ ഉറക്കത്തിലേക്ക് വഴുതിവീണ് അല്പം കഴിഞ്ഞപ്പോൾ പിറ്റേന്ന് ജോലിക്കുപോകാനുള്ള അലാറം ഫോണുകളിൽ അടിച്ചുതുടങ്ങി.

അന്നുമുതൽ എല്ലാദിവസവും ജോലികഴിഞ്ഞുവന്നാൽ പുതിയതാമസസ്ഥലം അന്വേഷിക്കലായിരുന്നു പ്രധാനപണി. എല്ലാവർക്കും കൂടി ഒരുമുറിതന്നെ നോക്കാം എന്നരീതിയിൽ ശ്രമം തുടരുമ്പോൾ ദിവസങ്ങൾ കടന്നുപോകുകയും ചൂട് കൂടുകയും ഉറക്കമില്ലാത്ത രാത്രികൾ മാനസികനില തകരാറാക്കുന്ന നിലയിലേക്ക് ഉയരുകയും ചെയ്ത ഘട്ടത്തിൽ സ്വന്തമായി ഒരു ബെഡ്സ്പേസ് അന്വേഷിച്ചു കണ്ടെത്താൻ നിർബന്ധിതനായി. അതും ഒരു പഴയവില്ലയെങ്കിലും കുറച്ചുകൂടി നല്ല അന്തരീക്ഷം. എല്ലാം മലയാളികൾ, മുറിയിൽ അഞ്ചുപേർ, 2 ഡബിളും ഒരു സിംഗിളും. സിംഗിളിൽ ഓണർ, പതിവുപോലെ ഞാൻ ഉന്നതങ്ങളിൽ. രണ്ട് ദിവസങ്ങൾ കുഴപ്പമില്ലാതെ കടന്നുപോയി. വ്യാഴാഴ്ച വൈകുന്നേരം ആയി, പിറ്റേന്ന് എല്ലാവർക്കും അവധിയാണല്ലോ. മുഴുവൻ പേരും മലയാളികൾ ഉള്ള താമസസ്ഥലങ്ങളിൽ വീക്കെന്റുകളിൽ മുറിയൊരു മിനി ബാറായി മാറും, റൂംമേറ്റ്സ് ഗ്ലാസ്സ്മേറ്റ്സായും. ആഘോഷം തുടങ്ങി, കൂടാൻ താല്പര്യമില്ലാതിരുന്ന ഞാൻ ഉച്ചത്തിലുള്ള സംസാരത്തിന്റെ ടോൺ മാറുന്നതുകേട്ടു മുറിക്ക് പുറത്തിറങ്ങി.

അല്പം കഴിഞ്ഞപ്പോൾ മുറിക്കുപുറത്തേക്ക് ഒരാൾ വേഗത്തിൽ ഇറങ്ങുന്നതും

തിരികെപ്പാഞ്ഞ് കയറിപ്പോകുന്നതിനൊപ്പം ഒരു നിലവിളിയും കേട്ടു. എന്താണെന്നറിയാൻ അകത്തേക്ക് കടന്ന ഞാൻ ഞെട്ടിപ്പോയി, തലപൊട്ടി ചോരയൊലിപ്പിച്ച് റൂം ഓണർ, സ്ഥിരം പണിയും വിസയും ഒന്നുമില്ലാതെ പാർടൈം ഡ്രൈവറായി ജോലിനോക്കുന്ന സഹമുറിയൻ സിമന്റ് കട്ടയും വീശി ഭ്രാന്തനെപ്പോലെ ഉറഞ്ഞുതുള്ളി നിൽക്കുന്നു. അന്തംവിട്ട് നിന്ന എന്നെനോക്കി മൂന്നാമനായ സഹമുറിയൻ, ഇതിവിടെ മിക്ക വീക്കെൻഡിലെയും പതിവ് അഭ്യാസമാണെന്നും അതിലിടപെടേണ്ട അതവർ തമ്മിൽ തീർത്തോളും എന്ന് പറഞ്ഞു. കുറച്ച് കഴിഞ്ഞ് നോക്കുമ്പോൾ വേട്ടക്കാരനും ഇരയും കൂടി മദ്യകുപ്പിയിലെ അവസാന തുള്ളിയും പങ്കിട്ടെടുക്കുകയും മുറിവ് വൃത്തിയാക്കി മരുന്ന് വെക്കുകയും ചെയ്യുന്നത് കണ്ട് ഞാൻ ഉറങ്ങാൻ കിടന്നു. ഇടക്കെപ്പോഴോ തലക്കുനേരെ എന്തോ പാഞ്ഞുവരുന്നതുപോലെ തോന്നി ഞെട്ടിയുണർന്നപ്പോൾ സ്വപ്നമാണെന്ന് മനസിലായി, എല്ലാവരും ശാന്തമായി ഉറങ്ങുന്നതും കണ്ടു. എന്തായാലും എരിതീയിൽ നിന്നും വറചട്ടിയിലേക്കാണല്ലോ വന്നുകയറിയതെന്ന് മനസിലാക്കി ഇതല്ല എന്റെ ഇടമെന്ന തോന്നലിൽ മറ്റൊരു മുറിക്കായി അന്വേഷണം തുടങ്ങി.

രണ്ടാഴ്ച സജീവമായ ശ്രമത്തിനൊടുവിൽ ഹോർലാൻസ് എന്ന കുറേക്കൂടി മെച്ചപ്പെട്ട സ്ഥലത്ത് വാൾപോസ്റ്ററിലെ 'ബെഡ്സ്പേസ് അവൈലബിൾ മലയാളികൾ മാത്രം' എന്ന ക്യാപ്ഷൻ കണ്ട് ബന്ധപ്പെട്ടപ്പോൾ അടുത്ത് തന്നെയുള്ള വില്ലയിലേക്ക് ചെല്ലാൻ പറഞ്ഞു. പഴയ വില്ല തന്നെയെങ്കിലും മൊത്തത്തിൽ ഒരു പോസിറ്റീവ് വൈബ് തോന്നി. 8 പേരുണ്ട്, കൂടുതലും ചെറുപ്പക്കാർ, ചിലർ അവിവാഹിതർ. എല്ലാവരും നല്ല സ്നേഹമുള്ളവർ, ഒരു കോളേജ് ഹോസ്റ്റലിന്റെ പ്രതീതി. പ്രവാസത്തിന്റെ വൈഷമ്യങ്ങളെ മറികടക്കാൻ ഉതകുന്ന ഒട്ടും മടുപ്പു തോന്നിക്കാത്ത അന്തരീക്ഷം.

ഒരു വർഷത്തോളമുള്ള ആ മുറിയിലെ താമസവും കൂട്ടുകാരും അനുഭവങ്ങളും എക്കാലവും ഓർമ്മിക്കപ്പെടും. തൃശൂർ സ്വദേശിയായ ഹരി എന്ന ഞങ്ങളുടെ റൂം ഓണർ, സുമുഖനും എപ്പോഴും പുഞ്ചിരിക്കുന്ന മുഖത്തോടെ ചേട്ടാ.. എന്ന് എന്നെ സംബോധന ചെയ്യുമായിരുന്ന കൊച്ചനുജൻ, കോവിഡാനന്തര അസുഖങ്ങളെ തുടർന്ന് മരണപ്പെട്ടത് വേദനയോടെ സ്മരിക്കുന്നു. പ്രവാസത്തിൽ ജോലിയും താമസവും വേർപാടുകളും വളരെ വൈഷമ്യം നിറഞ്ഞ അനുഭവങ്ങൾ ഏകിയെങ്കിലും ആ കാലഘട്ടത്തെ സജീവമാക്കിയത് വില്ല നമ്പർ 3 എന്ന മരുപ്പച്ച സമ്മാനിച്ച അവിസ്മരണീയങ്ങളായ മുഹൂർത്തങ്ങൾ ആയിരുന്നു.






ബുക്ക് റിവ്യൂ

# ദി കമിംഗ് വേവ്: ടെക്നോളജി, പവർ, ആന്റ് ദി റ്വന്റി ഫസ്റ്റ് സെഞ്ചറീസ് ഗ്രേറ്റസ്റ്റ് ഡൈലമ

## The Coming Wave: Technology, Power, and the Twenty first Century's Greatest Dilemma

**മുസ്തഫ സുലൈമാൻ**
**മൈക്കിൽ ഭാസ്കർ.**



**ബിജിൻ പി. ജേക്കബ്**

ഡീപ് മൈൻഡ്, ഇൻഫെക്ഷൻ AI എന്നീ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കമ്പനികളുടെ സഹസ്ഥാപകനായ മുസ്തഫ സുലൈമാന്റെ ശ്രദ്ധേയമായ കൃതിയാണ് കമിംഗ് വേവ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വളർച്ചാ വികാസങ്ങളിൽ പ്രധാന പങ്കുവഹിച്ച സുലൈമാൻ നിലവിൽ മൈക്രോ സോഫ്റ്റിന്റെ എ.ഐ വിഭാഗം തലവനാണ്.

പ്രധാനമായും രണ്ട് നൂതന സാങ്കേതിക വിദ്യ തരംഗങ്ങളെ സംബന്ധിച്ചാണ് പുസ്തകം പ്രതിപാദിക്കുന്നത്. ആർട്ടിഫിഷൽ ഇന്റലിജൻസ്, ജനിതക സാങ്കേതിക വിദ്യയും അനുബന്ധ മേഖലകളുമടങ്ങിയ സിന്തറ്റിക് ബയോളജി. സുലൈമാന്റെ അഭിപ്രായത്തിൽ ഈ രണ്ട് സാങ്കേതിക വിദ്യകളും മാനവരാശിക്ക് മുന്നിൽ അനാദൃശമായ സാധ്യതകളാണ് തുറന്നിട്ടിരിക്കുന്നത്. ''മുൻപെങ്ങും കാണാത്ത അളവിലുള്ള വലിയ സമ്പന്നതയിലേക്കും നേട്ടങ്ങളിലേക്കും ലോകത്തെ നയിക്കുവാൻ ഈ സാങ്കേതിക വിദ്യകൾക്ക് കഴിയും എന്നാൽ ഇവയുടെ അതിവേഗത്തിലുള്ള വളർച്ച സമൂഹത്തിലെ ഛിദ്ര ശക്തികൾ ശക്തിപ്പെടുന്നതിനും ലോകം ഇന്നേവരെ പ്രതീക്ഷിക്കാത്ത അളവിലുള്ള സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ദുരന്തങ്ങൾക്ക് കാരണമാകുന്നതിനും ഇടയാക്കാം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റം വലിയ വെല്ലുവിളി മാനവരായിയുടെ വളർച്ചക്കും നാശത്തിനും ഒരുപോലെ കാരണമാകാവുന്ന സാങ്കേതിക വിദ്യയുടെ ഈ വേലിയേറ്റത്തെ നാം എങ്ങനെ ശരിയായി അഭിമുഖീകരിക്കുന്നു എന്നതിലാണ്.'' അദ്ദേഹം പറയുന്നു.

ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ സാധ്യതകളാണ് ലോകത്ത് നിലവിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത്. മനുഷ്യന് മാത്രം സാധ്യമാണെന്ന് കരുതപ്പെട്ടു പോന്നിരുന്ന ഭാഷ, ദൃശ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മേഖലകൾ അടക്കം സമസ്ത മേഖലകളിലും എ ഐ സാന്നിധ്യമറിയിച്ചു കഴിഞ്ഞു. ലാർജ് ലാംഗുവേജ് മോഡൽസ് (LLM) അടിസ്ഥാനപ്പെട്ടുത്തിയ സാങ്കേതിക വിദ്യയുടെ അതിവേഗത്തിലുള്ള വളർച്ച അതി സങ്കീർണ്ണമായ ജോലികളെ കൃത്യമായി നിർവ്വഹിക്കുന്നതിന് മനുഷ്യന്റെ വളരെ പരിമിതമായ മേൽനോട്ടം മാത്രം മതി എന്ന നിലയിലേക്ക് അതായത് Artificial Capable Intelligence (ACD) എന്ന നാഴിക

ക്കല്ലിലേക്ക് സമീപഭാവിയിൽ എല്ലാ തൊഴിൽ മേഖലകളും എത്തിച്ചേരും എന്നാണ് സുലെമാൻ പ്രതീക്ഷിക്കുന്നത്.

സമാനമായ സാങ്കേതിക വിദ്യാ വിസ്ഫോടനമാണ് സിന്തറ്റിക് ബയോളജിയിലും സംഭവിക്കുന്നത് ജീൻ എഡിറ്റിംഗ് സാങ്കേതിക വിദ്യയിലുള്ള അനാദൃശമായ വളർച്ച വളരെ എളുപ്പത്തിലും കുറഞ്ഞ ചെലവിലും ജനിതക ഘടകങ്ങളെ പുനഃക്രമീകരണം സാധ്യമാവുന്ന തലത്തിലേക്ക് മനുഷ്യനെ എത്തിച്ചിരിക്കുന്നു. ജനിതക സാങ്കേതിക മേഖലയിൽ എ.ഐ ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ ജീവന്റെ അടിസ്ഥാന ഘടകമായ DNA യിൽ പല തരത്തിലുള്ള മാറ്റങ്ങളും വരുത്തുവാനും അനതിവിദൂരഭാവിയിൽ സാധ്യമാവുമെന്ന് ഗ്രന്ധകർത്താവ് മുന്നറിപ്പ് നല്കുന്നു.

ഈ രണ്ട് സാങ്കേതിക വിദ്യകളുടെയും സമഞ്ജസമായ ഉപയോഗം മാനവരാശിയുടെ ഭാവിയെ സംബന്ധിച്ച് സുപ്രധാനമാണ്. പ്രത്യേകിച്ച് കാലാവസ്ഥാവ്യതിയാനം മഹാവ്യാധികൾ തുടങ്ങിയ മനുഷ്യജീവന്റെ നിലനില്പിനെ അസ്ഥിരപ്പെടുത്താവുന്ന ഗുരുതര പ്രശ്നങ്ങളുടെ നിർദ്ധാരണത്തിന് ഇവ സഹായകരമാണ്. എന്നാൽ ഇവരുടെ സാധ്യത അപരിമിതവും ഏറെ സങ്കീർണ്ണവുമാണെന്ന് സുലൈമാൻ വിശദീകരിക്കുന്നു. ഈ സാങ്കേതിക തരംഗത്തിന്റെ പ്രധാന സവിശേഷതകൾ അദ്ദേഹം എടുത്തു പറയുന്നുണ്ട്.

**1 അധികാര സമവാക്യങ്ങളിലുണ്ടാവുന്ന മാറ്റം**

എ ഐ യും സിന്തറ്റിക് ബയോളജിയും സ്റ്റേറ്റ്, മിലിട്ടറി തുടങ്ങിയ സാമ്പ്രദായിക അധികാര കേന്ദ്രങ്ങളിൽ നിന്നും സാങ്കേതിക വിദ്യയിൽ നൈപുണ്യവും ശേഷിയുമുള്ള ഏതൊരു തൽപര കക്ഷിയിലേക്കും വൻ തോതിൽഅധികാരം എത്തിച്ചേരാൻ ഇടയാക്കും. ഈ അധികാര കേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ച് മാനവരാശിയുടെ തലയിലെഴുത്ത് മാറി മറിയുന്ന ഭാവി സാഹചര്യമുണ്ടാവും

**2 സാങ്കേതിക വിദ്യയുടെ അതിവേഗം**

വളരെ കുറഞ്ഞ സമയത്തിലും ചെലവിലും പുതിയ പ്രൊഡക്റ്റുകളെ വികസിപ്പിച്ചെടുക്കുവാനുള്ള പരീക്ഷണങ്ങൾ എളുപ്പത്തിലാക്കുന്ന യാഥാർത്ഥ്യത്തോട് വളരെ അടുത്തു നില്ക്കുന്ന സിമുലേറ്റഡ് സാഹചര്യങ്ങൾ സാധ്യമാക്കുന്നു. ഇതു വഴി പുതിയ പ്രൊഡക്റ്റുകൾ നിർമ്മിച്ചെടുക്കുവാനും നിലവിലുള്ളതിനെ വളരെ എളുപ്പത്തിൽ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുവാനും കഴിയും. ഒരു ആശയത്തെ പ്രായോഗികമായ പ്രൊഡക്റ്റായി രൂപാന്തരപ്പെടുത്തുവാനുള്ള സമയം ഗണ്യമായി കുറയും.

**3.സകല മേഖലകളിലുമുള്ള പ്രയോഗ ക്ഷമത:**

എഐ സാങ്കേതിക വിദ്യ സമസ്ത മേഖലകളെയും ഒരുപോലെ സ്വാധീനിക്കുന്നു. ഇത് ഒരു പൊതു സാങ്കേതിക വിദ്യ എന്ന നിലയിൽ വിദ്യാഭ്യാസം, ഗവേഷണം എന്നിവയിൽ തുടങ്ങി വ്യവസായം സൈനികാവശ്യങ്ങൾ എന്നിവയിലെല്ലാം ഒരുപോലെ ഉപയോഗിക്കാനാവും. ഇങ്ങനെ ഒരേ സാങ്കേതിക വിദ്യക്ക് സമസ്ത മേഖലകളിലും സൃഷ്ടിക്കുവാനും സംഹരിക്കുവാനുമുള്ള അപരിമിതമായ സാധ്യതയുണ്ടാവും.

**4.5സ്വയം ഭരണം (ഓട്ടോണമി ) :** മനുഷ്യന്റെ മേൽനോട്ടം പരമാവധി കുറയുകയും പല മേഖലകളിലും മേൽനോട്ടം ആവശ്യമില്ലാതാവുകയും ചെയ്യും.



നമുക്ക് ആവശ്യമായ പ്രൊഡക്ട് അഥവാ ഉദ്ദേശം ഏതെന്ന് മാത്രം നല്കിയാൽ ഏറ്റവും എഫിഷ്യന്റായ രീതിയിൽ ആ ലക്ഷ്യം പൂർത്തി കരിക്കാനുള്ള മാർഗ്ഗം കണ്ടെത്തി സ്വയം ക്രമീകരിച്ച് ആ ലക്ഷ്യത്തിലെത്തുന്നതിനും ചുറ്റുപാടുമുള്ള മാറ്റങ്ങൾക്കനുസരിച്ച് സ്വയം മെച്ചപ്പെടുത്തുന്നതിനും ശേഷിയുള്ള സങ്കേതങ്ങൾ സ്വയം സൃഷ്ടിക്കുന്നതിനു പര്യാപ്തമായ രീതിയിൽ പ്രവർത്തിക്കാൻ AI സാങ്കേതിക വിദ്യക്ക് കഴിയും.

എ. ഐ സാങ്കേതിക വിദ്യ യുടെ വേലിയേറ്റം ദീർഘകാലാടിസ്ഥാനത്തിൽ നമ്മെ എപ്രകാരമാണ് ബാധിക്കുക എന്നതിൽ ഇനിയും വ്യക്തമായ ധാരണകളില്ല എങ്കിലും സാങ്കേതികവിദ്യയുടെ ദുരുപയോഗം തടയുന്നതിനും ഇത് വിധ്വംസക ശക്തികളിൽ എത്തിപ്പെടുന്നത് തടയുന്നതിനും ഫലപ്രദമായ അന്താരാഷ്ട്ര സഹകരണം ഉണ്ടാവേണ്ടതിന്റെ ആവശ്യകത സുലൈമാൻ എടുത്തു പറയുന്നു. സായുധ ഡ്രോണുകൾ, എ.ഐ നിർമ്മിത വ്യാജ വാർത്ത പ്രചാരവേല, ബയോ ലാബുകളിൽ നിന്നുള്ള ചോർച്ച, തൊഴിൽ കമ്പോളത്തിന്റെ അസ്ഥിരത എന്നിങ്ങനെ എ.ഐ വേലിയേറ്റത്തിന്റെ ദൂഷ്യഫലങ്ങൾ പ്രകടമായി ക്കൊണ്ടിരിക്കുന്നതിനാൽ മനുഷ്യന്റെ മേൽനോട്ടം തീരെ ആവശ്യമില്ലാതെ സ്വതന്ത്രമായ തീരുമാനങ്ങളെടുത്തു നടപ്പാക്കാൻ എ ഐ സാങ്കേതിക വിദ്യക്ക് കഴിയുന്ന ആർട്ടിഫിഷ്യൽ ജെനറൽ ഇന്റലിജൻസ് (AGI)നിലയിലേക്ക് സാങ്കേതിക വിദ്യ സമീപഭാവിയിൽ എത്തിച്ചേരാനുള്ള സാധ്യത മുൻകൂട്ടിക്കണ്ട് മുൻകരുതൽ സ്വീകരിക്കുക എന്നത് നേഷൻ സ്റ്റേറ്റ് എന്ന സങ്കൽപത്തിന്റെ നിലനില്പിനും ആഗോള സുസ്ഥിതിക്കും അനുപേക്ഷണീയമാണ് എന്ന് സുലൈമാൻ ചൂണ്ടിക്കാട്ടുന്നു.

സാങ്കേതിക വിദ്യയുടെ പരിമിതപ്പെടുത്തൽ (Containment) എന്ന ആശയമാണ് ഇതിനു പ്രതിരോധമായി അദ്ദേഹം മുന്നോട്ടു വയ്ക്കുന്നത്. ഇതിനായി ഏതാനും പ്രായോഗിക നിദ്ദേശങ്ങളും അദ്ദേഹം നല്കുന്നു

1) മുൻ നിര രാജ്യങ്ങൾ സാങ്കേതിക സുരക്ഷയിൽ ഗവേഷണത്തിന് കൂടുതൽ മുതൽ മുടക്കുക

2) ടെക് കമ്പനികളേയും രാജ്യങ്ങളെയും ഒരു പോലെ ഓഡിറ്റ് ചെയ്യുന്ന അന്താരാഷ്ട്ര സംവിധാനം ശക്തമാക്കുക

3) എഐയുടെ അനിയന്ത്രിത വളർച്ച പരിമിതപ്പെടുത്തുന്നതിനായി ഒരാൾക്ക് ലഭ്യമായ പ്രോസസിംഗ് കപാസിറ്റി നിയന്ത്രിക്കുക

4) സാങ്കേതിക വിദ്യ വിമർശനാത്മകമായി വിലയിരുത്തി നൈതികത ഉറപ്പുവരുത്തുന്ന സംവിധാനം ശക്തമാക്കുക

5) എ ഐ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നേരിട്ട് സാമൂഹിക നന്മ ഉണ്ടാക്കുന്ന സാങ്കേതിക കമ്പനികളെ പ്രോത്സാഹിപ്പിക്കുക

6)സാങ്കേതിക വിദ്യയെ നിയന്ത്രിക്കുകയും ജനോമുഖമായി പരിഷ്കരിക്കുകയും ചെയ്യുന്ന രാജ്യങ്ങളെ അന്താരാഷ്ട്ര തലത്തിൽ പ്രോത്സാഹിപ്പിക്കുക

7) സാങ്കേതിക വിദ്യ പരിമിതപ്പെടുത്തുവാൻ കമ്പനികളും ഇതര സ്റ്റേറ്റ് ഏജൻസികളും അടങ്ങുന്ന സന്ധി കരാറുകൾ ഉണ്ടാക്കുക

8)സാങ്കേതിക വിദ്യ വളർച്ചയുടെ എല്ലാ മേഖലകളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ഇതു സംബന്ധിച്ച് പഠനങ്ങളും ചർച്ചകളും ജനാധിപത്യ വൽക്കരിക്കുകയും ചെയ്യുക.

എ.ഐ സാങ്കേതിക വിദ്യയുടെ വളർച്ചയിൽ നേരിട്ട് പങ്കാളിയായ വ്യക്തി എന്ന നിലയിൽ മുസ്തഫ സുലൈമാന്റെ അഭിപ്രായം കൂടുതൽ പ്രസക്തമാണ്. എ ഐ സാങ്കേതികവിദ്യയുടെ വളർച്ച നമ്മെ ഒരേ സമയം സന്തോഷിപ്പിക്കുകയും ആശങ്കപ്പെടുത്തുകയും ചെയ്യുന്നുണ്ട് എന്നത് വസ്തുതയാണ്.എഐ സാങ്കേതിക വിദ്യ ക്രിമിനൽ സംഘങ്ങളും ഭീകരസംഘടനകളും ഛിദ്ര രാജ്യങ്ങളും വർതോതിൽ ഉപയോഗിക്കുന്ന സാധ്യതയും തള്ളിക്കളയാനാകില്ല.

സാങ്കേതിക വിദ്യയുടെ വിവിധ മേഖലകൾ നേടുന്ന അതിവേഗത്തിലുള്ള വളർച്ചയും സമീപഭാവിയിൽ ജീവിതത്തിന്റെ സമസ്ത മേഖലകളെയും എ.ഐ നിയന്ത്രിക്കുന്ന സാഹചര്യവും സംജാതമാവുന്നതോടെ എ ഐ യുടെ കരങ്ങൾ കൂടുതലും അദൃശ്യമാവുമെന്നും, അത്തരം സാഹചര്യത്തിൽ മുസ്തഫ സുലൈമാൻ മുന്നോട്ടുവയ്ക്കുന്ന സാങ്കേതിക വിദ്യയുടെ പരിമിതപ്പെടുത്തൽ (Containment) എന്ന മാർഗ്ഗം എത്രത്തോളം ഫലപ്രദമാകും എന്നതിൽ ഈ മേഖലയിലെ ചില വിദഗ്ദ്ധർ സംശയം പ്രകടിപ്പിക്കുന്നു. സുലൈമാന്റെ ആശങ്കകൾ അസ്ഥാനത്തല്ലെങ്കിലും ഭയപ്പെടേണ്ട സാഹചര്യം ഇല്ലെന്നും എഐ സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഒരു ഘട്ടത്തിൽ ദോഷവശങ്ങളെ നിയന്ത്രിക്കുന്നതിനു സ്വയം പ്രാപ്തമായിത്തീരാൻ എഐക്കു തന്നെ കഴിയും എന്ന പ്രതീക്ഷയും ചില വിദഗ്ധർ മുമ്പോട്ടു വയ്ക്കുന്നു. എന്നിരുന്നാലും ആർട്ടിഫിഷൽ ഇന്റലിജൻസ്, സിന്തറ്റിക് ബയോളജി തുടങ്ങിയ അനന്ത സാധ്യതയുള്ള സാങ്കേതിക വിദ്യയുടെ അപകടങ്ങളും സാമൂഹിക ആഘാത സാധ്യതകളും സംബന്ധിച്ച് സമഗ്രമായ അറിവ് നല്കുന്ന നല്ല രചനാശൈലിയിലുള്ള മികച്ച പുസ്തകമാണ് Coming Wave

## സമകാലിക രാഷ്ട്രീയവും കേരളവും



# 'അമ്മ'യ്ക്ക് വച്ചത് 'ചിറ്റപ്പന്' കൊണ്ടു.

**എ.കെ. സാദിക്**
മുൻ പ്രസിഡന്റ്, PSCEA

'ഇന്നീ പാർട്ടി ലോകമെങ്ങും ശോഭിച്ചീടും കാരണഭൂതൻ പിണറായി വിജയനെന്ന സഖാവിന് ഇലക്ഷനിൽ ഒറ്റ സീറ്റ്. അതോടെ എ.കെ.ബാലൻ ഞെട്ടിക്കുന്ന സത്യം പുറത്തു വിട്ടു വരുന്ന തെരഞ്ഞെടുപ്പുകളിൽ പാർട്ടി ചിഹ്നം ഈനാംപേച്ചിയോ മരപ്പട്ടിയോ തന്നെ. പക്ഷേ ഭരണഘടനാ വിരുദ്ധൻ സജിചെറിയാൻ ആവശ്യപ്പെടുന്നത് തന്റെ പ്രബന്ധത്തിൽ സ്വന്തമായി കണ്ടെത്തിയ കുന്തമോ കൊടച്ചക്രമോ വേണമെന്ന്. ഇന്ത്യയിലൊരിടത്തും ഇല്ലെങ്കിലും ഇന്ത്യാമുന്നണിക്കകത്തെങ്കിലുമുള്ളത് മഹാഭാഗ്യ മെന്ന് കപ്പിത്താൻ. ഇതിനിടെ പഴയ ബിരിയാണി ചെമ്പിന്റെ ഉടമയുടെ രുചിയും മണവും മധുരവുമെല്ലാം സ്വപ്നം കണ്ട് കൊതിവരുന്ന മുൻ മന്ത്രി-സ്പീക്കർ പ്രമുഖർക്ക് ചിഹ്നമായി ബിരിയാണി ചെമ്പിനെയാണിഷ്ടം. ചിഹ്നം ഒരു ചോദ്യചിഹ്നമായി അന്തം വിട്ടിരിക്കുമ്പോഴാണ് പഴയ സിനിമയിലെ പൂവുകൾക്ക് പുണ്യ കാലം... മെയ്മാസ എന്നതുപോലെ സിനിമാതാ രങ്ങൾക്കിത് പീഡനകാലം എന്ന പുതിയ ഗാനവരി വൈറലായത്. പി.വി. അൻവറിന് താണ്ഡവകാലം എന്നും ചിറ്റപ്പൻ-കൊച്ചാപ്പ മുൻമന്ത്രിമാർക്ക് വീഴ്ചക്കാലം എന്നും കൂട്ടിച്ചേ ർക്കൽ വിജ്ഞാപനം ഇറങ്ങി.

അങ്ങ് മണിപ്പൂരിൽ മുൻവർഷ മെയ്ദിനം തുടങ്ങിയ മെയ്-തെയ് യുക്തി കലാപം അല്പം വൈകി എങ്കിലും ഇങ്ങ് കേരളത്തിലുമെത്തി. നവകേരളഭരണകക്ഷിയിലും പോലീസ് സേനയിലുമാണ് രോഗലക്ഷണം ആദ്യ ംകണ്ടത്. ഈ ന്യൂനമർദ്ദം കലാപം വരും ദിവസങ്ങളിൽ രാഷ്ട്രീയ കാലാവസ്ഥ സൂചന പ്രകാരം എല്ലാ മേഖലകളിലും വ്യാപിക്കുമെന്ന റെഡ് അലർട്ട് വന്നു. ശക്തമായ കൊടി യോടുകൂടിയ ഇടി, പൊട്ടിത്തെറി, വിഭാഗീയ വിസ്ഫോടനം തുടങ്ങി മന്ത്രിസഭ ഒലിച്ചുപോ ക്കുവരെ സംഭവിച്ചേക്കാം എന്ന് പ്രവചനം.

മതേതരത്വവും ജനാധിപത്യവും ഭരണഘടന പോലും തിരുത്തിയെഴുതുമെന്ന് മോഡി. അങ്ങനെ ഭാരതമെന്ന പേർ കേട്ടാൽ അപമാനപൂരിത മാകണം അന്തരംഗം എന്ന സ്ഥിയിലെ കേന്ദ്രത്തിനൊപ്പം കേരളമെന്ന് കേട്ടാലോ 'പീഡനം' എന്നതിൽ തിളയ്ക്കണം നമുക്ക് ചോര ഞരമ്പുകളിൽ എന്ന് കവിവാക്യം. പക്ഷേ പലർക്കും സമയത്തും അസമയത്തും ഞരമ്പുകളിൽ ചോര തിളച്ചതിന്റെ ഫലമാണ് ഇന്നീ നാട് ലോകമെങ്ങും നാറിയിടുന്നതിൽ കാരണഭൂതൻ രഞ്ജിത്-സിദ്ധിക്ക്-മുകേഷ് എന്ന സഖാക്കളല്ലോ എന്നൊരു തിരുവാതിരയ്ക്ക് ഓണക്കാലത്ത് സാദ്ധ്യത മണക്കുന്നുണ്ട് എന്തായാലും അമ്മയുടെ അപ്പൻമാരും അപ്പച്ചിമാരും ഒന്നടങ്കം പുറത്ത് പുരകത്തുമ്പോൾ വാഴവെട്ടുന്നപോലെ 'അപ്പൻ'മാർ പുറത്തായ രാഹുകാലത്ത് തന്നെ 'ചിറ്റപ്പനെ' സി.പി.എമ്മും ചവിട്ടി പുറത്താക്കി. ഏതാണ്ട് സ്പീക്കറുടെ കസേര നിയമസഭയിൽ ചിറ്റപ്പൻ മറിച്ചിട്ടത് പോലെ അലങ്കാരം, ഉപമ, വാളെടുത്തവൻ വാളാൽ, കസേര മറിച്ചവന്റെ കസേരയും കൊള്ളാം... അടിച്ചുകേറി വാ മക്കളേ, അമ്മയുടെ അപ്പൻമാർ പുറത്തായത് 'സംഗ'ത്തിന്റെ പേരിലാണ്. ബലാൽസംഗം, ചിറ്റപ്പനും പുറത്തായത് സംഘത്തിന്റെ പേരിൽ തന്നെ. സംഘപ രിവാർ പ്രകാശ് ജാവ്ദേക്കറുമായുള്ള രഹസ്യ

ബന്ധം 2014 മുതൽ ഈ ബന്ധമുണ്ടെന്നും 1977 ൽ ഇന്നത്തെ മുഖ്യമന്ത്രി നിയമസഭയിൽ ജയിച്ചതിന് സംഘിനു പങ്കുണ്ടെന്നും 2020–ൽ കോവിഡുകാലത്ത് മുഖ്യനും ശ്രീ.എം. എന്ന സംഘ്പരിവാർ നേതാവും തിരുവനന്തപുരത്ത് ചർച്ച ചെയ്ത് എല്ലാം പറഞ്ഞ് ക്ലോംപ്ലിമെന്റായി എന്നും കഴിഞ്ഞ 4 വർഷമായി ഒരൊറ്റ BJP CPM സംഘർഷം കേരളത്തിലില്ലാത്തത് അതുകൊണ്ടാണെന്നതുമെല്ലാം വരും ദിവസങ്ങളിൽ മണിമണിയായി പുറത്തുവരു മെന്ന് പുറത്തായ കൺവീനർ പക്ഷക്കാർ. അൻവർ ഇനിയും വാ തുറന്നാൽ സ്വർണ്ണക്കട ത്തുകളും കൊലപാതക ഗൂഢാലോചന കളെല്ലാം പുറത്താകുമെന്നും പിന്നാമ്പുറം. എക്സാലോജിക്കും വീണയും കരിമണൽ കർത്തയും മാസപ്പടിയുമെല്ലാം ആവിയാ യതും തൃശ്ശൂരിൽ താമരവിരിഞ്ഞതും കൂട്ടി വായിക്കുമ്പോൾ എന്നെ കണ്ടാൽ കിണ്ണം കട്ടെന്ന് തോന്നുമോ? എന്നു ചിലർക്കൊരു സന്ദേഹം. എന്തായാലും കൊല്ലം എം.പി. യ്ക്ക് കേരള മുഖ്യൻ മുമ്പൊരു പേരിട്ടത് അക്ഷരാർത്ഥത്തിൽ ഇപ്പോൾ മറ്റ് ചിലർക്ക് ഉചിതമായ പേരാണ്. പണ്ട് ഇൻഡിഗോ വിമാനത്തിൽ മുഖ്യന്റെ കിങ്കരനായി സേവനമനുഷ്ഠിക്കവേ രണ്ട് യൂത്തു കോൺഗ്രസുകാർ കരിങ്കൊടിയുമായി 'പ്രതിഷേധം, പ്രതിഷേധം' എന്ന സൈലന്റ് മോടിൽ ചുണ്ടനക്കിയതിന് മുഖ്യനെ കൊല്ലാൻ വന്നു എന്ന് കള്ളം പറഞ്ഞ് ഒറ്റച്ചവിട്ടിനു യൂത്തൻമാരെ ചവിട്ടി വീഴ്ത്തി പഴയ ബോക്സർ മുഹമ്മദാലിയെ ചിറ്റപ്പൻ ഒന്നുകൂടി ഓർമ്മിപ്പിച്ചു. ആ ചിറ്റപ്പനെ ഇപ്പോഴിതാ കാരണഭൂതൻ നിർദാക്ഷണ്യം കൺവീനർ സ്ഥാനത്ത് നിന്ന്




ചവിട്ടി താഴെയിട്ടു. ഇന്റിഗോയിൽ കൊടുത്താൽ എ.കെ.ജി സെന്ററിൽ കിട്ടും' കൊടുത്താൽ കൊല്ലത്തും കിട്ടുമെന്നാണല്ലോ? കൊല്ലം എന്നു കേട്ടപ്പോൾ കൊല്ലത്ത് ഉടൻ പണി കിട്ടാൻ പോകു ന്നത് ജില്ലയിലെ മന്ത്രിതാരത്തിനാണോ എം.എൽ.എ (അല്ല തോറ്റ എം.പി) ക്കാണോ പണി കിട്ടുന്നതെന്നറിയാൻ ഉറ്റുനോക്കുന്ന കോഴിക്കോടൻ മന്ത്രിക്ക് വനിതാ ഡോക്ടർമാ രുടെ പീഡനകഥ മാധ്യമങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്യുമ്പോഴേ ധാർമ്മികരോഷം ഉയരുന്നുണ്ട് 'മറക്കാൻ കഴിയുമോ പീഡനം (പ്രേമം)(മനസ്സിൽ) ശരീരത്തിൽ വരുത്തും ക്ഷതങ്ങൾ എന്നത് മന്ത്രിക്ക് നന്നായി ബോദ്ധ്യമുണ്ട്. ഇതൊക്കെ കാണുമ്പോൾ ശ്രദ്ധിക്കണ്ടായിരുന്നോ അമ്പാനേ' എന്ന് കാരണവർ രംഗൻ ചേട്ടൻ. ഭയം വേണ്ട ജാഗ്രത മതി എന്നൊക്കെ മുൻ മന്ത്രിണി ഉപ ദേശിക്കുന്നെങ്കിലും 'ഭയം കൊണ്ടെനിക്കിരി ക്കാൻ മേലേ' എന്നതാണ് സ്ഥിതി എന്തായാലും പണ്ട് എ.കെ.ജി കേന്ദ്രത്തിൽ പൊട്ടാസെറിഞ്ഞ പ്പോഴത്തെ ഉഗ്രൻ കുലുക്കത്തിനും മീതെ വന്ന് ഇപ്പോഴത്തെ കുലുക്കം. ഷൊർണ്ണൂരിൽ നിർമ്മിച്ച തീവ്രമോചിനിയിൽ രണ്ടക്കം തികഞ്ഞോ ഒന്നൊന്നര കുലുക്കം കേൾക്കുന്നവർക്ക് 'കിലുക്ക'ത്തിലെ ജോജിയെ കാണുമ്പോഴത്തെ ചിരി തീവ്രതയെപ്പറി വിദഗ്ദനും അനുഭവജ്ഞാനി യുമായ മുൻപ്രൈവറ്റ് സെക്രട്ടറി സ്വപ്നകാമുക നുമായ സാക്ഷാൽ ശിവശങ്കറിന്റെ അഭിപ്രായ മറിയാൻ പാവം ജയിലിലാണല്ലോ കഷ്ടം. എല്ലുമുറിയെ പണി ചെയ്താൽ പല്ലുമുറിയെ തിന്നാം എന്ന IAS കോച്ചിംഗ് ക്യാമ്പുകളിലെ ആപ്തവാക്യം അനുബന്ധിച്ച് എല്ലാ ദിവസവും ഫ്ളാറ്റിൽപോയി എല്ലുമുറിയെ പണി എടുത്തു. പാപത്തിനിപ്പോൾ എല്ലുപൊടിയുടെ അസുഖമാ ണ്. പല്ലുകൊഴിഞ്ഞ അവസ്ഥയുമായി 'മുട്ടുവിൻ തുറക്കപ്പെടും' എന്നതും അദ്ദേഹത്തിന് നൂറുശ തമാനം ശരിയായി. സിനിമയിലെ ചില ഞരമ്പ ന്മാർ എത്ര മുട്ടിയിട്ടും തുറന്നില്ലെന്നു മാത്രമല്ല നാറ്റക്കേസുമായി. ഇപ്പോഴാണ് സോഷ്യൽ മീഡി യയിൽ ഒരു പയ്യൻ 'ചിലോർക്ക് ശരിയാകും വേറെ ചിലർക്ക് ശരിയാവില്ല' എന്ന് പണ്ട് പറഞ്ഞത് ഓർമ്മ വരുന്നത്. എത്ര ദീർഘദർശിയായ പയ്യൻ. എന്തായാലും ശിവശങ്കരൻ ആത്മകഥ എഴുതും എന്നതുകേട്ടു മൂന്നരക്കോടി മലയാളികളും പുസ്തകം വായിക്കാൻ മുട്ടിയിരിക്കുകയാണ്.

ദക്ഷിണാഫ്രിക്കയിൽ നിന്ന് 1915 ൽ ഗാന്ധിജി ഇന്ത്യയിലേക്ക് സ്ഥിരമായി മടങ്ങി എത്തിയത് സ്വാതന്ത്ര്യ സമരത്തിൽ കോളിളക്കം സൃഷ്ടിച്ചു. ഇപ്പോഴോ അവിടെ നിന്ന് ഒരു വജ്രവ്യാപാരി എം.എൽ.എ നാട്ടിൽ മടങ്ങിയെത്തി കോളിള ക്കം സൃഷ്ടിക്കുന്നു. സിനിമ നടൻ ജയന്റെ അവസാന ചിത്രമാണ് 'കോളിളക്കം' ഇതിപ്പോൾ മുഖ്യമന്ത്രിക്കാവട്ടെ കോളിളക്കമല്ല കോലിളക്ക മാണ് സൃഷ്ടിച്ചത്. എൻ.സി.പി പാർട്ടിയിൽ പവർ ഗ്രൂപ്പുണ്ട്. കേരളത്തിലിപ്പോൾ 'ചവർ

ഗ്രൂപ്പിന്റെ' കാലമാണ്. വോട്ടുകിട്ടാൻ തുറന്ന വാർറൂം പാർട്ടികത്ത് വാർ ഉണ്ടാക്കുന്നു. മീശമാധവൻ മോഷണമുതൽ 'ചേക്കി' നപ്പുറം കടത്തില്ല. മലപ്പുറം എസ്.പി യും മുറിച്ചുമാറ്റിയ തേക്ക് ക്യാമ്പാഫീസിൽ തീൻ മേശയും കട്ടിലുമാക്കിയത്രേ. കോഴിയെ മോഷ്ടിച്ചതോ? എന്നതിന് എങ്കിലേ അത് പൊരിച്ചു തിന്നാൻ ആയിരുന്നല്ലോ? എന്നാണല്ലോ മറുപടി. തേക്കുതടി മോഷ്ടിച്ചത് കട്ടിലുപണിയാനാ യിരുന്നല്ലോ? എന്ന് പറഞ്ഞ് ഒതുക്കാമായിരുന്ന ചീള് കേസ്. തേക്കെന്നു കേട്ടപ്പോഴാണ് മുമ്പ് തിരുവനന്തപുരത്ത് പോലീസാസ്ഥാനത്ത് CAG യുടെ ആഡിറ്റിൽ ധാരാളം പോലീസ് തോക്കുകളും പതിനായിരം തിരകളും കാണാനില്ല എന്ന എന്ന വാർത്ത വന്നത്. ബഹ്റയുടെ സുവർണ്ണ കാലം ഇപ്പോൾ മെട്രോയിലുണ്ട്. ബോഗികളുടെ എണ്ണം എടുക്കാൻ വകുപ്പ് കാണില്ലായിരിക്കുമെന്നു കരുതാം.

മൗനം വിദ്വാനു ഭൂഷണം എന്നത് ആരെ മനസിൽ കരുതിയിട്ടാണെന്ന വ്യാപക സംശയം തീർന്നു കിട്ടി. അതിന്റെയും ആള് ഞമ്മളാണ് നമ്പർ 1 ADGP ക്കെതിരേ അത്യന്തം രാജ്യദ്രോഹ സ്വർണ്ണക്കടത്തുൾപ്പെടെ ഗുരുതര ആരോപണം നേരിട്ടത് മുഖ്യന്റെ മുഖ്യ സുഹൃത്ത് മറ്റൊരു ശിവശങ്കരന്റെ എന്തായാലും വേലിയിലിരുന്നതിനെ എടുത്ത് മേളിലിട്ട അവസ്ഥ. അനുഭവിക്കുക തേക്ക് കടത്തി ചാനൽവരെ സ്വന്തമക്കിയ നാടാണ്. പണ്ട് പട്ടംതുളസിക്കുന്നിലെ ഇക്കൂട്ടരുടെ പൂർവ്വിക വിപ്ലവവീര്യവും ഇതുപോലെ കടത്തി കുറെ മാസങ്ങൾക്ക് ശേഷം ചില വീടുകളിൽ ഭക്ഷണം കഴിക്കാൻ പോയ ചില വായ്നോക്കികൾ മേശവിരിപ്പ് പൊക്കി നോക്കിയപ്പോൾ ഞെട്ടിമാമാ KPSC Txx6 എന്ന് വെള്ളപെയിന്റിൽ പി.എസ്.സിയുടെ പഴയ ടേബിൾ. മദ്യപാനി കടക്ക് KPAC യും KPSC യും തിരിച്ചറിഞ്ഞുകൂടാ എന്ന് ന്യായീകരിച്ച് മെഴുകാൻ വീട്ടുടമ എന്തായാലും മൊബൈൽ ഫോൺ വ്യാപകമാകുന്നതിനു മുമ്പായത് മഹാഭാഗ്യം കക്കാൻ പഠിച്ചാൽ നിൽക്കാനും പഠിക്കണമെന്ന് സഖാക്കൾക്ക് സ്റ്റാറ്റ്യൂട്ടറി മുന്നറിയിപ്പ് 5 രൂപയുടെ പെയിന്റ് മതി.

ജീവനക്കാർക്ക് നാല് വർഷമായി DA ഇല്ല. 7 ഗഡുകുടിശ്ശിക പോലെ ശമ്പളപരിഷ്കരണ കുടിശ്ശിക സ്വാഹ എന്റെ ലീവോ? മറന്നേക്കുക ആകെ ലഭിക്കുന്നത് ഇൻഗ്രിമെന്റ് ബാലഗോപാലൻ ഉടൻ അതും നിർത്തും. പക്ഷേ ദോഷം പറയരുത് എല്ലാ വർഷവും സാലറി ചലഞ്ച് പിടിച്ചുപറി 2011-16 ഉമ്മൻചാണ്ടി ഭരണത്തിനുശേഷം 8 വർഷവും ഉമ്മൻചാണ്ടി മരണശേഷം ഒരു വർഷവും പിന്നിട്ടു. സാലറിചലഞ്ച് സമ്മതിക്കാത്തവർക്ക് സ്വന്തം പണമായ പി.എഫ് പോലും നൽകരുത്




എന്ന് ഉത്തരവിട്ട് എൽ.ഡി.എഫ്. സർക്കാരിന് ഇപ്പോഴും സിന്ദാബാദ് വിളിക്കുന്ന മരക്കഴുതകൾ ഉള്ളപ്പോൾ സർക്കാരിനു ഭയവും വേണ്ട ജാഗ്രതയും വേണ്ട വണ്ടിക്കാളയും വംശനാശം വന്നെങ്കിലും യൂണിയൻകാരെ കാണുന്നവർ അവയെ ഓർമ്മവരും. മർമ്മം തകർത്താലും യജമാനനാണ് ദൈവം. നാറുന്നതിനൊക്കെ ഒരു പരിധി വയ്ക്കണ്ടേ പോരാളികളെ ഒ.വി. വിജയന്റെ ധർമ്മ പുരാണത്തിലെ തനി പ്രജകൾ വിസർജ്യത്തിൽ സുഗന്ധം കണ്ടെത്തുന്ന പുരോഗമനവാദികൾ. ഓഖി, നിപ്പ, ഒന്നാം പ്രളയം, രണ്ടാം പ്രളയം, കോവിഡ്, പെട്ടിമല-കവളപ്പാറ പുതുമല ഇടുക്കി ഒടുവിൽ മുണ്ടകൈ-ചൂരൽ മലവരെ ദുരന്തങ്ങളുടെ 8 വർഷം. സമാധാനമായി ഒരു ഓണം ഉണ്ണണമെങ്കിൽ ഈ ഭരണം അവസാനിക്കണം എന്ന ദുർഗതി. അടുത്ത ശമ്പള പരിഷ്കരണം 1.07.24 ൽ ലഭിക്കാനർഹതയായി 1.7.19 ലെ കുടിശ്ശികപോലും കിട്ടുന്നില്ല. പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്നുറപ്പു നല്കിയ എൽ.ഡി.എഫ് ഇപ്പോൾ ഉറപ്പ് പിൻ

വലിച്ച് തടിയൂരുന്നു. എന്തായാലും കേന്ദ്രത്തിന്റെ പുതിയ പെൻഷൻ പദ്ധതി മെച്ചമാണ്. കേന്ദ്രവിഹിതം 18.5% ഉയർത്തുന്നു. ജീവനക്കാർ 10% മാത്രം നല്കിയാൽ മതി. അവസാന ശമ്പളത്തിന്റെ പകുതി പെൻഷൻ കേരള സർക്കാരിന് എന്തെങ്കിലും മര്യാദ ഉണ്ടെങ്കിൽ പഴയ സ്റ്റാറ്റ്യൂട്ടറി പെൻഷൻ തിരികെ കൊണ്ടുവരണം. അല്ലെങ്കിൽ കേന്ദ്രത്തിന്റെ പുതിയ യു.പി.എസ്. നടപ്പിലാക്കണം എന്നും ചെറുതല്ലാത്ത അവസ്ഥയൂണിയൻകാർ അക്ഷമരാകരുതേ എന്ന് കൂട്ടായി പ്രാർത്ഥിക്കാം.

കോവിഡ്കാലത്ത് മൊത്തം മാസ്കായിരുന്നു. ഗ്ലൗസ്, മാസ്ക്, പി.പി.ഇ.കിറ്റ്, മരുന്ന് എല്ലാറ്റിലും വൻവെട്ടിപ്പും അഴിമതിയും നടന്നത് പുതുമയല്ലല്ലോ? വടകരയിലെ ജനം ടീച്ചറിൽ നിന്നു വലിയ അകലം പാലിക്കുന്നു എന്ന് കണ്ടപ്പോൾ അതിനെ അടവായി കണ്ടെത്തിയ കാഫിർ ടീച്ചറെ തിരിഞ്ഞുകൊത്തി. അതിന്റെ പിതൃത്വം ലീഗുകാരന്റെ തലയിൽ കെട്ടിവച്ചു. പഴയ കമ്യൂണിസ്റ്റ് ഒളിവുകാല ജന്മസിദ്ധ ജീവിതാനുഭവമാണല്ലോ അന്യന്റെമേൽ പിതൃത്വം അടിച്ചേല്പിക്കുക എന്നത്. ഒരു കമ്യൂണിസ്റ്റിനെ കൂടി ജനിപ്പിക്കുക എന്നാൽ ലോകം കീഴടക്കുന്ന അനുഭൂതിയായി കണ്ട പാവങ്ങൾ. പിണറായിയുടെ പോലീസ് പ്രതിയായി കണ്ടെത്തിയ ലീഗുകാരൻ ഹൈക്കോടതിയിൽ വാദിയായി എത്തി. പോലീസ് അന്വേഷണത്തിൽ സി.പി.എം കാരൻ പ്രതിസ്ഥാനത്തായി. എങ്ങനെ ഉണ്ട് കുരുട്ടുബുദ്ധി ഇതാണ് കോവിന്ദൻ മാസ്റ്ററുടെ പുതിയ വൈരുദ്ധ്യാത്മക കാഫിർവാദം. പിതൃത്വ ഡി.എൻ.എ ടെസ്റ്റ് നടത്തിയ സഖാക്കളുടെ അടുത്ത കണ്ടെത്തൽ കാഫിറിനു പിതാവേ ഇല്ല. ദിവ്യഗർഭം ആണത്രേ. കന്യാമറിയത്തിനുശേഷം ആദ്യ അന്തരം പിണറായി ഭരണത്തിൽ എല്ലാവരും വിശ്വസിച്ചു ക്ലിഫ് ഹൗസിലെ അമ്മായി അപ്പം ചുടുന്നത് കണ്ട കോവിന്ദൻ Kറെയിൽ കൊച്ചിയിൽ അപ്പം വില്ക്കാൻ പ്ലാനിട്ടു. എന്തായാലും K-റെയിൽ വന്നില്ല ഗട്ടോ. അമ്മായിചുട്ടത് മരുമോനിക്ക എന്ന കോവിന്ദൻ സത്യത്തിൽ തിരിച്ചറിഞ്ഞില്ല പോലും.

ക്ഷേമപെൻഷൻ 6 മാസം മുടങ്ങിയ മറിയച്ചേട്ടത്തി പിച്ചച്ചട്ടി എടുത്തു. സഖാക്കൾ ക്യാപ്സൂൾ എടുത്തു. ചേട്ടത്തിക്കു രണ്ടരയേക്കർ റബ്ബർ തോട്ടം മകൾക്ക് അമേരിക്കയിൽ ജോലി. ചേട്ടത്തി കോടതിയിലെത്തി. നുണ അറിയിക്കാൻ നേരത്തേ അറിയിക്കാൻ കൈരളി ദേശാഭിമാനി മാപ്രകൾ തലകുത്തിനിന്നു. ചേട്ടത്തിയാണ് ശരി എന്നു കോടതി ഇന്ദിരാഗാന്ധിയുടെ പേരിലാണ് വാർദ്ധ്യകാലപെൻഷൻ വിധവ പെൻഷൻ, വികലാംഗപെൻഷൻ എന്നതുപോലും മറച്ചുവയ്ക്കുന്ന സഖാക്കൾക്ക് കോടതിവിധി തലയ്ക്കടിയായി. ഇപ്പോഴും സാമൂഹ്യപെൻഷൻ 5 മാസം കുടിശ്ശികയാണ് സഖാക്കളെ. സഹകരണ ബാങ്ക് സി.പി.എം ന്റേതാണെങ്കിൽ കണ്ണുമടച്ച് ബോർഡ് മാറ്റി എഴുതാം. അപഹരണ ബാങ്ക്, കരുവന്നൂർ, കണ്ടല, ബി.എസ്.എൻ.എൽ തുടങ്ങി എത്ര എത്ര തട്ടിപ്പുകൾ.

നവകേരള സദസ് എന്ന പേരിൽ കോടീശ്വരൻമാരുമായി മുഖ്യമന്ത്രി നടത്തിയ സമ്പർക്കത്തിന് നവകേരള ബസ് 1.25 കോടി രൂപ ചിലവ് ഒരടി ഉയരപടികയറാൻ ചങ്കില്ലാത്ത മുഖ്യന് ലിഫ്റ്റ് കറങ്ങുന്ന കസേരയും കക്കൂസും വഴിനീളെ കരിങ്കൊടി കാട്ടിയവരെ ഹെൽമറ്റിനും ചെടിച്ചട്ടിക്കും തലതല്ലിപൊളിച്ചതിനു മുഖ്യമന്ത്രിയുടെ ഓമനപ്പേര് രക്ഷാപ്രവർത്തനം. പ്രതികരിച്ച വൈദികന് തലയ്ക്കു സ്ഥിരതയില്ല




എന്നും ഡോക്ടർ മുഖ്യന്റെ കണ്ടെത്തൽ. യാത്രയ്ക്കൊടുവിൽ ബസ് ബാംഗ്ലൂർ യാത്രയ്ക്ക് കോഴിക്കോട് കെ.എസ്.ആർ.റ്റി.സിക്കു നല്കി. നാറിയ ബസിൽ കയറാൻ ആളില്ലാതെ ബസ് കട്ടപ്പുറത്ത് ഖജനാവിൽ നിന്ന് ആവിയായത് 1.25 കോടി. ബാലൻ സഖാവ് പറഞ്ഞത് മ്യൂസിയത്തിൽ കാഴ്ച വച്ചാൽ കോടിക്കണക്കിനു രൂപ ട്യൂറിസ്റ്റുകൾ ടിക്കറ്റായി നല്കുമെന്നാണ്. ഇനി ബാലനെ മ്യൂസിയത്തിൽ വയ്ക്കണം. മണ്ടത്തരം ഒളിമ്പിക്സിൽ ഒരു മത്സര ഇനമായിരുന്നെങ്കിൽ സ്വർണ്ണം കേരളത്തിലെ സി.പി.എംന് ലഭിക്കുമായിരുന്നു. പക്ഷേ ഹോക്കിയിൽ മെഡൽ നേടിയ ഇന്ത്യയുടെ മലയാളി അഭിമനം പി.ആർ. ശ്രീജേഷിനെയും കുടുംബത്തെയും തിരുവനന്തപുരത്ത് ക്ഷണിച്ചു വരുത്തി സ്വീകരണം ഒഴിവാക്കിയത് രണ്ടു മന്ത്രിമാർ തമ്മിലുള്ള തർക്കമത്രേ. രണ്ടു മന്ത്രിമാർ തമ്മിലുള്ള തർക്കം പരിഹരിക്കാൻ കെല്പില്ലാത്ത മുഖ്യനെ ആണ് ഇരട്ടചങ്കൻ എന്ന് വാഴ്ത്തുന്നത്. സാംസ്കാരിക കേരളമേ ലജ്ജിച്ചു തല താഴ്ത്തുക നാം.



# ഒളിംപിക്സോണം



ശ്രീദേവ് എം.എസ്.

ഒളിംപിക്സ് വെറുമൊരു കായികമേളയല്ല മറിച്ച് സാമ്പത്തികമായും സാങ്കേതികമായും കായികപരമായും തങ്ങളാണ് ഒന്നാമതെന്ന് ശക്തിപ്രകടനത്തിലൂടെ ലോകത്തോട് വിളിച്ചോതുന്നതിനുള്ള മാധ്യമമാണ്. ഒളിംപിക്സിന് വേണ്ടി ആതിഥേയ രാജ്യവും മറ്റു രാജ്യങ്ങളും ചിലവഴിക്കുന്ന കോടിക്കണക്കായ തുകയും ലാഭം മാത്രം മുന്നിൽ കണ്ടുള്ളതല്ല, അതൊരു പ്രസ്താവനയാണ്. അങ്ങനെ നോക്കുമ്പോൾ സാമ്പത്തികമായും ശാക്തികമായും ഇന്ത്യ ഇന്ന് എവിടെ എത്തിനിൽക്കുന്നു എന്നത് ഒരു ചോദ്യമാണ്.

ഒരു വെള്ളിയും 5 വെങ്കലവുമടക്കം 6 മെഡലുകളുമായി 71 –ാം സ്ഥാനത്താണ് ഇന്ത്യ. കഴിഞ്ഞ തവണ ജാവേലിൻ ത്രോയിൽ സ്വർണം കരസ്ഥമാക്കിയ നീരജ് ചോപ്ര ഇത്തവണ വെള്ളിയിൽ ഒതുങ്ങിയതിന് കാരണം അർഷാദ് നദിം എന്ന പാകിസ്ഥാൻകാരന്റെ പോരാട്ട വീര്യമാണ്. വനിതകളുടെ 10 m എയർ റൈഫിളിൽ വ്യകതിഗത ഇനത്തിലും മിക്സഡ് ടീമിനത്തിൽ സരബ്ജ്യോത് സിംഗിനോടൊപ്പവും മനു ഭേക്കർ വെങ്കലം നേടി. പുരുഷന്മാരുടെ ഹോക്കി ടീം, പുരുഷ 50m റൈഫിൾ 3 പൊസിഷനിൽ സ്വപ്നിൽ കുശാലെ, പുരുഷന്മാരുടെ 57kg ഫ്രീസ്റ്റൈൽ ഗുസ്തിയിൽ അമൻ സെഹ്റാവത് എന്നിവർ വെങ്കലത്തോടെ മെഡൽ ടാലിയിൽ ഇടം നേടി. എന്നിരുന്നാലും ഉജ്ജ്വല പ്രകടനത്തിലൂടെ വനിതകളുടെ 50 kg വിഭാഗം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ ഫൈനലിൽ എത്തിയ വിനേഷ് ഫോഗട്ട് അയോഗ്യയാക്കപ്പെട്ടത് 140 കോടി ഇന്ത്യക്കാരുടെ മനസിലെ തീരാനോവായി.

ആറോളം ഇനങ്ങളിൽ ഇന്ത്യക്കാർ 4 –ാം സ്ഥാനത്ത് ഫിനിഷ് ചെയ്യുകയുണ്ടായി. ഈ പ്രകടനങ്ങൾ എല്ലാം മെഡലാക്കി മാറ്റിയിരുന്നെങ്കിൽ നിലവിലെ ചിത്രം മറ്റൊന്ന് ആയേനെ. രാജ്യങ്ങൾ നേടുന്ന സ്വർണത്തിനാണ് അന്തിമ പട്ടികയിൽ കൂടുതൽ മൂല്യമെന്നിരിക്കെ മൂന്നും നാലും സ്ഥാനങ്ങൾ ഒന്നിലേക്കും രണ്ടിലേക്കും എത്താൻ ഇന്ത്യ ഇനിയുമേറെ പ്രയത്നിക്കേണ്ടിയിരിക്കുന്നു. സ്പോർട്സ് മേഖലയിൽ രാഷ്ട്രീയ വൽക്കരണവും കയ്യിട്ട് വാരലുമാണ് ഇതിന് വിലങ്ങു തടിയായി നിൽക്കുന്നത്. അടുത്ത ഒളിമ്പിക്സ് മുതലെങ്കിലും ഇതിനൊരറുതിവരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇന്ത്യ ഒളിംപിക്സിന് ആതിഥേയത്വം വഹിക്കുന്ന, മെഡൽ ടാലിയിൽ മുൻനിരയിലേയ്ക്ക് എത്തുന്ന ഒരു നല്ല നാളേയ്ക്കായി നമുക്ക് ഒരുമിച്ച് സ്വപ്നം കാണാം.





# കാകദൃഷ്ടി

തുളസിക്കുന്നിലെ ആൽമരക്കൊമ്പിൽ ഉച്ചമയക്കത്തിലാണ്ട കിളിയുണർന്നത് പെൺകിളികളുടെ പ്രതിഷേധ കളകൂചനം കേട്ടാണ്. ബംഗാളിൽ വനിതാ ഡോക്ടറെ പീഡിപ്പിച്ച് കൊലപ്പെടുത്തിയതിലുള്ള പ്രതിഷേധമാണ്. കിളിക്ക് ആദ്യമൊരഭിമാനം ഒക്കെ തോന്നിയെങ്കിലും ഇവിടെ നടക്കുന്നതൊന്നും ഇവരറിയുന്നില്ല എന്നോർത്തപ്പോൾ നീരസമാണ് ഉണ്ടായത്. ഡോക്ടർ വന്ദന കൊല ചെയ്യപ്പെട്ടപ്പോഴോ വാളയാറിലെ പെൺകുരുന്നുകളുടെ അമ്മ നീതിക്കായി കേണപ്പോഴോ ചെറുവിരലനക്കാത്ത ഇവർക്ക് വാ തുറക്കാൻ വംഗനാട്ടിലെ മങ്കയുടെ പ്രശ്നം വേണ്ടി വന്നല്ലോ. സ്വന്തം കൂട്ടത്തിലെ പീഡകരെ വിചാരണചെയ്യാൻ പാർട്ടി കോടതിയും തീവ്രത അളക്കുന്ന സാമഗ്രിയുമുള്ള കൂട്ടരാണ്. ഹേമകമ്മിറ്റി റിപ്പോർട്ട് വന്നതൊന്നും ഇവരറിഞ്ഞ മട്ടില്ല. നാട്ടുകാരുടെ കാശ്ചിലവിട്ട് ഉണ്ടാക്കിയ റിപ്പോർട്ടിൽ മുക്കേണ്ടത് മുക്കി ഗത്യന്തരമില്ലാതെ ബാക്കി പുറത്തുവിട്ടശേഷം വായിച്ചവർ കുറ്റക്കാരെന്ന നിലപാടെടുക്കുന്ന സർക്കാരിന്റെ ആളുകളിൽ നിന്ന് മറ്റെന്തു പ്രതീക്ഷിക്കാൻ?

അപ്പോഴാണ് തൊട്ടപ്പുറത്ത് 5 ദിവസത്തെ ശമ്പളം നഷ്ടപ്പെട്ടതിന്റെ വ്യഥ പരസ്പരം പറഞ്ഞു പരിഭവിക്കുന്ന കിളികളെ കണ്ടത്. അതിനിടെ എവിടെ നിന്നോ പഴയൊരു വിപ്ലവഗാനത്തിന്റെ ഈരടി മുഴങ്ങി, 'നഷ്ടപ്പെടുവാനുള്ളത് നമുക്ക് കൈവിലങ്ങുകൾ മാത്രം, കിട്ടാനുള്ളത് പുതിയൊരുലോകം........' നഷ്ടപ്പെടാൻ ഇനി ഉടുതുണിയും ഉയിരും മാത്രമേ ഉള്ളൂ എന്നല്ലേ അണ്ണാ മറ്റവന്മാർ ഇന്നാളിൽ ബോർഡ് വച്ചത്, ഏത് ചങ്ങലയുടെ കാര്യമാ അണ്ണാ ഈ പറയുന്നത്, പിന്നെ കിട്ടാൻ പോകുന്ന പുതിയ ലോകത്ത് ഡി.എ യും ശമ്പളപരിഷ്കരണ കുടിശ്ശികയുമൊക്കെ കിട്ടുമോ അണ്ണാ?

ചോദ്യം കേട്ട താത്വികാചാര്യന് അരിശം വന്നു. ആയ കാലത്തു കാക്കി നിക്കറിട്ട് നടന്നവനെയൊക്കെ പുറകേ നടന്നു വശത്താക്കി അണി ആക്കിയാൽ ഇതല്ല ഇതിനപ്പുറവും കേൾക്കേണ്ടിവരും ആചാര്യൻ വാചാലനായി. നീ സ്റ്റഡിക്ലാസ്സ് അറ്റന്റ് ചെയ്യാത്തതിന്റെ കുറവ് നന്നായിട്ടുണ്ട്, പുതിയലോകം എന്നാൽ നമ്മുടേത് മാത്രമായ ലോകം, അതായത് മുതലാളിത്തത്തെ തൂത്തെറിഞ്ഞ് കൊണ്ടുള്ള സമ്പൂർണ്ണ വിപ്ലവം. പിന്നെ ഡി.എ സറണ്ടർ ഒക്കെ നഷ്ടപ്പെട്ടു കഴിഞ്ഞല്ലോ, അപ്പോൾ കിട്ടുന്ന കാര്യത്തെക്കുറിച്ചുള്ള ചോദ്യമേ അനാവശ്യം, ഒന്നും മനസ്സിലാവാത്ത അണിക്ക് വീണ്ടും സംശയമായി അപ്പോൾ ഇത് നമ്മുടെ മാത്രം ലോകമാണന്നല്ലേ അണ്ണാ നിങ്ങളിതുവരെ പറഞ്ഞു കൊണ്ടിരുന്നത് വി ആർ 99 എന്നും ഏക സംഘടനയെന്നും എല്ലാം നമ്മളാണ്



എന്നുമൊക്കെ പറഞ്ഞിട്ട് ഇനി എന്നാണ് നമ്മുടേത് മാത്രമായ ലോകം വരുന്നത്. ആചാര്യന് ഉത്തരം മുട്ടിയെങ്കിലും ഗൗരവം കൈ വിടാതെ കമ്മിറ്റിക്ക് സമയമായി എന്ന് മൊഴിഞ്ഞ് മുണ്ടിന്റെ കോന്തല കക്ഷത്തിൽ തിരുകി സ്ഥലം കാലിയാക്കി.

പുറത്തു നിന്നു നോക്കുമ്പോൾ പ്രഭാപൂരിത മായി തോന്നുമെങ്കിലും എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ കാര്യങ്ങൾ അത്രവെടിപ്പല്ല എന്നാണ് പരക്കെ പരാതി. ലീൻ നിലനില്ക്കെ തിരികെ വരാൻ അപേക്ഷിച്ച ഒരു ലോപെ യ്ഡ്കാരനെ സ്വന്തക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് തിരിച്ചെടുക്കില്ലെന്ന് കട്ടായം പതിറ്റാണ്ടിന് ശേഷം കോടതി വിധിക്ക് കീഴ്പ്പെട്ടെങ്കിലും, ടിയാന് അർഹമായ ആനു കൂല്യം അനുവദിക്കാൻ ഇപ്പോഴും തയ്യാറല്ല ഫയൽ ഒന്നരവർഷം പൂഴ്ത്തി വച്ച് ഒടുവിൽ വിരമിക്കാൻ ഒരു ദിവസം മുമ്പ് റിലീസ് ചെയ്ത അഡീഷണൽ പുങ്കവന് പ്രശസ്തി പത്ര വും ഫലകവും വാങ്ങി മോണകാട്ടി ചിരിച്ച് വിടവാങ്ങാൻ ആയെങ്കിൽ അതിനെ ദുര്യോഗ മെന്നല്ലാതെയെന്തുവിളിക്കാൻ ചരിത്രം വഴി മാറും ചിലർ വരുമ്പോൾ എന്നൊക്കെ കേട്ടിട്ടുണ്ട്, പക്ഷേ ഇവിടെ US DS നും DS US നും വഴിമാറുന്നതാണ് പതിവ്. പ്രമോഷൻ സാദ്ധ്യതക്കുറവ് പരിഹരിക്കാനുള്ള എന്തെങ്കിലും അടവുനയമാണോ എന്തോ?

താടിജിയുടെ സങ്കൽപ്പത്തിലുള്ള കക്കൂസു കൾ നിറഞ്ഞ സ്വച്ഛ പി.എസ്.സി ഏത് കിളിക്കും രോമാഞ്ചമുണ്ടാക്കും. എവിടെ തിരിഞ്ഞു നോക്കിയാലും സ്വച്ഛതാ വിഹാരങ്ങൾ തന്നെ. അതും അതിബൃഹത്തും വിശാലവും 10.15 ന് ഓടിക്കിതച്ച് പഞ്ച് ചെയ്യാൻ എത്തുന്നവർ വാഹനം ഒതുക്കാൻ പെടാപ്പാട് പെടുമ്പോഴാണ് കക്കൂസ് വിപ്ലവം. പിന്നെ ഡി.എയും സറണ്ട റുമൊക്കെ നഷ്ടപ്പെട്ട് തവണയടക്കാൻ മുണ്ടു മുറുക്കുന്ന ജീവനക്കിളികൾക്ക് ഇതിന്റെയൊന്നും വലിയ ആവശ്യമില്ലെന്ന് ആര് മനസ്സിലാക്കാൻ മുളമൂട്ടിലെ വായ്പാസംഘം മേൽക്കുമേൽ പുഷ്ടിപ്പെടുന്നുണ്ടെങ്കിലും സഹകാരികൾ അടിക്കടി ശോഷിച്ചുപോകുന്നു എന്നാണ് പരക്കെ പരാതി. ദാനം കിട്ടിയ പശുവിന്റെ പല്ലെണ്ണേണ്ടന്നാണ് പഴമൊഴിയെങ്കിലും ഗിഫ്റ്റു കളുടെ മൂല്യം വർഷാവർഷം കുറഞ്ഞുവരുന്നത് കാണാതെവയ്യ. ബന്ധു നിയമനം പിന്നെ പാർട്ടി നയമാണെന്നതിനാൽ പരിഭവത്തിനിടമില്ലല്ലോ?

ഹുജൂർ കച്ചേരി വളപ്പിലെ മരക്കൊമ്പിൽ പറന്നിരുന്ന കിളി നോർത്ത് ബ്ലോക്കിൽ നിന്നിറങ്ങി വന്ന മാവേലിയോട് പരിഭവിച്ചു, ഇക്കുറി തുളസിക്കുന്നിലേയ്ക്ക് വന്നില്ലല്ലോ, മാവേലിക്കരിശംവന്നു, വരാഞ്ഞതല്ല, ഗേറ്റി ലെത്തിയപ്പോൾ ദ്വാരപാലകൻമാരുടെ നോട്ടം കണ്ടമാത്രയിൽ ഞാൻ ഭയന്നുപോയി, രണ്ട് പറ്റിച്ച് വിടാൻ ആരോ ശട്ടം കെട്ടിയ മാതിരി,

അപ്പോഴേക്കും ജില്ലാ പഞ്ചായത്തുകാർ വന്ന് എതിരേറ്റ് കൊണ്ടുപോയി ഞാനെന്തുപറയാൻ? നാടായനാടെല്ലാം ഓണമാഘോഷിച്ചെങ്കിലും തുളസിക്കുന്നിൽ ഓണം നഹി നഹി എന്നായിരുന്നല്ലോ തമ്പ്രാന്റെ കല്പന. ജില്ലാ ആഫീസുകൾ പ്രത്യേക റിപബ്ലിക്കുകൾ ആയതുകൊണ്ടാകാം വിലക്ക് അവർക്ക് ബാധകമല്ലാതിരുന്നത്. പക്ഷേ ഇതെല്ലാം കലാസമിതിയെ സദ്യ ഉൾപ്പെടെയുള്ള പരിപാടികൾ നടത്തുന്നതിൽ നിന്ന് രക്ഷപ്പെടുത്താനായിരുന്നുവെന്നാണ് പരക്കെ കിളിമൊഴി. പിരിവ് ഗംഭീരമാക്കിയശേഷം അവറ്റകളുടെ ഒരു വിവരവുമില്ല. അവസാനം കണ്ണിൽപ്പൊടിയിടാൻ ഒപ്പിച്ച പണിയാകട്ടെ 'ബോളിയുണ്ടോ സഖാവെ സ്വൽപ്പം പായസമെടുക്കാൻ' എന്ന നിലയ്ക്കുമായി. സദ്യ വിലക്കി ഉത്തരവിറക്കിയ എസ്റ്റാകിളികൾ ഉൾപ്പെടെ പല വിഭാഗക്കാരും ആയിരം രൂപ വരെ മുടക്കിയാണ് പുറത്ത് ഹോട്ടലുകളിൽ ഓണമുണ്ടതെന്നാണ് വിവരം. കാണം വിറ്റും ഓണമുണ്ണണമല്ലോ.

പി.എസ്.സിയിലേക്ക് അഡൈ്വസ് ആകുന്നവരെ സമീപിച്ച് ഇവിടെ നിന്നിട്ട് കാര്യമില്ലെന്നും സെക്രട്ടറിയേറ്റാണ് നല്ലതെന്നും അവിടെ പോകണമെങ്കിൽ ഞങ്ങളുടെ മെമ്പർഷിപ്പെടുത്താലേ കഴിയൂ എന്നുമാണ് സഖാക്കിളികളുടെ പക്ഷം. കഷ്ടം തന്നെ ഇക്കൂട്ടർ പി,.എസ്.സിയെ ഉദ്ധരിക്കുമെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ നില്ക്കുന്ന കിളികളെ പറഞ്ഞാൽ മതിയല്ലോ. പിന്നെ അത്യാവശ്യത്തിന് ചെറിയൊരു സെക്രട്ടറിയേറ്റ് ഇവിടെയുള്ളതുകൊണ്ട് കുറച്ചുപേരെ അവിടെയിരുത്താം. പണ്ടൊക്കെ പുതിയ തസ്തികകൾ എത്രവരുമെന്നായിരുന്നു കിളികൾക്ക് ആകാംക്ഷ. ഇപ്പോൾ ഉള്ള പണി AI ദൈവം തട്ടിപ്പറിക്കുമോ എന്ന ആധിയാണ് കിളികൾക്ക്.

കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പ് കാലത്ത് 10 സീറ്റ് കിട്ടിയാൽ ഭരണം പിടിക്കുമെന്ന് സുരയണ്ണൻ പറഞ്ഞപ്പോൾ ചിരിച്ചകിളികളൊക്കെ ഇപ്പോൾ മിഴിച്ചിരുപ്പാണ്. ഇപ്പോൾ എല്ലാം പിടികിട്ടിയിട്ടുണ്ട്. ഒരു എം.എൽ.എ പോലുമില്ലാതെ ആഭ്യന്തരവകുപ്പ് ഭരിക്കാമെങ്കിൽ 10 എം.എൽ.എ മാരുണ്ടെങ്കിൽ ചെമ്പടയെ വരെ കൈപ്പിടിയിലാക്കാം, ഉറപ്പ്. പാർലമെന്റ് ഇലക്ഷനിൽ തിരോന്തോരത്ത് താമരവിരിയിക്കാൻ വോട്ടു ചെയ്യുക മാത്രമല്ല പിടിക്കുകയും ചെയ്ത ചുവപ്പൻ സംഘികൾ ഇവിടെയുണ്ട്. വോട്ടുതന്നെ തിരോന്തോരത്തേയ്ക്ക് മാറ്റിയ ദിവ്യൻമാർ വേറെ. പോലീസ് ഏമാന്റെ സംസർഗ്ഗദോഷം കണ്ടില്ലെന്നു നടക്കുന്നതിലെ അപകടം ചില്ലറയല്ല കേട്ടോ. കാക്കിക്കളസധാരണ ചരിത്രം പേറുന്ന താക്കോൽ സ്ഥാനീയർ ഇവിടെയുമുണ്ട്. സൂക്ഷിച്ചില്ലെങ്കിൽ പലതും ഇനിയും ചോർന്നുകൊണ്ടിരിക്കും. ഇതൊന്നും എസ്റ്റിമേറ്റല്ല, പച്ചപരമാർത്ഥം മാത്രം! കിളി പറന്നു പോയി.



# ജില്ലാ കമ്മിറ്റി ഭാരവാഹികൾ 2024-25

## തിരുവനന്തപുരം

പ്രസിഡന്റ് : **ശ്രീ. സുരേഷ്ഭട്ട് ആർ. എസ്.**
വൈസ് പ്രസിഡന്റ് : **ശ്രീ. ഷെഫീക്ക്, ശ്രീമതി ഷബ്ന**
സെക്രട്ടറി : **ശ്രീ. അജിംഷാ റഷീദ്**
ജോയിന്റ് സെക്രട്ടറി : **ശ്രീ. അനൂപ് വി. എസ്, ശ്രീ. രാംശങ്കർ**
ട്രഷറർ : **ശ്രീ. ആകർഷ് കെ. ശശി**

കമ്മിറ്റി അംഗങ്ങൾ

**ശ്രീ. വരുൺ ജയചന്ദ്രൻ, ശ്രീ. അബി സെബാസ്റ്റ്യൻ, ശ്രീ. കൃഷ്ണപ്രസാദ്, ശ്രീമതി അജിന മുഹമ്മദ്, ശ്രീമതി വിനുജ, ശ്രീ. വിവേക് വിജയൻ**

## കൊല്ലം

പ്രസിഡന്റ് : **ശ്രീ. നസറുദ്ദീൻ കുഞ്ഞ്. എം**
സെക്രട്ടറി : **ശ്രീ. ഷാജി. എ**
വൈസ് പ്രസിഡന്റ് : **ശ്രീമതി അശ്വതി ശശിധരൻ ജെ. എസ്**
ജോയിന്റ് സെക്രട്ടറി : **ശ്രീമതി ജോളിക്കുട്ടി. ജെ**
ട്രഷറർ : **ശ്രീ. റെയ്സൺ സി. ബി**

കമ്മിറ്റി അംഗങ്ങൾ

**ശ്രീമതി ശോഭ ബി, ശ്രീമതി ജലജകുമാരി എ, ശ്രീമതി ഷമീന എ, ശ്രീ. ശ്യാം കൃഷ്ണൻ**

## പത്തനംതിട്ട

പ്രസിഡന്റ് : **ശ്രീമതി ശ്യാമളാദേവി**
വൈസ് പ്രസിഡന്റ് : **ശ്രീ. മുഹമ്മദ് മർസദ്**
സെക്രട്ടറി : **ശ്രീ. ശ്രീജിത്ത് ആർ. വി.**
ജോയിന്റ് സെക്രട്ടറി : **ശ്രീമതി ഷൈനി ജെ**
ട്രഷറർ : **ശ്രീമതി സിനിമോൾ എസ്**

കമ്മിറ്റി അംഗങ്ങൾ

**ശ്രീ. ഷൈഫുദ്ദീൻ എസ്, ശ്രീമതി റംല പി. ഹനീഫ്, ശ്രീമതി റെജീന, ശ്രീ. ആന്റണി ഡെന്നിസൺ**

## ആലപ്പുഴ

പ്രസിഡന്റ്
**ശ്രീ. അഷ്റഫ് എം**

സെക്രട്ടറി
**ശ്രീ. വിനോദ് വി**

## കോട്ടയം

പ്രസിഡന്റ് : **ശ്രീ. ഷാജിമോൻ പി. കെ**
വൈസ് പ്രസിഡന്റ് : **ശ്രീമതി ഗീത പി. എസ്**
സെക്രട്ടറി : **ശ്രീ. ആനന്ദ് വി. എം**
ജോയിന്റ് സെക്രട്ടറി : **ശ്രീ. ജോസഫ് മാത്യു**
ട്രഷറർ : **ശ്രീമതി ഷിജിനിമോൾ തമ്പി**

കമ്മിറ്റി അംഗങ്ങൾ :

**ശ്രീമതി ലാലാ എം. ഗോപാലൻ, ശ്രീ. ഉണ്ണികൃഷ്ണൻപോറ്റി പി. എൻ., ശ്രീ. മനോജ് എസ്**

## എറണാകുളം

പ്രസിഡന്റ് : **ശ്രീ. ശ്രീദേവ് എം. എസ്**
വൈസ് പ്രസിഡന്റ് : **ശ്രീ. ഹരി ഇ. ഡി**
സെക്രട്ടറി : **ശ്രീ. അസ്ലാം യൂസഫ്**
ജോയിന്റ് സെക്രട്ടറി : **ശ്രീ. ആന്റോ ജോർജ്**

കമ്മിറ്റി അംഗങ്ങൾ

**ശ്രീ. പീറ്റർഷാജി സി. എ, ശ്രീ. അനിൽ എൻ., ശ്രീമതി മിനിമോൾ ജോർജ്, ശ്രീ. എമേഴ്സൺ സാം, ശ്രീ. രാജേഷ് കെ. എൻ, ശ്രീമതി രമ്യ എം. പി**

## ഇടുക്കി

പ്രസിഡന്റ് : **ശ്രീ. ചാക്കോ എം. സി**
വൈസ് പ്രസിഡന്റ് : **ശ്രീ. യദുകൃഷ്ണൻ എം**
സെക്രട്ടറി : **ശ്രീ. തങ്കച്ചൻ പി. ജി**
ജോയിന്റ് സെക്രട്ടറി : **ശ്രീ. ആസിഫ് മുഹമ്മദ് എ. എൻ**
ട്രഷറർ : **ശ്രീമതി രഞ്ചു എം. മോൾ**

കമ്മിറ്റി അംഗങ്ങൾ

**ശ്രീ. അനീഷ് ഡി, ശ്രീമതി രേഷ്മ ജെ, ശ്രീ. അസീസ് പി. എം, ശ്രീമതി ട്രീസ തോമസ്**

## തൃശൂർ

പ്രസിഡന്റ് : **ശ്രീ. ജിതിൻ ജോസ്**
വൈസ് പ്രസിഡന്റ് : **ശ്രീമതി രേഖ കെ. യു.**
സെക്രട്ടറി : **ശ്രീമതി മിനി എം. ഡി.**
ട്രഷറർ : **ശ്രീമതി ചന്ദ്രിക ബാലചന്ദ്രൻ**

കമ്മിറ്റി അംഗങ്ങൾ

ശ്രീമതി ശ്രീജ കെ. നായർ, ശ്രീമതി സിനിമോൾ പി. സി, ശ്രീമതി ഭാഗ്യലക്ഷ്മി സി

## പാലക്കാട്

പ്രസിഡന്റ്
**ശ്രീ. പ്രതീഷ് എം**

സെക്രട്ടറി
**ശ്രീമതി ഷാജിത പി**

ട്രഷറർ
**ശ്രീ. സുന്ദരേശ്വരൻ**

കമ്മിറ്റി അംഗം
**ശ്രീമതി രജനി ഒ. വി**

## മലപ്പുറം

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. അനിൽബാബു പി.പി.** |
| വൈസ് പ്രസിഡന്റ് | : | **ശ്രീ. സേതുമാധവൻ എൻ, ശ്രീ. അഹമ്മദ് പി. ടി** |
| സെക്രട്ടറി | : | **ശ്രീ. കുഞ്ഞിമുഹമ്മദ് കെ.** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീ. ഷറഫലി കെ, ബുഷ്റ സി. വി** |

കമ്മിറ്റി അംഗങ്ങൾ
**ശ്രീ. മുഹമ്മദ് അജ്മൽ സി,**
**ശ്രീമതി സുമയു വി.പി.,**
**ശ്രീമതി ധന്യ എ.**

## കോഴിക്കോട്

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. ബിജിൻ പി. ജേക്കബ്** |
| വൈസ് പ്രസിഡന്റ് | : | **ശ്രീ. മുഹമ്മദ് അബ്ദുൽ ഷുക്കൂർ** |
| സെക്രട്ടറി | : | **ശ്രീമതി ജിഷ കെ** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീ. വിപിൻരാജ്** |
| ട്രഷറർ | : | **ശ്രീ. ദിനേശ്** |

കമ്മിറ്റി അംഗങ്ങൾ
**ശ്രീ. സൈനുദ്ദീൻ അടിയമ്പത്, ശ്രീമതി ആരിഫത്ത്,**
**ശ്രീ. അജ്മൽ എം. പാറമ്മൽ, ശ്രീമതി രേഖ കെ. കെ**

## വയനാട്

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. ഷിജു പി.എ** |
| വൈസ് പ്രസിഡന്റ് | : | **ശ്രീമതി വിനിത വി. കെ** |
| സെക്രട്ടറി | : | **ശ്രീ. ഉമേഷ് കെ. യു** |
| ട്രഷറർ | : | **ശ്രീമതി സന്ധ്യ എൽ** |

കമ്മിറ്റി അംഗങ്ങൾ
**ശ്രീമതി ഷമീന പി. എച്ച്.,**
**ശ്രീ. നസീർ കെ. റ്റി., ശ്രീ. ജയരാജൻ എം. ആർ.**

## കണ്ണൂർ

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. മധുസൂദനൻ പി** |
| സെക്രട്ടറി | : | **ശ്രീ. മധുസൂദനൻ വി.വി** |
| ട്രഷറർ | : | **ശ്രീ. മുഹമ്മദ് അൻസാരി കെ. വി. ടി.** |

കമ്മിറ്റി അംഗങ്ങൾ
**ശ്രീ. ഷാജൻ എം.ജെ., ശ്രീമതി രാജലക്ഷ്മി കെ.എ.,**
**ശ്രീ. വിപിൻപ്രകാശ്, ശ്രീമതി ഷൈജ പി.**

## കാസർഗോഡ്

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. ഹരി വി. വി** |
| വൈസ് പ്രസിഡന്റ് | : | **ശ്രീമതി ശ്രീലത വി** |
| സെക്രട്ടറി | : | **ശ്രീ. അബ്ദുസലാം വി. വി** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീമതി രമ്യ എം. പി** |
| ട്രഷറർ | : | **ശ്രീ. മജീദ് കെ** |

കമ്മിറ്റി അംഗങ്ങൾ
**ശ്രീ. രമേഷ് കെ. എം, ശ്രീമതി സ്മിത സി,**
**ശ്രീ. അശോകൻ പി, ശ്രീമതി സമീറ കെ. എം**
**ശ്രീമതി മൈമുന**



**എല്ലാ ജീവനക്കാർക്കും**
**പി.എസ്.സി. എംപ്ലോയീസ്**
**അസോസിയേഷന്റെ**
**ഓണാശംസകൾ**

# 2024 ജനുവരി മാസം മുതൽ ആഗസ്റ്റ് മാസം വരെ സർവ്വീസിൽ നിന്ന് വിരമിച്ച സംഘടനാ അംഗങ്ങൾ



**രമേഷ് എം. തമ്പി**
അഡീഷണൽ സെക്രട്ടറി



**അനിത എസ്.**
പരീക്ഷാ കൺട്രോളർ



**അജിതകുമാരി എം.എസ്.**
ജോയിന്റ് സെക്രട്ടറി



**ശിവപ്രസാദ് പി.**
ജില്ലാ ഓഫീസർ, കാസറഗോഡ്



**ശശികുമാർ വി.**
ഡെപ്യൂട്ടി സെക്രട്ടറി



**സാബു കെ.കെ.**
അണ്ടർ സെക്രട്ടറി



**തോമസ് പ്രദീപ് സേവ്യർ**
സെക്ഷൻ ഓഫീസർ



**പ്രമോദ കുമാർ കെ.പി.**
അണ്ടർ സെക്രട്ടറി



**മുരളീധരൻ കെ.**
അണ്ടർ സെക്രട്ടറി



**ജയലക്ഷ്മി ടി.**
എൻക്വയറി ഓഫീസർ



**വനജ പി.**
ഓഫീസ് സൂപ്രണ്ട്



**ഷാഹിദ പി.ഐ.**
ഓഫീസ് സൂപ്രണ്ട്



**നിസാം ഇ.**
അസിസ്റ്റന്റ്



**ദുർഗ്ഗാ ദേവി പി.കെ.**
അസിസ്റ്റന്റ്



**തങ്ക ജ്യോതി എൻ.**
ഡാറ്റ എൻട്രി ഓപ്പറേറ്റർ



**മമ്മദ് നടുവത്ത് കളത്തിൽ**
അറ്റൻഡർ



**അബ്ദുൾ ഹക്കീം എസ്.**
സെക്യൂരിറ്റി ഗാർഡ്

പ്രിയ സഹപ്രവർത്തകർക്ക്
പി.എസ്.സി.ഇ.എ.-യുടെ
യാത്രാമംഗളങ്ങൾ

## സർവ്വീസിൽ നിന്നും വിരമിച്ചവർക്കുള്ള

# യാത്രയയപ്പ് യോഗം 2024















മഹാത്മാഗാന്ധി രക്തസാക്ഷിത്വദിനാചരണത്തിൽ
അഡ്വ. എം. ലിജു മുഖ്യപ്രഭാഷണം നടത്തുന്നു.



ഉമ്മൻചാണ്ടി അനുസ്മരണം
സ. സി.പി. ജോൺ നിർവഹിക്കുന്നു.

# ജില്ലാ കമ്മിറ്റി ഭാരവാഹികൾ 2024-25

## തിരുവനന്തപുരം

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| സുരേഷ് ഭട്ട് ആർ. എസ്. | അജിംഷാ റഷീദ് |

## കൊല്ലം

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| നസറുദ്ദീൻ കുഞ്ഞ്.എം | ഷാജി.എ |

## പത്തനംതിട്ട

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ശ്യാമളാദേവി | ശ്രീജിത്ത് ആർ.വി. |

## ആലപ്പുഴ

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| അഷ്റഫ് എം. | വിനോദ് വി. |

## കോട്ടയം

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ഷാജിമോൻ പി.കെ. | ആനന്ദ്.വി. എം. |

## ഇടുക്കി

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ചാക്കോ എം.സി. | തങ്കച്ചൻ.പി.ജി |

## എറണാകുളം

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ശ്രീദേവ് എം എസ് | അസ്‌ലം യൂസഫ് |

## തൃശ്ശൂർ

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ജിതിൻ ജോസ് | മിനി.എം.ഡി |

## പാലക്കാട്

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| പ്രതീഷ് എം. | ഷാജിദ പി. |

## മലപ്പുറം

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| അനിൽബാബു.പി.പി | കുഞ്ഞിമുഹമ്മദ് |

## കോഴിക്കോട്

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ബിജിൻ പി. ജേക്കബ് | ജിഷ കെ. |

## വയനാട്

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ഷിജു.പി.എ. | ഉമേഷ് കെ.യു. |

## കണ്ണൂർ

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| മധുസൂദനൻ പി. | മധുസൂദനൻ വി. വി. |

## കാസർഗോഡ്

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
|  |  |
| ഹരി വി.വി. | അബ്ദുസ്സലാം വി.വി. |